KOTTAYAM PUBLIC LIBRARY

Call No. MF9 Acc. No. 13682

Author ത്രിവിക്രമൻ

Title സ്നേഹോപഹാരം

21

# സ്നേഹോപഹാരം.

13632

ഗ്രന്ഥകർത്താ:

ത്രിവിക്രമൻ.

പ്രസാധകന്മാർ:

പി. കെ. ബ്രദേഴ്സ്,

കോഴിക്കോട്.

NATIONAL BOOK STALL
SPCS LTD.
KOTTAYAM

1956] [വില 14 ണ.

First Edition 1956.
Copies 1000
Copyright to Publishers.

അച്ചടി:
പ്രകാശകൌമുദി അച്ചുക്കൂടം,
കോഴിക്കോട്ട്.

# സ്നേഹോപഹാരം.

## സമാഗമം

സമയം സായാഹ്നം. സ്വനഗ്രാഹിയിൽനിന്നും പുറപ്പെട്ട ശോകഗാനം ലതയുടെ ഹൃദയത്തെ കൂടുതൽ അസ്വസ്ഥമാക്കി. ആ ഗാനത്തോടൊപ്പം ചേൎന്നു പാടുവാൻ അവളും ഒരു വൃഥാശ്രമം നടത്തി. പക്ഷെ, പരാജയപ്പെട്ടു. തൻെറ മോഹനഗാനങ്ങളാൽ ആയിരമായിരം ശ്രോതാക്കൾക്കു് രോമാഞ്ചകഞ്ചുകം സമ്മാനിച്ചുപോന്ന ആ വിശ്രുതഗായിക ഒരു പാട്ടുപാടുവാൻ വിഷമിച്ചു. ആ കൊടുംനിരാശയിൽ അവളാഗ്രഹിച്ചു, തൻെറ കണ്ഠത്തിൽനിന്നും ഇനി ശബ്ദം പുറപ്പെടാതിരുന്നെങ്കിൽ, തൻെറ മുരളി തകൎന്നിരുന്നെങ്കിൽ ..........

തോട്ടത്തിലെ കല്പടവിൽ, താടിക്ക് കയ്യും കൊടുത്തു്, ചിന്താധീനയായി അങ്ങിനെ ഇരിക്കുകയാണ് ലത. ഒന്നിനു പുറകെ ഒന്നായി ഭൂതകാലസംഭവങ്ങൾ അവളുടെ മനോമണ്ഡലത്തിൽ പ്രത്യക്ഷപ്പെട്ടു.

കമിതാവായ ദിനകരൻ പോയ്മറഞ്ഞതോടെ ദിനാന്തസന്ധ്യ, വൎണ്ണച്ഛായങ്ങളുമെടുത്തു് ചിത്രമെഴുതിനിരുന്നു. അവളുടേയും ഹൃദയം സ്വസ്ഥമല്ല എത്രതന്നെ ശ്രമിച്ചിട്ടും വിജയിക്കാനുള്ള ഭാവമേയില്ല. ആ വൎണ്ണച്ഛായങ്ങളൊക്കെ പരിശുദ്ധവും മനോഹരവുമായ ആ 'നീലക്ക

ടലേക്സ്സി'നെ വികൃതമാക്കുവാൻ മാത്രം ഉപകരിച്ചു. പ്രകൃതിയുടെ പരാജയത്തിൽ ലത ആനന്ദിച്ചു. എന്തെന്നാൽ പരാജയങ്ങളുടെ ഒരു സമാഹാരമാണ് അവളുടെ ജീവിതം. അകലെയുള്ള ക്രൂസ്തീയദേവാലയത്തിൽനിന്നും തുടരെത്തുടരെ മണിയടിച്ചുകൊണ്ടിരുന്നു. വാനിൻെറ നിശ്ശബ്ദതയെ ഭേദിച്ചുകൊണ്ടു് ആ ശബ്ദം വളരെ ഉയരത്തിൽ മാറെറാലിക്കൊണ്ടു. ആറുമണി സമയത്തെ കുറിക്കുന്നതാണ് ആ മണിയടി. രാത്രി വണ്ടി വന്നെത്താൻ ഇനിയും മൂന്നരമണിക്കൂർ സമയംകൂടി കഴിയണം.

പശ്ചിമാംബരത്തിൽ പ്രകൃതി കാട്ടിക്കൂട്ടുന്ന വികൃതികളെ അനുയാനം ചെയ്തുകൊണ്ടുതന്നെയിരിക്കുകയാണ് ലതയുടെ ദൃഷ്ടികൾ. പടിഞ്ഞാറെ ചക്രവാളത്തിൻെറ ദക്ഷിണപാൎശ്വത്തിൽനിന്നു മഞ്ഞനിറത്തിൽ, മഞ്ജുളമായ മേഘശകലം ഒന്നുയൎന്നുവരികയാണ്. അതിനെ ലക്ഷ്യമാക്കി വടക്കുനിന്നും ഒരു വലിയ 'കരിമേഘം' നീങ്ങുന്നുണ്ടു്. കുറച്ചു നിമിഷങ്ങൾക്കുള്ളിൽ ആ കരിമേഘം മററതിനെ ഗ്രസിച്ചേക്കാം, അല്ലെങ്കിൽ രണ്ടിൻേറയും സമ്മേളനത്തിൽ ഒരു പുതിയ രൂപം ആവിൎഭവിച്ചേക്കാം. ഇതെല്ലാം നോക്കിക്കൊണ്ടു് ദൂരെയായ് നില്ക്കുന്നുണ്ടു് കലാനാഥനായ "രവി." പ്രകൃതി ചിത്രകലയെ അവഹേളിക്കുകയാണെന്നതിനാലായിരിക്കാം, അദ്ദേഹത്തിൻെറ മുഖത്തു് ഉന്മേഷത്തിൻെറ കണികപോലും കാണപ്പെടാത്തതു്.

ബോംബെപോലുള്ളൊരു പട്ടണത്തിൽ സന്ധ്യയുടെ സൌന്ദൎയ്യം അത്ര ആകൎഷകമായി തോന്നുകയില്ലായിരിക്കാം. ലത അവളുടെ കഴിഞ്ഞ കാലത്തെപ്പററി ഓൎത്തു.

താൻ ജനിച്ചുവളൎന്ന ഗ്രാമത്തിലെ തികച്ചും ഗ്രാമീണമായ പശ്ചാത്തലത്തിൽ, തനിക്കനുഭവപ്പെട്ട ഓരോ സന്ധ്യയെപ്പററിയും അവളോൎത്തു. അന്നൊക്കെ പ്രകൃതിസൌന്ദൎയ്യം അവൾക്ക് അലൌകികമായ ആനന്ദാനുഭൂതി നല്കി. അന്നൊക്കെ അവളാഗ്രഹിച്ചു, ഒരു കവയിത്രി ആയിത്തീരുവാൻ. പക്ഷെ വിധി അവളെ മറെറാരുവഴിക്കു തിരിച്ചുവിട്ടു.

ലതയുടെ പിതാവായ പ്രകാശ്, പ്രഗത്ഭനായ ഒരഭിഭാഷകനായിരുന്നു. ലതയ്ക്കു് നാലുവയസ്സുമാത്രം പ്രായമായിരുന്നപ്പോൾ ഇഹലോകം വെടിഞ്ഞ അവളുടെ അമ്മയെപ്പററി അവൾക്ക് അധികമൊന്നും അറിഞ്ഞുകൂടാ.

വീട്ടിന്നടുത്തുതന്നെയുള്ള ഹൈസ്കൂളിൽവെച്ചാണ് ലതയുടെ വിദ്യാഭ്യാസം തുടങ്ങിയതും അവസാനിപ്പിച്ചതും. ഒരു വിദ്യാൎത്ഥിനിയായിരുന്ന കാലത്തു് അവൾ കഥകളും കവിതകളും എഴുതാറുണ്ടായിരുന്നു. അവയിൽ പലതും പത്രങ്ങളിൽ പ്രസിദ്ധീകരിക്കപ്പെട്ടുകയും ചെയ്തു. എന്നാൽ അവ മിക്കവാറും പരാജയങ്ങളായിരുന്നു. അതു മനസ്സിലാക്കീട്ടുതന്നെയായിരിക്കാം, അവളുടെ അച്ഛൻ അവളെ സംഗീതം പഠിപ്പിക്കാൻ ഏൎപ്പാടു ചെയ്തതു്.

സംഗീതാഭ്യസനത്തിൽ ലത, പ്രതീക്ഷിച്ചതിലധികം പുരോഗമിച്ചുകൊണ്ടിരുന്നു.

ലതയുടെ അച്ഛൻ ഹൈക്കോടതിയിൽ പരിശീലനം തുടങ്ങിയതോടെ ലതയും ബോംബെയിലേക്കു താമസം മാററി. പട്ടണത്തെപ്പററി അവൾക്ക് പല മധുരപ്രതീ

ക്ഷകളും ഉണ്ടായിരുന്നു. എന്നാൽ, ഗ്രാമത്തെ ഉപേക്ഷിച്ച്, പട്ടണത്തിലേക്ക വന്നതു് തികച്ചും അവിവേകമായിപ്പോയെന്ന് അവൾക്ക തോന്നുവാൻ അധികം താമസിക്കേണ്ടിവന്നില്ല.

പാട്ടുകൾ പ്രക്ഷേപണം ചെയ്യുകയെന്നതു് ലതയുടെ വിനോദങ്ങളിൽ ഒന്നു മാത്രമായിരുന്നു. എന്നാൽ ആ ശബ്ദതരംഗങ്ങൾ എത്രയോ ശ്രോതാക്കളെ ആനന്ദനിർവൃതിയിൽ ആറാടിക്കുന്നുണ്ടെന്നോ, അവളറിയാതെതന്നെ അവൾ പ്രശസ്തിയുടെ ഉത്തുംഗശൃംഗത്തിലേക്ക് മന്ദഗമനം ചെയ്യുന്നുണ്ടെന്നോ ലത മനസ്സിലാക്കിയില്ല.

ഒരു പ്രശസ്തനായ വക്കീലിൻെറ മകൾ; ഏതൊരു യുവഹൃദയത്തേയും ചഞ്ചലിപ്പിക്കത്തക്ക വിധത്തിൽ സൌന്ദര്യം ഓളംവെട്ടുന്ന അവയവഘടന; സംഗീതത്തിൽ അസൂയാർഹമാംവിധം പ്രാവീണ്യം നേടിയവൾ—സിനിമക്കാരുടെ കണ്ണിൽ പെടുവാൻ ഇതിലധികമൊന്നും ആവശ്യമില്ല. ചില ഡയരക്ടർമാർ അഭ്യർത്ഥനകളുമായി ലതയെ സമീപിച്ചു. അവളുടെ അച്ഛൻെറ പൂർണ്ണസമ്മതമുണ്ടായിരുന്നിട്ടും ലത സിനിമയിൽ ചേരാനിഷ്ടപ്പെട്ടില്ല. എന്നാൽ പാടാനറിയാത്ത നടികൾക്കവേണ്ടി കുറച്ചു പാട്ടുകൾ പാടിക്കൊടുക്കാമെന്നവൾ സമ്മതിച്ചു.

ലതയുടെ റിക്കാർഡുകൾക്ക് പ്രതീക്ഷിച്ചിരുന്നതിലും എത്രയോ ഇരട്ടി പ്രചാരം സിദ്ധിച്ചു. അവളുടെ പാട്ടുകൾ സിനിമാക്കമ്പനിക്കാൎക്കും റിക്കാഡ്കമ്പനിക്കാൎക്കും മുതലെടുപ്പിന്നുള്ള ഒരുപാധിയായിത്തീൎന്നുവെന്നതിന്നു പുറമെ, ലതയ്ക്കു് അസൂയാർഹമായ പ്രശസ്തി സമ്പാദിച്ചുകൊടുക്ക

കയും ചെയ്തു. എങ്കിലും എന്തോ ഒന്നിൻെറ അഭാവം അവളെ വ്യാകുലപ്പെടുത്തി. ജീവിതത്തിൻെറ ജൈത്ര യാത്രയിൽ തന്നെ സഹായിപ്പാനും പ്രോത്സാഹിപ്പിക്കാനും ഒരുത്തമസുഹൃത്തുണ്ടായിരിക്കുക; സ്നേഹിക്കാനും സ്നേഹിക്കപ്പെടാനുമായി ഒരു ഹൃദയമുണ്ടായിരിക്കുക — അതിന്നു വേണ്ടി അവൾ അതിരററ് അഭിലഷിച്ചു.

ദിവസങ്ങൾ ആഴ്ചകളായും ആഴ്ചകൾ മാസങ്ങളായും, അങ്ങിനെ കാലം അതിൻെറ ജൈത്രയാത്ര തുടൎന്നു കൊണ്ടിരുന്നു.

ആ പ്രത്യേകദിവസത്തെക്കുറിച്ചു ലത ഓൎത്തു. വിശേഷാൽമകവിതയെപ്പററിയുള്ള പൂൎണ്ണവിവരങ്ങൾ അന്നത്തെ പത്രങ്ങളിൽ പ്രസിദ്ധീകരിക്കപ്പെടും. ലത ആഗ്രഹിച്ചു — തൻെറ കവിതക്കായിരിക്കട്ടെ സമ്മാനം കിട്ടുന്നതു് എന്നു്. ലത അയച്ച കവിത അത്ര നല്ലതൊന്നുമല്ലെന്നവൾക്കറിയാം. എന്നാലും അങ്ങിനെ ആഗ്രഹിക്കുക സ്വാഭാവികമാണല്ലോ ........

ഹൃദയത്തുടിപ്പോടെയാണു് ലത അന്നത്തെ പത്രങ്ങൾ നിവൎത്തിയതു്. '........'ടൈംസ് പത്രത്തിൻെറ മുൻകവറിൽ പ്രസിദ്ധപ്പെടുത്തിയ, ലതയ്ക്കു് തികച്ചും അപരിചിതനായ ആ യുവാവിൻെറ ഫോട്ടോ, അവളെ വല്ലാതെ ആകൎഷിച്ചു. ഒരമാനുഷമായ തേജസ്സ് പ്രഭ ഓളംവെട്ടുന്ന ആ കണ്ണുകളിൽത്തന്നെ നോക്കി അവളങ്ങിനെ ഇരുന്നു പോയി. വിശേഷാൽമകവിതയുടെ കൎത്താവായ രവിയുടെ ഫോട്ടോവാണതെന്നു് മനസ്സിലാക്കുവാൻ അവൾക്കു് അധികം സമയം വേണ്ടിവന്നില്ല. സൌന്ദൎയ്യത്തിൽ ആ

കവിതയെപ്പോലെതന്നെ അദ്ദേഹവും ഒരു ഉന്നതസ്ഥാനം അഹിക്കുന്നുവെന്നു് അവൾ തീരുമാനിച്ചു.

അവളാഗ്രഹിച്ചു,—ആ കലാകാരനെ തനിക്കു സ്വന്തമായി ലഭിക്കാൻ കഴിയുമെങ്കിൽ! അടുത്ത നിമിഷത്തിൽതന്നെ അതു് തൻെറ വ്യാമോഹം മാത്രമാണെന്നു ലതയ്ക്കു് തോന്നി. മനുഷ്യശക്തിക്കതീതമായ ചന്ദ്രമണ്ഡലത്തിൽ സ്വച്ഛന്ദവിഹാരം ചെയ്യുന്ന ഒരു സുവർണ്ണതാരത്തെ, അലഭ്യമെന്നറിഞ്ഞുകൊണ്ടുതന്നെ, കൈയിൽ കിട്ടുവാൻ ആഗ്രഹിക്കുക സാധാരണമാണല്ലോ.

ലതയുടെ യുക്തിവാദം മറെറാരു വഴിയ്ക്കു് തിരിഞ്ഞു. ഒരു കലാരാധികയായ തൻെറ നേരെ ആ കലാകാരൻ വൈമുഖ്യം പ്രദശിപ്പിക്കുകയില്ലെന്നു വന്നുകൂടെ? അങ്ങിനെ രവിയെ സംബന്ധിച്ച വിവിധ ചിന്തകൾക്കടിപെട്ടു അവൾ ദിവസങ്ങൾ പിന്നിട്ടു.

ഒരു സിനിമാക്കമ്പനിക്കാക്കു്, അവർ വളരെ മൂലധനമിറക്കി നിമ്മിക്കാൻപോകുന്ന അവരുടെ ചിത്രത്തിലേക്കു്വേണ്ടി കുറെ പാട്ടുകൾ പാടിക്കൊടുക്കാമെന്നു ലത സമ്മതിച്ചു. അവളെ അതിന്നു പ്രധാനമായും പ്രേരിപ്പിച്ചതു് ഗാനരചയിതാവായ രവിയെ സ്റ്റുഡിയോവിൽ വെച്ചു കാണുവാൻ സാധിക്കുമെന്ന നേരിയ ആശയായിരുന്നു. പക്ഷെ പാട്ടുകൾ എഴുതിക്കൊടുക്കുകയെന്നതിൽ കവിഞ്ഞ്, രവിക്കു് ഒന്നുംതന്നെ ചെയ്യേണ്ടതായിട്ടുണ്ടായിരുന്നില്ല.

ലതയെ തഴുകിക്കൊണ്ടു് ഒരു തണുത്ത കാററു് കടന്നുപോയി. എന്നാൽ, ചിന്താവൃക്ഷത്തെ ചുററിപ്പററി നിൽ

ക്കുന്ന ആ ലതാനികുഞ്ജത്തിൽ ഒരു ചെറുചലനമെങ്കിലും ഉണ്ടാക്കുവാൻ ആ കാററിന്നു കഴിഞ്ഞില്ല. ഭൃത്യ വന്നു ഊണു കാലമായെന്നറിയിച്ചു. ലത അവളെ മടക്കി അയച്ചു. അവർക്കിനിയും കാത്തിരിക്കണം; രാത്രി വണ്ടിക്കദ്ദേഹം വരികയാണു്. വണ്ടി വരാൻ ഇനിയു മുണ്ടു് രണ്ടു മണിക്കൂർ സമയം. ലത വീണ്ടും ഭൂതകാല സംഭവങ്ങളെ അയവിറക്കുവാൻ തുടങ്ങി.

ഏതാണ്ടു് നാലുകൊല്ലങ്ങൾക്കു മുമ്പാണതു്. ഉഗ്രമായ വസൂരിരോഗം അവളിൽനിന്നും അവളുടെ അച്ഛനെ തട്ടിയെടുത്തു. ആ രോഗം ലതയുടെ കോമളാംഗങ്ങളിലും ചില കറുപ്പുപുള്ളികൾ വരച്ചു. അവളുടെ അച്ഛൻ വളരെയൊക്കെ സമ്പാദിച്ചിട്ടുണ്ടു്. അവർക്കും അവളുടെ ഗാനങ്ങളിൽനിന്നു ഒരു നല്ല തുക കിട്ടിക്കൊണ്ടിരിക്കുന്നുമുണ്ടു്. പണസംബന്ധമായോ മറേറാ ഉള്ള യാതൊരു ബുദ്ധിമുട്ടും അവർക്കുണ്ടായിരുന്നില്ല. പക്ഷെ, ആ ഏകാന്തത—അതൊന്നാണു് ലതയെ അലട്ടിക്കൊണ്ടിരുന്നതു്. പൊടുന്നനെ ഒരു വിഷാദാത്മകത അവളിൽ നടമാടിത്തുടങ്ങി. ഈ പരിതസ്ഥിതിയിലും അവളെ വിട്ടുമാറാതെ ഒരാശ, ഒരു പ്രതീക്ഷ, അവളുടെ ഹൃദയത്തിൽ നിലകൊള്ളുന്നു. അന്ധകാരം നിറഞ്ഞ അവളുടെ മനോമണ്ഡലത്തിൽ നിലാവെളിച്ചം പരത്തുവാൻ കഴിവുള്ള ഒരു വ്യക്തിയുണ്ടു്. അവളുടെ ആശയും ആവേശവും എല്ലാം കേന്ദ്രീകരിക്കപ്പെട്ടു; ആ കലാകാരനിൽ—രവിയിൽ.

ഒരു ദിവസം ലത് തൻെറ സ്ഥിതിയെ വിവരിച്ചുകൊണ്ടു്, എന്നാൽ രവിയിൽ തോന്നിയ അഭിനിവേശ

ത്തെ മറച്ചുകൊണ്ട്, രവിയ്ക്കെഴുതി. ശരിയായ മേൽവിലാസമറിഞ്ഞുകൂടാത്തതിനാൽ ഒരു പത്രത്തിൻെറ 'കെയറോഫി'ലാണെഴുതിയതു്. കുറെ ദിവസങ്ങൾ കഴിഞ്ഞിട്ടും മറുപടി കിട്ടാതിരുന്നതിനാൽ കത്തു് രവിയുടെ കയ്യിൽ എത്തിച്ചേൎന്നിരിക്കയില്ലെന്നുതന്നെ ലത വിശ്വസിച്ചു.

അവിചാരിതമായാണ് ഒരു ദിവസം രവിയുടെ കത്തു് ലതയുടെ കൈയിൽ വന്നുചേൎന്നതു്. ആ ദിവസത്തെ മറക്കുക അവൾക്കു സാദ്ധ്യമല്ല. രവിയിൽനിന്നും ആദ്യമായി കിട്ടിയ ആ എഴുത്തിലെ ഓരോ അക്ഷരവും ഈ നിമിഷങ്ങളിൽ കൂടിയും അവളുടെ ഹൃദയാന്തൎഭാഗത്തു് മാറെറാലിക്കൊള്ളുന്നുണ്ട്. "ലതേ, ജീവിതംതന്നെ ഒരു മഹാകാവ്യമാണ്. നവരസങ്ങളുടേയും പ്രതിഫലനം അതിൽ കണ്ടെത്തിയേക്കാം. പക്ഷെ കേവലം വിഷാദാത്മകത്വത്തിന്നടിമയായി കൎമ്മത്തിൽനിന്നും വ്യതിചലിക്കാതിരിക്കൂ. സംസ്കാരസമ്പന്നരോട് അങ്ങിനെ ഉപദേശിക്കേണ്ടതില്ലല്ലോ........പിന്നെ ഇതിനിടെ ബോംബെ റേഡിയോസ്റ്റേഷനിൽനിന്നും ലത പാടിയ പാട്ടുകൾ കേട്ടു. ഭവതിയുടെ ഓരോ പാട്ടും കേൾക്കുമ്പോൾ ഞാനാഗ്രഹിച്ചുപോകാറുണ്ട് "ഒരു ഗായകനാകാൻ കഴിഞ്ഞെങ്കിൽ" എന്ന്. പക്ഷെ ഈ ജന്മത്തിൽ അതു സാദ്ധ്യമല്ല. എഴുത്തു് നിൎത്തട്ടെ. എന്നെ ഒരു സ്നേഹിതനെപ്പോലെ കരുതി ഇടയ്ക്കിടെ എഴുതുമല്ലോ.

"സ്വന്തം രവി"

യഥാൎത്ഥമായും അനൎഘങ്ങളെന്ന് ലത വിശ്വസിച്ചു പോന്നിരുന്ന ചുരുക്കം ചില സാധനങ്ങളിൽ ഏററവും പ്രധാനമായതാണ് രവി ആദ്യമായി അയച്ച ആ കത്ത്. ആ കത്ത് ഇന്നും ലതയുടെ മേശയിൽ സുരക്ഷിതമായി അണ്ണോയിരിക്കുന്നു.

പിന്നീടൊരവസരത്തിൽ സ്നേഹത്തേയും സൌന്ദൎയ്യത്തേയും പററി വിശദമായെഴുതുവാൻവേണ്ടി അവൾ രവിക്കെഴുതി. രണ്ടുമാസങ്ങൾക്ക് ശേഷമാണ് ആ കത്തിന്ന് മറുപടി കിട്ടിയത്. രവി എഴുതി: "പ്രിയപ്പെട്ട ലതേ, ഒരു സൌന്ദൎയ്യാരാധകനാണ് ഞാൻ. എന്നാൽ മനുഷ്യന്ന് ബാഹ്യമായുണ്ടെന്നു പറയപ്പെടുന്ന സൌന്ദൎയ്യത്തെ ഞാൻ വെറുക്കുന്നു. കേവലം ബാഹ്യമായതിൽ ഭ്രമിച്ച് ബന്ധിതരാകുന്ന യുവമിഥുനങ്ങളുടെ ജീവിതം മിക്കപ്പോഴും ദുരന്തമായിട്ടാണ് കലാശിക്കാറ്. ഏതിനും ആന്തരമായ ചില ശക്തികളുണ്ട്. ആന്തരമായ, മാംസചക്ഷുസ്സുകൾക്കു കാണാൻ കഴിയാത്ത, ആ സൌന്ദൎയ്യത്തെയാണ് ഞാൻ ആരാധിക്കുന്നത്.

•

പ്രകൃതിസൌന്ദൎയ്യത്തെ ആവോളം ആസ്വദിക്കുവാൻ വേണ്ടിയാണ് ഞാൻ ഈ കാശ്മീരിലെത്തിയിട്ടുള്ളത്. മനുഷ്യന്ന് സ്വാഭാവികമായി ചില ദൌൎബ്ബല്യങ്ങളുണ്ട്. അതിലൊന്നായിരിക്കാം, എനിക്ക് ദേശസഞ്ചാരത്തിലുള്ള ഈ പ്രതിപത്തി. എൻെറ അഭിപ്രായങ്ങളിൽ പലതിനോടും പലൎക്കും വിയോജിക്കേണ്ടിവന്നേക്കാം. എന്നാൽ ഇങ്ങിനെയൊക്കെ പറയുവാൻ എന്നെ അനുവദിക്കുക.

വൈവിദ്ധ്യങ്ങളുടെ പ്രതിരൂപമാണ് ഈ ലോകംതന്നെ. അവസാനമായി ഒരു പരമാൎത്ഥംകൂടി പറഞ്ഞുകൊള്ളട്ടെ: യഥാൎത്ഥവും പാവനവുമായ സ്നേഹത്തിന്നുവേണ്ടി ദാഹിച്ചുകൊണ്ടിരിക്കയാണ് പാവപ്പെട്ട ഈ കലാകാരന്റെ ഹൃദയവും. കൂടുതൽ മറെറാരവസരത്തിൽ..........ഭവതിയുടെ സ്വന്തം രവി."

മൂന്നു കൊല്ലങ്ങൾക്ക് മുമ്പാണതു്. ദിവസങ്ങളും ആഴ്ചകളും മാസങ്ങളും പിന്നേയും പലതു് കടന്നുപോയി ലതയും രവിയും തമ്മിലുള്ള കത്തിടപാടുകൾ തുടൎന്നുകൊണ്ടിരുന്നു. അവരുടെ ഹൃദയത്തെ കൂടുതൽ കൂടുതൽ അടുപ്പിച്ചവയായിരുന്നു, പിന്നീടുള്ള ഓരോ എഴുത്തും. അധികകാലം കഴിയേണ്ടിവന്നില്ല, അനുരാഗം അവരുടെ ഹൃദയങ്ങളെ കൂട്ടിക്കെട്ടി. അവർ ഇന്നുവരെയ്ക്കും അന്യോന്യം കണ്ടിട്ടില്ലെന്നുള്ളതു് പരമാൎത്ഥം മാത്രമാണ്. എന്നാൽ രവി പറഞ്ഞതുപോലെ, രണ്ടുപേരിലും ഉണ്ടായിരുന്ന ആന്തരമായ സൌന്ദൎയ്യമായിരിക്കാം ആ രണ്ടു് കലാരാധകരേയും അടുപ്പിച്ചതു്.

രാത്രിയുടെ നിശ്ശബ്ദതയെ ഭേദിച്ചുകൊണ്ടു് വണ്ടിയുടെ ചൂളംവിളി ലതയുടെ കാതുകളിൽ വന്നലച്ചു. നിശയുടെ ഹൃൽസ്പന്ദനമെന്നോണം വണ്ടിയുടെ 'ഝക് ഝക്' ശബ്ദം വ്യക്തമായി കേട്ടുതുടങ്ങി. ലത മനോരാജ്യത്തിൽ നിന്നും ഉണൎന്നു. അതെ, ആ വണ്ടിക്കുതന്നെയാണ് അദ്ദേഹം വരാമെന്നെഴുതിയിട്ടുള്ളതു്.

സംശയം തീൎക്കുവാനായി രവി അവസാനമായി അയച്ച കത്തെടുത്തു വായിച്ചു: "ലതേ, വരുന്ന ശനിയാഴ്ച

രാത്രി ഒമ്പതര വണ്ടിക്ക് ഞാൻ ഭവതിയുടെ വീട്ടിലെത്തും. ഞാനെന്തിനാണ് വരുന്നതെന്ന്, ഒരുപക്ഷെ ഭവതിയേക്കാൾ വ്യക്തമായി എനിക്കറിഞ്ഞുകൂടാ. പ്രശാന്തമായിരുന്ന എൻെറ ഹൃദയത്തിൽ ലതയാണ് അഭിലാഷങ്ങളുടെ വിത്തു പാകിയതു്. എൻെറ ഹൃദയം ഇന്ന്, ആ എന്തോ ഒന്നിനുവേണ്ടി അലഞ്ഞുകൊണ്ടിരിക്കയാണ്.

വിഹായസ്സിൻെറ വിജനതയിൽ ഒരു പന്തിനെപോലെ സ്വച്ഛന്ദം പാറിപ്പറക്കുവാനാണ് ഞാനാഗ്രഹിച്ചിരുന്നതു്. എന്നാൽ ഞാൻ ആശ്ചര്യപരമായ ഒരു പരിവർത്തനത്തിന്നു വിധേയനായിക്കഴിഞ്ഞിരിക്കുന്നു.

ജീവിതത്തിൽ, സ്നേഹിക്കുവാനും സ്നേഹിക്കപ്പെടുവാനുമായി, സുഖദുഃഖങ്ങൾക്കു പങ്കാളിയായി ഒരു കൂട്ടുകാരി ഉണ്ടായിരിക്കണമെന്ന് ഞാൻ ബലമായി വിശ്വസിക്കുന്നു. ആ ഒരു വ്യക്തിക്കുവേണ്ടിയാണ് ഇന്നും എൻെറ ഹൃദയം സ്പന്ദിച്ചുകൊണ്ടിരിക്കുന്നതു്.

ഭവതി എന്നെ ഹാർദ്ദമായി സ്വീകരിക്കുമെന്നെനിക്കറിയാം. നമ്മുടെ ശോഭനമായ ഭാവിക്കുവേണ്ടി പ്രാർത്ഥിച്ചുകൊണ്ടു് ഭവതിയുടെ സ്വന്തം രവി."

നാലു കൊല്ലം മുമ്പുമുതൽ താൻ ഏതൊരു അനർഘനിധിയെ സ്വപ്നംകണ്ടു പോന്നിരുന്നുവോ അതു്; ഇതാ അടുത്ത നിമിഷത്തിൽതന്നെ തൻെറ സ്വന്തമാകാൻ പോവുകയാണെന്ന വാസ്തവം അവളിൽ കോരിത്തരിപ്പുളവാക്കി. രവിയുടെ കാമിനിയാവുക! അതിലും വലിയ ഭാഗ്യമെന്താണുള്ളതു്! ഒരു മനുഷ്യന്ന് ആശിക്കാവുന്നതിൻെറ അങ്ങേ അററമാണതു് ഒരു കാലത്തു രവിയെ സ്വപ്നം കാണുവാനാഗ്രഹിക്കുന്നതുകൂടെ വ്യാമോഹമാ

ണെന്നു വിചാരിച്ചിരുന്നവളാണ് ലത. ഇന്നിതാ ആ കലാകാരന്റെ ഉപഹാരമെന്ന നിലയിൽ അദ്ദേഹത്തിന്റെ ഹൃദയം അവൾക്കു സ്വന്തമായി ലഭിക്കാൻ പോകുന്നു.

*   *   *   *

നിലാവൊളിൽ കുളിച്ച പൂന്തോട്ടത്തിൽ, ഒരു ഗന്ധർവ്വകന്യകയെപ്പോലെ ലത അവിടവിടെയായി വെളുത്തുതുടങ്ങിയ തലനാരിഴകൾക്കോ, ആ കറുത്ത വസൂരിക്കലകൾക്കോ, അവളുടെ സൌന്ദര്യത്തെ പാടെ അലങ്കോലപ്പെടുത്തുവാൻ സാധിച്ചിട്ടില്ല.

'സൗന്ദര്യ'ത്തെപ്പററി ലത ഓർത്തുപോയി. മനോഹരമായ സന്ധ്യ കുറച്ചുനേരത്തേക്കു മാത്രമാണ്. ഒരു കൊള്ളിമീൻ കുറച്ചുനേരവുംകൂടി നീണ്ടുനില്ക്കണമെന്നു നാം ആഗ്രഹിക്കുന്നു. പക്ഷെ ഫലം നിരാശമാത്രം. അവളുടെ തോട്ടത്തിന്റെ സൌന്ദര്യംതന്നെ ചന്ദ്രന്റെ അസ്തമനത്തോടെ അപ്രത്യക്ഷമായേക്കും. ഒരു പക്ഷെ കാലം രവിയുടെ സൌന്ദര്യത്തെ.........ലതയുടെ വീടിനെ ലക്ഷ്യലാക്കി നീങ്ങിക്കൊണ്ടിരിക്കുന്ന ആ രൂപം അവളുടെ ചിന്താപ്രവാഹത്തെ പിടിച്ചുനിർത്തി. ആ നിഴൽ ലതയുടെ സമീപത്തെത്തി. അവൾ സൂക്ഷിച്ചുനോക്കി. അമ്പതിലധികം വയസ്സു മതിക്കുന്ന, മെലിഞ്ഞ ഒരു യുവാവ്. അദ്ദേഹത്തിന്റെ നെററിയുടെ വിശാലതയെ വർദ്ധിപ്പിക്കാൻ സഹായിക്കുകയാണെന്ന നിലയിൽ കഷണ്ടി കയറിത്തുടങ്ങിയിരുന്നു. മുഖം വിളർത്തിരുന്നു. ആ മങ്ങിയ നിലാവിൽ ലത ഒന്നുകൂടി സൂക്ഷിച്ചുനോക്കി. ആ പ്രകാശമാനങ്ങളായ കണ്ണുകളിൽ അവൾ അവളുടെ രവിയെ കണ്ടെത്തി.

# 'ബൈറന്റെ പിൻഗാമി'

"നിസർഗ്ഗസിദ്ധമായ കവിതാവാസന ആ ഭാവനാസമ്പന്നനെ ഒരു വിശ്വമഹാകവിയാക്കിത്തീർത്തു. അതെ, ആംഗലജനതയുടെ ആശയും ആവേശവുമായിരുന്ന യുവകോമളനായിരുന്ന ആ മഹാകവി—ലോർഡ് ബൈറൻ." ബി. എ. യ്ക്കു് ഇംഗ്ലീഷെടുത്തുകൊണ്ടിരുന്ന പ്രൊഫസർ രാമകൃഷ്ണൻ തുടർന്നു, "അദ്ദേഹത്തിന്റെ പാവനനാമത്തിൽ കരിതേക്കുവാൻ മിനക്കെടുന്ന വിമർശകന്മാർ സഹതാപം അർഹിക്കുന്നു."

ഒരു ചോദ്യം ചോദിയ്ക്കുവാനായി ഞാൻ എഴുന്നേററു. "പല ചീത്ത........" പെട്ടെന്നുണ്ടായ ശബ്ദകോലാഹലത്തിൽ എന്റെ ചോദ്യം ലയിച്ചുപോയി. പ്രൊഫസറുടെ ഗംഭീരശാസനയെ തുടർന്നു ഹാൾ നിശ്ശബ്ദമായി. ഞാൻ എന്റെ ചോദ്യം എടുത്തിട്ടു: "പല ദുർവൃത്തികൾക്കും വശംവദനായ ബൈറന്റെ നാമധേയം പാവനമെന്നു് എങ്ങിനെ സമ്മതിയ്ക്കും? അദ്ദേഹം വായിയ്ക്കാൻ കൊള്ളാവുന്ന പല കവിതകളും എഴുതിയിട്ടുണ്ടെങ്കിലും അത്രയേറെ പ്രശംസനീയനാണെന്നെനിക്കു തോന്നുന്നില്ല."

"കലാകാരന്റെ സ്വകാര്യജീവിതം ഒരു ചോദ്യവിഷയമല്ല. ഔചിത്യദീക്ഷയോടെ എത്രയോ സുന്ദരകവനങ്ങൾ രചിച്ച ആ മഹാകവി ഏതുവിധത്തിലും പ്രശംസനീയൻതന്നെയാണു്." പ്രൊഫസർ പറഞ്ഞു.

ഞാൻ ഒരു ചോദ്യവുംകൂടെ ചോദിച്ചു: "കിടക്കുക" എന്നർത്ഥം വരേണ്ട ഇടത്തു് 'മുട്ടയിടുക' എന്നർത്ഥം വര

ത്തക്കവിധം 'ലേ' (Lay) എന്ന വാക്ക് പ്രയോഗിച്ച ബൈറൻെറ ഔചിത്യദീക്ഷയെക്കുറിച്ചു പ്രൊഫസർ ഒന്നു പുനരാലോചിക്കുമോ?"

"ബൈറൻ ഒരവസരത്തിൽ പറഞ്ഞ അതേ മറുപടി തന്നെയാണ് എനിയ്ക്കും രവിയോടും പറയുവാനുള്ളതു്. കലാകാരന്നു ചില സ്വാതന്ത്ര്യങ്ങളൊക്കെയുണ്ട്. ആ സ്വാതന്ത്ര്യമുപയോഗിച്ചുതന്നെയാണ് അങ്ങിനെ പ്രയോഗിച്ചതു്"

ഞാനും പ്രൊഫസരും തമ്മിലുള്ള ആദ്യത്തെ വാദപ്രതിവാദം അങ്ങിനെ അവസാനിപ്പിക്കേണ്ടിവന്നു.

പ്രൊഫസർ രാമകൃഷ്ണന്ന് പ്രായം 30-ൽ അധികം കാണുകയില്ല. കാഴ്ചയ്ക്ക് സുമുഖനായിരുന്നു. ഞങ്ങളുടെ കോളേജിലെ ഏററവും നല്ല പ്രാസംഗികനാണ് പ്രൊ. രാമകൃഷ്ണൻ. അദ്ദേഹത്തിൻെറ ക്ലാസ്സിൽ ഒരു മണിക്കൂർ എത്ര വേഗത്തിലാണ് കഴിഞ്ഞുപോകുന്നതെന്ന് ഞങ്ങൾക്കുതന്നെ തോന്നാറുണ്ട്. വിദ്യാൎത്ഥികളുടെ നേരെയുള്ള പ്രൊഫസരുടെ പെരുമാററം സൌശീല്യാത്മകമായിരുന്നു.

ഞങ്ങളുടെ വാദപ്രതിവാദത്തിന്നുശേഷം ഓരോ ദിവസം കഴിയുംതോറും ഞങ്ങൾ, ഞാനും പ്രൊഫസരും, തമ്മിൽ തമ്മിൽ കൂടുതൽ അടുക്കുവാൻ തുടങ്ങി. മിക്ക ദിവസങ്ങളിലും കോളേജു വിട്ടാൽ ഞാൻ അദ്ദേഹത്തിൻെറ വീട്ടിൽ പോകും. എന്നെപോലെതന്നെ മററു പലരും അവിടെ ഉണ്ടാകാറുണ്ട്. ഞങ്ങൾക്കവിടെനിന്നു ചായയും പലഹാരവും കിട്ടാറു് പതിവാണ്; ഞങ്ങൾ ശീട്ടുകളിക്കും. ആളുകൾ തികഞ്ഞില്ലെങ്കിൽ, പ്രൊഫസരുടെ ഭാൎയ്യയും

ഞങ്ങളുടെ ഒപ്പം ഇരുന്നു ശീട്ടുകളിയ്ക്കും. അങ്ങിനെ അദ്ദേഹം എന്നെ അളവററു സ്നേഹിച്ചു ഞാനദ്ദേഹത്തെ അതിർകവിഞ്ഞു ബഹുമാനിച്ചു.

ആയിടയ്ക്കു കോളേജുമാസിക പുറത്തുവന്നു. ആദ്യം തന്നെ ചേർത്തിരുന്നതു് പ്രൊഫ: രാമകൃഷ്ണൻെറ ഒരിംഗ്ലീഷു കവിതയായിരുന്നു. എനിയ്ക്കാക്കവിത വളരെ ഹൃദ്യമായി ത്തോന്നി. അതിലെ ശൈലിയെ സംബന്ധിച്ചേടത്തോളം പ്രൊ. രാമകൃഷ്ണൻ തികച്ചും ബൈറനോടു കടപ്പെട്ടിരിക്കുന്നു. അതേ ലക്കത്തിൽതന്നെ 'സാഹിത്യവും സദാചാരവും' എന്ന തലക്കെട്ടിൽ എൻെറ ഒരു ലേഖനവും ഉണ്ടായിരുന്നു. "സദാചാരത്തിന്നു് സാഹിത്യത്തിലും ജീവിതത്തിലും പ്രഥമസ്ഥാനമാണുള്ളതെ"ന്നു് സമത്ഥിക്കുകയാണു് ഞാൻ ചെയ്തിരുന്നതു്.

അന്നു വൈകുന്നേരവും ഞാനും എൻെറ ഒരു സ്നേഹിതനുംകൂടെ പ്രൊഫസരുടെ വീട്ടിൽചെന്നു. പ്രൊ. രാമകൃഷ്ണൻെറ കവിതയെ ഞാൻ പ്രശംസിച്ചു. പ്രൊഫസർ എൻെറ സ്നേഹിതനോടായി ചോദിച്ചു. "മി. രവിയുടെ ആ ലേഖനം—സദാചാരത്തെ സംബന്ധിച്ച ലേഖനം—എങ്ങിനെയിരിക്കുന്നു"? അതിനെപ്പററി തനിയ്ക്കു യാതൊരഭിപ്രായവുമില്ലെന്നു് എൻെറ സ്നേഹിതൻ പറഞ്ഞു. പ്രൊഫസർ പറഞ്ഞു: "താൻ ഒരു അരസികനാണെടോ."

അങ്ങിനെ ദിവസം കഴിഞ്ഞുകൊണ്ടിരുന്നു. ഒരു ദിവസം ഞങ്ങളുടെ പത്രാധിപർ—അദ്ദേഹം എൻെറ ഒരു സ്നേഹിതനാണു്. എന്നോടു് കഴിഞ്ഞ ലക്കത്തിലെ എൻെറ ലേഖനത്തിന്നു് 'മിസ്. വസുമതി'യുടെ ഒരു മറു

പടിയുണ്ടെന്നു പറഞ്ഞു. അങ്ങിനെ വസുമതിയുടെ മറു പടിയോടും തൻെറ പ്രത്യാഖ്യാനത്തോടും കൂടിയാണ് ആ ലക്കം പുറത്തുവന്നതു്.

എൻെറ ലേഖനത്തിന്നു ഒരു ഖണ്ഡനമെഴുതിയ വസുമതിയെപ്പററി എനിക്ക് നല്ല അഭിപ്രായമായിരുന്നു. എൻെറ ജൂനിയറായിരുന്ന ആ വിദ്യാൎത്ഥിനിയെ ഞാൻ പലപ്പോഴും പ്രൊഫസറുടെ വീട്ടിൽവെച്ചു കണ്ടിട്ടുണ്ടായിരുന്നു. രാമകൃഷ്ണനേയും വസുമതിയേയും പററിയുള്ള അപവാദങ്ങൾ ഞാൻ അല്പമെങ്കിലും വിശ്വസിച്ചിരുന്നില്ല.

അന്ന് കോളേജ്പാർലിമെൻറാണ് "ലോകത്തിലെ ഇന്നത്തെ ഒന്നാംകിട എഴുത്തുകാർ" എന്നതായിരുന്നു വിഷയം. അദ്ധ്യക്ഷൻ പ്രൊഫസർ രാമകൃഷ്ണനും അവതാരകൻ ഞാനും. ഞങ്ങൾ തമ്മിലുള്ള വടംവലി കാണുവാൻ ഭാരവാഹികൾ കല്പിച്ചുകൂട്ടി ചെയ്ത ഏർപ്പാടായിരുന്നു അതു്. പ്രൊഫസർ തൻെറ ആമുഖപ്രസംഗത്തിൽ ഇങ്ങിനെ പറഞ്ഞു: "ഇന്ന് ബർനാഡ്ഷാ ഒരാൾ മാത്രമെ ഉള്ളൂ ഒരെഴുത്തുകാരൻ. ലോർഡ്ബൈറൻെറ പന്തിയിൽ ഇരിക്കത്തക്ക യോഗ്യതയോടുകൂടി കേവലം അയോഗ്യരായ കുറച്ചുപേർ തങ്ങളുടെ സ്ഥാനം അതുല്യമാണെന്നു സ്ഥാപിക്കുവാൻ വെമ്പുന്നുണ്ട്. പേൾ എസ്സ്. ബക്ക്, അരവിന്ദഘോഷ്, ആന്ദ്രെഗിഡേ........എന്നിങ്ങിനെ പോകുന്നു അവരുടെ പട്ടിക........" അങ്ങനെ അരമണിക്കൂറിലധികം നീണ്ടുനിന്നു ആ പ്രസംഗം. പിന്നെ വിഷയം അവതരിപ്പിക്കുന്നതിന്നായി എന്നെ ക്ഷണിച്ചു. ഞാൻ എഴുതി തയ്യാറാക്കിയിരുന്ന ഉപന്യാസം

കീശയിൽ തന്നെ വെച്ചുകൊണ്ട് പ്രസംഗമഞ്ചത്തിലേറി. അദ്ധ്യക്ഷൻെറ ആമുഖഭാഷണത്തെ ഖണ്ഡിക്കുക മാത്രമായിരുന്നു എൻെറ കത്തവ്യം. ചൈനയിലെ പാവപ്പെട്ട കഷകരുടെ ബന്ധുവായ പേൾബക്കിനും, ഇന്ത്യയുടെ ആത്മീയചൈതന്യത്തെ പുലത്തിപ്പോന്ന അരവിന്ദനും ലോകത്തിലെ ഇന്നത്തെ എഴുത്തുകാരുടെ മുൻപന്തിയിലിരിക്കത്തക്ക യോഗ്യതയുണ്ടെന്നു്, ഞാൻ അവരുടെ പുസ്തകങ്ങളെ പരാമർശിച്ചുകൊണ്ടു സമത്ഥിച്ചു.

ഞങ്ങൾ തമ്മിൽ അഭിപ്രായവ്യത്യാസമുണ്ടായിക്കൊണ്ടിരിക്കുക സാധാരണയായിരുന്നു. പക്ഷെ അതുകൊണ്ടൊന്നും ഞങ്ങളുടെ സ്നേഹബന്ധത്തിന്നു് അല്പമെങ്കിലും ചാഞ്ചല്യം സംഭവിച്ചില്ല. പ്രത്യുത അതു സുശക്തമായിത്തീരുകയാണു് ചെയ്തതു്.

അങ്ങിനെയിരിക്കെ ഗവമ്മെണ്ടുപരീക്ഷയും കഴിഞ്ഞു. പരീക്ഷ കഴിഞ്ഞതിൻെറ പിറേറദിവസം പ്രൊ. രാമകൃഷ്ണൻ ഞങ്ങൾക്കു യാത്രയയപ്പു നൽകി. എൻെറ ജീവിതത്തിലെ അവിസ്മരണീയങ്ങളായ സംഭവങ്ങളിലൊന്നാണു് ആ തേയിലസല്ക്കാരം. സാധാരണദിവസങ്ങളിൽ ആ സമയം അവിടുത്തെ അന്തരീക്ഷം ബഹളം നിറഞ്ഞിരിക്കുക പതിവാണു്; എന്നാൽ അന്നു് വിഷാദാത്മകവും ശാന്തവുമായ അന്തരീക്ഷമായിരുന്നു അവിടത്തേതു്. പ്രൊ. രാമകൃഷ്ണന്നു് പല പരാജയങ്ങളുമുണ്ടായിരുന്നെങ്കിലും അദ്ദേഹത്തിൻെറ മഹാമനസ്കതയേയും ആത്മാത്ഥതയേയും അഭിനന്ദിക്കാതിരിക്കാൻ നിവൃത്തിയില്ല.

പ്രൊഫസരോട് യാത്ര ചോദിച്ചപ്പോൾ ഞാനറിയാതെ എൻെറ കണ്ണിൽനിന്ന് രണ്ടു് കണ്ണീർക്കണങ്ങൾ എൻെറ കൈക്ക് പിടിച്ചിരുന്ന സ്നേഹിതൻെറ കൈത്തണ്ടമേൽപ്പതിച്ചു. അതിൽ ആ സ്നേഹിതൻ അത്ഭുതപ്പെട്ടിട്ടുണ്ടായിരിക്കാം.

കേളേജ്‌വിട്ട ഉടൻതന്നെ ഞാൻ ഒരു പത്രാധിപരായി. സംഭവബഹുലമായ നാലുകൊല്ലം കടന്നുപോയി. ഞാൻ പത്രാധിപത്യം ഏറെറടുത്ത ഉടൻ എന്നെ വളരെ അഭിനന്ദിച്ചുകൊണ്ടു് പ്രൊഫസർ രാമകൃഷ്ണനെഴുതിയ ഒരു കത്തു് കിട്ടുകയുണ്ടായി. അതിന്നുശേഷം കോളേജ് ജീവിതത്തെ മിക്കവാറും വിസ്മരിച്ചിരിക്കുകയായിരുന്നു ഞാൻ.

അവിചാരിതമായി ഒരു ദിവസം എൻെറ സ്നേഹിതൻെറ വിസിററിങ്ങ്കാർഡ് കിട്ടിയപ്പോൾ മാത്രമാണ് ഞാൻ പൂർവ്വകാലസംഭവങ്ങളെ സ്മരിക്കുവാൻ തുടങ്ങിയതു്. രണ്ടുമാസക്കാലമായി പ്രൊഫസർ രാമകൃഷ്ണൻ ടി. ബി. പിടിച്ചു് കിടപ്പിലാണെന്നും ഇനി വീണ്ടും ജീവിക്കുന്ന കാര്യം പ്രയാസമാണെന്നും മററും സ്നേഹിതൻ പറഞ്ഞു. ഞാൻ എൻെറ പ്രവൃത്തി സഹപ്രവർത്തകരെ ഏല്പിച്ചു് ഉടൻ തന്നെ സ്നേഹിതനോടൊപ്പം പ്രൊ. രാമകൃഷ്ണൻെറ വീട്ടിലേക്കു പുറപ്പെട്ടു.

പിറെറ ദിവസം മൂന്നുമണിയോടുകൂടി ഞങ്ങൾ അവിടെയെത്തി. അവിടത്തെ ഭയങ്കരനിശ്ശബ്ദത കണ്ടു ഞാൻ സ്തംഭിച്ചുപോയി ജനവാസത്തിൻെറ യാതൊരു ലക്ഷണങ്ങളും കാണപ്പെട്ടില്ല. പലവിധ ചിന്തകളോടുംകൂടെ ഞങ്ങൾ കുറച്ചുനേരം അവിടെനിന്നു. അപ്പോഴേയ്ക്കും ഡോക്ടരുടെ അടുക്കൽനിന്ന് മരുന്നുംകൊണ്ടു്

എത്തിയ വസുമതി (പഠിക്കുന്ന കാലത്തു് എൻെറ ജൂനിയറായിരുന്ന ആ ശ്രീമതി) ഞങ്ങളെ മുകളിലേക്കു കൂട്ടിക്കൊണ്ടുപോയി. അവിടെ കട്ടിലിന്മേൽ കിടന്നിരുന്ന രാമകൃഷ്ണനെ കണ്ട ഉടൻ ഞാൻ ഞെട്ടിപ്പോയി. യുവകോമളനായിരുന്ന ആ പ്രൊഫസർ ഇന്നു്, 'ഞരമ്പെലിമ്പെന്നിവ ചേർത്തുവെച്ചു് ചുളിഞ്ഞ തോൽകൊണ്ടു് മൂടിയിട്ട'താണെന്നെനിക്കുതോന്നി. അദ്ദേഹം ഞങ്ങളെ സ്വാഗതംചെയ്തു

ഞങ്ങൾ പലതിനെപ്പററിയും വളരെനേരം സംസാരിച്ചു. പൂർവ്വകാലത്തെ സംബന്ധിച്ചു് ആ ഹൃദയം പശ്ചാത്തപിക്കുകയായിരുന്നു. സാവിത്രിയും, ശീലാവതിയും മററും അദ്ദേഹത്തിൻെറ ആരാധനാമൂർത്തികളായിക്കഴിഞ്ഞിരുന്നു.

സംസാരിച്ചുകൊണ്ടിരിക്കുന്നതിനിടയ്ക്കു് ഞാൻ ആ മുറിയിലാകമാനം ഒന്നു കണ്ണോടിച്ചു. പണ്ടു് പുസ്തകങ്ങൾകൊണ്ടു് നിറഞ്ഞിരുന്ന രണ്ടുമൂന്നലമാരകൾ ഒഴിഞ്ഞ 'ലഹരിക്കുപ്പി'കളാൽ നിറക്കപ്പെട്ടിരുന്നു. ബൈറൻെറ ഏതാനും ചില പുസ്തകങ്ങൾ മാത്രമേ അവിടെ—പുസ്തകങ്ങളുടെ ഇനത്തിൽ ഉണ്ടായിരുന്നുള്ളു. യൂറോപ്യൻവനിതകളുടെ ഫോട്ടോകളുടെ സ്ഥാനം ഗാന്ധിജിയുടേയും അരവിന്ദൻേറയും മററും ഫോട്ടോകൾ കരസ്ഥമാക്കിയിരിക്കുന്നു!!...............

രണ്ടുമണിക്കൂർ നേരത്തെ സംസാരത്തിന്നുശേഷം ഞങ്ങൾ എഴുന്നേററു. പ്രൊഫസർ, അദ്ദേഹം അവസാനമായെഴുതിയ കുറച്ചു കവിതകൾ എന്നെ ഏല്പിച്ചു; അതിൻെറ എല്ലാ അവകാശങ്ങളും. ഞങ്ങൾ അവിടന്നു പുറ

ത്തിറങ്ങി. ഞങ്ങളെ അനുഗമിച്ചു, വസുമതി ഗയിററിൽ വെച്ചു ഞങ്ങളോടു പറഞ്ഞു: "അദ്ദേഹത്തിൻെറ കഥ വളരെ ദയനീയമാണു്. ഞാൻ കോളേജുവിട്ട ഉടൻ (ബി. എ. പാസ്സായതോടെ) ഇവിടെതന്നെയാണു് താമസം. അതിനുശേഷം പ്രൊഫസരുടെ ഭാൎയ്യ നാട്ടിലേക്കു പോയി. പിന്നെ ഇതുവരെ അവർ മടങ്ങിവന്നിട്ടില്ല. അദ്ദേഹം വല്ലാതെ കുടിക്കും................

കോളേജിൽ പഠിച്ചിരുന്ന പലരും,—കുറെപ്പേരുടെ പേർ അവർ പറഞ്ഞു—പതിവായി ഇവിടെ വരാറുണ്ടു്. ............അദ്ദേഹത്തിന്നു ടി ബി.യാണെന്നറിഞ്ഞതോടെ എല്ലാവരും വിട്ടുമാറി...........എല്ലാം ഞാൻ സഹിക്കുകയാണു്. അദ്ദേഹത്തിന്നവകാശപ്പെട്ട സ്വത്തുക്കൾക്കൊക്കെ എന്നെ അധികാരപ്പെടുത്തിയിരിക്കയാണു്."

അവരുടെ കണ്ണിൽനിന്നു കണ്ണുനീർ ഇടമുറിയാതെ പ്രവഹിക്കുന്നുണ്ടായിരുന്നു. ഞങ്ങൾ ആ ശ്രീമതിയോടു യാത്രചോദിച്ചു അവിടം വിട്ടു. പലവിധ വിചാരങ്ങൾകൊണ്ടു് ഹൃദയം തരളിതമായിരുന്നു. നിശ്ശബ്ദരായി ഞങ്ങൾ എത്ര ദൂരം നടന്നുവെന്നു് എനിക്കോൎമ്മയില്ല. രാമകൃഷ്ണനെപ്പററിത്തന്നെ ചിന്തിക്കുകയായിരുന്ന ഞാൻ തന്നെത്താനറിയാതെ പറഞ്ഞുപോയി: "ബൈറൻെറ പിൻഗാമി."

അരസികനെന്നു് രാമകൃഷ്ണനോടു് ടൈററിൽ വാങ്ങിയ എൻെറ സ്നേഹിതൻ അതേറു പറഞ്ഞു: "ബൈറൻെറ പിൻഗാമി."

# ഡോക്ടർ രവി

"ഡാക്ടർ! ഡാക്ടർ!"

ആരാണീ അസമയത്തു് വന്നു വിളിക്കുന്നതു്? പകലൊക്കെ എന്തു ചെയ്യുകയായിരുന്നു?" എന്നു ചോദിച്ചുകൊണ്ടു് ഡാക്ടർ രവി പുറത്തേക്കുവന്നു.

"ഞാൻ സർക്കിൾ ഇൻസ്പെക്ടരുടെ വീട്ടിലെ പ്രവൃത്തിക്കാരനാണു്. യജമാനന്നു് ദേഹത്തിന്നു തീരെ സുഖമില്ല. താങ്കളെ ഉടനെ കൂട്ടിക്കൊണ്ടുചെല്ലുവാൻ പറഞ്ഞയച്ചതാണു്."

സർക്കിൾ ഇൻസ്പെക്ടരുടെ പേർ കേട്ട ഉടൻ ഡാക്ടർ തൻെറ നെററിയിലെ കല തടവിക്കൊണ്ടായി. "ഇപ്പോൾ വരാൻ സാദ്ധ്യമല്ല. നാളെ രാവിലെ വന്നു നോക്കിക്കൊള്ളാം. തിരക്കുണ്ടെങ്കിൽ മററു വല്ലവരേയും കൂട്ടിക്കൊണ്ടു പോയ്ക്കോളു." ഡാക്ടർ പറഞ്ഞു.

"അങ്ങിനെ പറയാതിരിക്കു. ഡാക്ടർ! അദ്ദേഹം പുതുതായി ഈ സ്ഥലത്തു് വന്നതാണു. ഈ സ്ഥലം അദ്ദേഹത്തിന്നു പിടിക്കുന്നില്ല; വല്ലാത്തെ പനിക്കുവാൻ തുടങ്ങിയിരിക്കുന്നു. ഞാൻ 'നിങ്ങൾ നല്ല ഡോക്ടരാണു്, ഇപ്പോൾത്തന്നെ കൂട്ടിക്കൊണ്ടുവരാം' എന്നു പറഞ്ഞാണു് പുറപ്പെട്ടതു്. ദയവുചെയ്തു് എനിയ്ക്കു വേണ്ടിയെങ്കിലും ഒന്നവിടംവരെ വരണം ഡാക്ടർ."

പുഞ്ചിരിയോടെ ഡാക്ടർ ചോദിച്ചു; "ആരാണാ പുതിയ സർക്കിൾ ഇൻസ്പെക്ടർ?".

"സർവ്വോത്തമൻ എന്നാണു് പേര്. സബ്ബ് ഇൻസ്പെക്ടരായിരുന്നു. ഇപ്പോൾ ഇവിടുത്തെ സർക്കിൾഇൻസ്പെക്ടരായി നിയമിച്ചിരിക്കുകയാണു്."

"ആരു്, സർവ്വോത്തമനോ? എന്നാൽ ഞാൻ ഇപ്പോഠം തന്നെ വരാം." എന്നു പറഞ്ഞു ഡാക്ടർ അകത്തേക്കു പോയി. "അതെ, സർവ്വോത്തമൻ തന്നെയാണെങ്കിൽ ഇന്നാണവൻെറ അവസാനത്തെ ദിവസം." എന്നു തന്നത്താൻ പറഞ്ഞുകൊണ്ടു ഡോക്ടർ പുറപ്പെടാൻ തുടങ്ങി. മൂന്നുനാലു മരുന്നു കുപ്പികളും ഉപകരണങ്ങളും മററും തുകൽപ്പെട്ടിയിൽ എടുത്തുവെച്ചു. അവസാനമായി, ചുകന്ന ലിപികളിൽ 'പാഷാണം' എന്നെഴുതി ഒട്ടിച്ച, ഒരു ചെറിയ കുപ്പിയെടുത്തു് ഡാക്ടർ പെട്ടിയിൽവെച്ചു.

ഇന്ത്യാചരിത്രത്തിൽ, മഹത്തായ പല സംഭവങ്ങളേയും കുറിക്കുന്ന ഒന്നാണു് 1942. ആ കൊല്ലത്തിൽ, സ്വരാജ്യസ്നേഹികളായ എത്രയോ ജനങ്ങഠം, ത്യാഗത്തിൻെറ ബലിപീഠത്തിൽ ആത്മാഹുതി ചെയ്തു. അങ്ങിനെ സർവ്വവിധമർദ്ദനങ്ങളും സഹിച്ചു് സ്വാതന്ത്ര്യത്തിന്നുവേണ്ടി പൊരുതിയവരിൽ ഒരാളാണു്, സർവ്വോത്തമനെ ചികിത്സിക്കാൻവേണ്ടി പോകുന്ന ഡോക്ടർ രവിയും.

അന്നു് ഡോക്ടർ രവിയെ അറിഞ്ഞുകൂടാത്തവരായി 'അമ്പലപുര'ത്തിൽ ആരുംതന്നെയുണ്ടായിരുന്നില്ല. വൈദ്യസഹായം ആവശ്യമായിരുന്നവക്കു് ഏകരക്ഷാകേന്ദ്രം ഡാക്ടർ. രവി മാത്രമായിരുന്നു. ആരോടും പണം വാങ്ങാറുമില്ല. മികച്ച സ്വരാജ്യസ്നേഹി. സമുദായസേവകരുടെ മുന്നിൽ എപ്പോഴും അദ്ദേഹം കാണപ്പെടും. ഇരുപത്തെട്ടു വയസ്സു തികയുന്നതിന്നു മുമ്പു അദ്ദേഹം തികച്ചും ജനസമ്മതി നേടിക്കഴിഞ്ഞിരുന്നു.

ആയിടക്കാണ് • ആ നാട്ടിലെ പ്രമാണിയായ രാജഗോപാലൻെറ മകറം പ്രേമാവതിക്ക് സുഖക്കേടാണെന്നു പറഞ്ഞു്, ഒരു ദിവസം ഡോക്ടർ രവിയുടെ അടുക്കൽ ആറം വന്നതു്.

അഴകിൽ അതുല്യയാണു് പ്രേമാവതി. ഉന്നത വിദ്യാഭ്യാസം സിദ്ധിച്ചവളല്ലെങ്കിലും ലോകവിവരം ഉള്ളവളാണു്. ഡോക്ടർ പ്രേമാവതിയെ ചെന്നു പരിശോധിച്ചു മരുന്നുകൊടുത്തു.

പ്രേമാവതിയെ കണ്ട നിമിഷം മുതൽ ഡോക്ടർ രവിയുടെ ഹൃദയത്തിൽ എന്തോ ഒരു അസ്വാസ്ഥ്യത വാസമുറപ്പിച്ചു. അവളും മൂകയായി അദ്ദേഹത്തെ സ്നേഹിക്കുവാൻ തുടങ്ങി. പ്രേമാവതിയുടെ ദീനം ഭേദമാകുവാൻ കുറെ ദിവസങ്ങറം വേണ്ടിവന്നു. ആയിടയ്ക്കു് അവരുടെ ഹൃദയങ്ങറം ഒന്നായി.

ഇതറിഞ്ഞ രാജഗോപാലൻെറ ഹൃദയം ആനന്ദത്തിൽ ആറാടി. പക്ഷെ, ഡോക്ടർ രവിയുടെ ദേശീയപ്രവർത്തനങ്ങറം അദ്ദേഹത്തിന്നു തീരെ ഇഷ്ടമായിരുന്നില്ല. "ഇവർ 'പോ' എന്നു പറഞ്ഞാൽ പോകുന്നവരാണോ വെള്ളക്കാർ? ലോകമെന്തെന്നറിഞ്ഞിട്ടില്ലാത്ത വിഡ്ഢികറം! ആ ഡോക്ടർക്ക് തൻെറ ജോലിയും നോക്കി സ്വസ്ഥമായിരുന്നാൽ പോരെ? എന്തിനീ വയ്യാവേലിയ്ക്കൊക്കെ പോണം? ഇയാറംക്കു് പെണ്ണിനെ കൊടുത്താൽ, മാസം മാസം ജെയിലിൽ പോയിട്ടു വേണ്ടിവരും അവനെ കാണുക." എന്നിങ്ങിനെ അദ്ദേഹം പറഞ്ഞുകൊണ്ടിരിക്കും.

രവിയ്ക്കു് അവൾ തൻെറ ജീവൻതന്നെയായിരുന്നു വെങ്കിലും അവൾക്കുവേണ്ടി രാഷ്ട്രീയരംഗത്തിൽനിന്നും പിന്മാറുവാൻ അദ്ദേഹം ഒരുക്കമില്ലായിരുന്നു. ഏതായാലും അവരുടെ ബന്ധം നാൾക്കുനാൾ സുശക്തമായിക്കൊണ്ടുതന്നെയിരുന്നു.

അങ്ങിനെ ആഗസ്റ്റ്മാസവും വന്നെത്തി. മഹാത്മജിയും മററു നേതാക്കന്മാരും തടങ്ങലിലാക്കപ്പെട്ടു. ആ സംഭവം ഭാരതത്തെ ആകമാനം ഇളക്കിമറിച്ചു. ജനങ്ങൾ ഒട്ടുക്കും ക്ഷുഭിതരായി. എങ്ങും കലഹം പൊട്ടിപ്പുറപ്പെട്ടു. അരാജകതപവും നൃത്തമാടി.

ഇതിൽനിന്നൊക്കെ ഒഴിഞ്ഞുമാറുവാൻ അമ്പലപുരത്തിന്നു കഴിഞ്ഞില്ല. ആഗസ്റ്റ് മാസം 10-ാംതിയ്യതി, അവിടത്തെ കച്ചേരികളും, കലക്റ്ററുടെ ആപ്പീസും മററും ചുട്ടെരിക്കപ്പെട്ട വാൎത്ത പത്രങ്ങളിൽ പ്രസിദ്ധീകൃതമായി.

സംഭവത്തിന്നു തലേദിവസം പ്രേമാവതി ഡോക്ടരോടു് പറഞ്ഞു; "കുറച്ചുകാലം കാത്തിരിക്കണം: അതിന്നു ശേഷം ലാഹളയിൽ ചേരാം."

ആ വാക്കുകളെ ഡോക്ടർ ചെവിക്കൊണ്ടില്ല. രവി പറഞ്ഞു: "പ്രേമാ, ഞാനിനിയും എന്തിന്നു കാത്തിരിയ്ക്കണം? നീയെന്നെ സന്തോഷത്തോടുകൂടെ യാത്രയയയ്ക്കൂ."

"പണ്ടുകാലത്തെപ്പോലെയുള്ള യുദ്ധങ്ങളാണോ യാത്രയയക്കാനും, ആശീൎവ്വദിയ്ക്കാനുമൊക്കെ? ഇന്നു് അഹിംസയും നിസ്സഹകരണവും മററും അല്ലേ ആയുധങ്ങൾ? നശീകരണത്തെ ഒരു കാലത്തു് എതിരിട്ടവരല്ലേ നിങ്ങൾ? അതിരിക്കട്ടെ. ഞാൻ പറയുന്നതു് കേൾക്കൂ. എനിയ്ക്കു

വേണ്ടി ഞാൻ നിങ്ങളോട്ട് താണുകേണപേക്ഷിയ്ക്കുന്നു, "തൽക്കാലം ഈ ലഹളയിൽ ചേരാതിരിക്കണം." രവിയുടെ മാറിൽ തലചായ്ച്ചു കരഞ്ഞുകൊണ്ടവൾ പറഞ്ഞു.

അവളെ ആശ്വസിപ്പിച്ചുകൊണ്ടു രവി പറഞ്ഞു: "ഓമനേ, നിനക്കുവേണ്ടി ഞാനിതിൽനിന്നും പിന്മാറിയാൽ, നാട്ടാരൊക്കെ എന്നെനോക്കി 'ജയിലിൽ പോകേണ്ടിവരുമെന്നു് ഭയന്നു് വീട്ടിലിരുന്ന മുട്ടാളൻ' എന്നു ചിരിച്ചു കളിയാക്കും. രാജ്യദ്രോഹിയെന്നു് എന്നെ ആളുകൾ വിളിക്കുകയും ചെയ്യും. ഇതൊക്കെ നീ ഒന്നാലോചിച്ചുനോക്കണം."

13632

ഇതുകൊണ്ടൊന്നും അവളുടെ മനസ്സിളകിയില്ല. "ഒരു പക്ഷെ നിങ്ങളെ ഒരു നീണ്ടകാലത്തേക്കു് തടങ്ങലിലാക്കിയാൽ ഞാനെന്തുചെയ്യും?" അവൾ ചോദിച്ചു.

"അങ്ങിനെ ഒരു ശിക്ഷയ്ക്കുള്ള കുററം ഞാൻ ചെയ്യുകയില്ല." രവി പ്രേമയെ ആശ്വസിപ്പിച്ചുകൊണ്ടു പറഞ്ഞു

അടുത്ത ദിവസം രാവിലെ 10 മണിക്കു് അമ്പലപുരത്തിലെ തെരുവീഥിയിൽ ഒരു വലിയ ജാഥ കാണപ്പെട്ടു. ജാഥയുടെ മുമ്പിൽത്തന്നെ ഡോക്ടർരവിയും ഉണ്ടു്. പീടികകളെല്ലാം പൂട്ടി ആളുകൾ ജാഥയോടുചേന്നു. ജനങ്ങളിൽനിന്നും പൊങ്ങിയ 'ജയ'ഘോഷങ്ങൾ വിഹായസ്സിൻെറ നിശ്ശബ്ദതയെ ഭേദിച്ചുകൊണ്ടു് മേലോട്ടുയന്നു.

കുറച്ചു നിമിഷങ്ങൾക്കുള്ളിൽ ജനക്കൂട്ടത്തിനു മുമ്പിൽ രണ്ടു പോലീസ്സുലോറികൾ വന്നുനിന്നു. നീണ്ട ലാത്തികളോടുകൂടിയ അമ്പതു പോലീസ്സുകാർ അവയിൽ നിന്നി

റങ്ങി. പോലീസുകാർ തടഞ്ഞിട്ടും ജനക്കൂട്ടം മുന്നോട്ടു നീങ്ങിത്തുടങ്ങിയപ്പോൾ ലാത്തിച്ചാർജ്ജു തുടങ്ങി. സബ് ഇൻസ്പെക്ടർ സർവ്വോത്തമൻ ലാത്തികൊണ്ട് ഡോക്ടർ രവിയുടെ നെററിമേൽ ആഞ്ഞടിച്ചു. ഡോക്ടർ ബോധഹീനനായി നിലത്തു വീണു. പിന്നേയും കുറേനേരം ഇൻസ്പെക്ടർ ഡോക്ടരുടെ ദേഹത്തിൽ പലേടത്തുമായി അടിച്ചു. നെററിയിൽനിന്നും രക്തം ധാരധാരയായി ഒഴുകിത്തുടങ്ങി.

ചിലരെ പോലീസുകാർ കൈയാമം വെച്ചു സ്റ്റേഷനിലേക്കു കൊണ്ടുപോയി. തൽക്കാലം ജനക്കൂട്ടം ചിന്നിച്ചിതറിപ്പോയെങ്കിലും ക്ഷമിച്ചിരിക്കുവാൻ അവൎക്കു കഴിഞ്ഞില്ല. ഉച്ചയ്ക്കു ജനങ്ങൾ യോഗം ചേൎന്നു. ക്ഷുഭിതരായ ജനങ്ങളിൽ ഒരു വിഭാഗം കത്തിച്ച പന്തങ്ങളുമായി സൎക്കാർകാൎയ്യാലയത്തെ ലക്ഷ്യം വെച്ചുകൊണ്ടു നീങ്ങി. അവർ കച്ചേരിക്കു തീ വെച്ചു. കുറച്ചുനേരത്തേക്കു നാട്ടുകാരെല്ലാം "സ്വാതന്ത്ര്യ"സുഖമനുഭവിച്ചു. സന്ധ്യയോടുകൂടി എത്തിയ സ്പെഷൽപോലീസുകാരിൽനിന്ന്, പിന്നീട് അവർ പല മർദ്ദനങ്ങളും സഹിക്കേണ്ടിവന്നു.

ഈ കലഹങ്ങൾക്കെല്ലാം,കാരണം ഡോക്ടർ രവിയാണെന്നു കാണിച്ചുകൊണ്ടു ഗവമ്മെണ്ടു് ഒരു കുററപത്രിക തയാറാക്കി. ഗവമ്മെണ്ടുഭാഗം ഒന്നാംസാക്ഷി സബ്ഇൻസ്പെക്ടർ സർവ്വോത്തമൻ തന്നെയായിരുന്നു. ജനങ്ങളെ ലഹളക്കു പ്രേരിപ്പിച്ചതും അവരെ നയിച്ചതും ഡോക്ടരായിരുന്നുവെന്നും, അങ്ങിനെയാണു് അദ്ദേഹത്തിനു പോലീസുകാരിൽനിന്നും തല്ലുകൊള്ളേണ്ടിവന്നതെന്നും ഇൻസ്പെക്ടർ കോടതിയിൽവെച്ചു പറഞ്ഞു.

തനിക്കു ലഹളയെപ്പററി ഒന്നും അറിഞ്ഞുകൂടെന്നും, അന്യായമായി ആരേയും കൊള്ളചെയ്യാനോ, മററോ പ്രേരിപ്പിച്ചിട്ടില്ലെന്നും, താൻ കൊടി പിടിച്ചതും ജയ് വിളിച്ചതും സത്യമായിരുന്നുവെന്നും, പോലീസുകാരുടെ അന്യായമായ ലാത്തിച്ചാർജ്ജാണ് ജനങ്ങളെ തീ വെപ്പിന്നും മററും പ്രേരിപ്പിച്ചതെന്നും, ഡോക്ടർ രവി കോടതിയെ അറിയിച്ചു അദ്ദേഹം പറഞ്ഞതു് മുഴവൻ അക്ഷരം പ്രതി സത്യമായിരുന്നു. പക്ഷെ സത്യം എന്നൊന്ന് ഇന്ത്യയിലെങ്ങുംതന്നെ അന്നുണ്ടായിരുന്നില്ല.

കൊടിപിടിച്ചു ജയ്‌വിളിച്ചതിന്നു രണ്ടുകൊല്ലം കഠിനതടവും, ജനങ്ങളെ ലഹളയ്ക്കു് പ്രേരിപ്പിച്ചുവെച്ചതിന്നു ജീവപര്യന്തം തടവും, ഡോക്ടർക്ക് ശിക്ഷ വിധിക്കപ്പെട്ടു.

ഡോക്ടർ രവിയെ വടക്കെ ഇന്ത്യയിലെ ഏതോ ഒരു ജയിലിലാക്കി. നാട്ടുകാർക്കുവേണ്ടി എന്തുതന്നെ സഹിയ്ക്കുവാനും അദ്ദേഹം ഒരുക്കമായിരുന്നു. പക്ഷെ പ്രേമാവതിയെപ്പററി ഓർക്കുമ്പോഴൊക്കെ അദ്ദേഹത്തിൻെറ കണ്ണുകൾ നിറഞ്ഞു.

ജയിലിലെ ഇരുണ്ട മുറികളിലിരുന്നുവെങ്കിലും, മനോരാജ്യത്തിൽ, തൻെറ കാമുകിയുമായി സല്ലപിച്ചുകൊണ്ടു തന്നെ അദ്ദേഹം ദിവസങ്ങൾ പിന്നിട്ടു. ജോലികൾ ചെയ്യുമ്പോഴും, കഞ്ഞികുടിക്കുമ്പോഴും, ഒക്കെ അവരുടെ ഓർമ്മ അദ്ദേഹത്തെ വിട്ടുപിരിയാതെനിന്നു. രാത്രിയിൽ വളരെ നേരത്തോളം, ഉറക്കം വരാതെ തിരിഞ്ഞും മറിഞ്ഞും കിടന്നുകൊണ്ടിരിക്കും. കാമുകിയെപ്പററി ഓർമ്മവരുമ്പോഴൊക്കെ അവളിൽനിന്നും തന്നെ വേർപെടുത്തിയത്

സർവ്വോത്തമനാണെന്ന ഡോക്ടർ രവിയ്ക്കു് ഓർമ്മവരും. അദ്ദേഹം അമർഷംകൊണ്ടു പല്ലുകടിയ്ക്കും, അദ്ദേഹത്തിൽ പ്രതികാരേച്ഛ ആളിക്കത്താൻ തുടങ്ങും.

നാലുകൊല്ലങ്ങൾ കടന്നുപോയി. രവി എല്ലും തോലും മാത്രമായിത്തീൻ; നെററിയിൽ നീണ്ട ഒരു വട്ടവും. മുമ്പു അദ്ദേഹത്തെക്കണ്ടവക്കൊന്നും ഇന്നദ്ദേഹത്തെ തിരിച്ചറിവാൻ സാദ്ധ്യമല്ല. ഇപ്പോൾ അറുപതു് വയസ്സ് മതിക്കും. തൻെറ ഈ നരകജീവിതത്തിന്നു ഒരു വിരാമമില്ലെന്നു നിനച്ചുകൊണ്ടിരിക്കെയാണു്, അദ്ദേഹത്തെ വിട്ടയച്ചതു്. അദ്ദേഹം സ്വതന്ത്രനാക്കപ്പെട്ടു. അദ്ദേഹം മാത്രമല്ല, ഇന്ത്യതന്നെ സ്വതന്ത്രയാക്കപ്പെട്ടു. "പോരാ, പോരാ നാളിൽ നാളിൽ... ..."എന്ന ഗീതശകലം ഇന്ത്യയിലെങ്ങും മാറെറാലിക്കൊണ്ടു. ഇന്ത്യയ്ക്കു് സ്വാതന്ത്ര്യം ലഭിച്ചതു് അന്നാണു്!

സ്വദേശത്തെത്തിയ ഡോക്ടർ രവി, പ്രേമാവതി വിവാഹിതയാണെന്നും, അവൾ ഭർത്താവൊന്നിച്ചു താമസിക്കയാണെന്നും, അറിഞ്ഞു. അദ്ദേഹത്തിന്നു അവൾ എന്നെന്നേക്കുമായി നഷ്ടപ്പെട്ടു.

'അമ്പലപുരത്തോടുതന്നെ അദ്ദേഹത്തിന്നു വിരക്തി തോന്നി. അതിനാൽ താമസം ഇരുന്തുറുനാഴിക അകലെയുള്ള 'വേദപുര'ത്തേക്കു മാററി. അവിടെ ഒരു ആശുപത്രിയും വെച്ചുകൊണ്ടു് ഡോക്ടർ രവി താമസിച്ചുപോന്നു.

പ്രതികാരത്തിന്നു ദാഹിച്ചുകൊണ്ടിരുന്ന രവി, സർവ്വോത്തമൻെറ വീടിനെ ലക്ഷ്യമാക്കി പോയ്ക്കൊണ്ടിരുന്നു.

"അതെ.... ..ദൈവമേ, അവൻ സർവ്വോത്തമൻ തന്നെ ആയിരിക്കേണമേ! എനിക്കു ജീവപര്യന്തം തടവു വാങ്ങിത്തന്നവന്നു് മരണശിക്ഷ പകരം കൊടുക്കുവാൻ എനിയ്ക്കു സാധിയ്ക്കേണമേ! ഇത്ര നല്ല ഒരവസരം വേറെ ലഭിയ്ക്കുമോ?"

സക്കിറംഇൻസ്പെക്ടരുടെ വീട്ടിൽച്ചെന്ന ഡോക്ടരെ ഇൻസ്പെക്ടരുടെ ഭാര്യ രോഗിയുടെ അടുക്കലേക്കാനയിച്ചു.

സർവ്വോത്തമൻ കണ്ണടച്ചു കിടക്കുകയായിരുന്നു ഡോക്ടർ അദ്ദേഹത്തിൻെറ മുഖത്തു സൂക്ഷിച്ചുനോക്കി.

അതേ, സർവ്വോത്തമൻതന്നെ. സംശയമില്ല! തന്നെ അടിച്ച ആ കയ്യിൻെറ സ്പന്ദനം അദ്ദേഹം പരിശോധിച്ചുനോക്കി. മനുഷ്യധർമ്മം അദ്ദേഹത്തെ വിട്ടുമാറിയിരുന്നു. പ്രേമനൈരാശ്യത്തിന്നും ജയിൽവാസത്തിന്നും ഇടവരുത്തിയ സർവ്വോത്തമനെപ്പററി വിചാരിക്കുംതോറും ഡോക്ടരുടെ ഹൃദയം നീറിക്കൊണ്ടിരുന്നു.

സർവ്വോത്തമൻെറ ദേഹത്തിൽ കുത്തിവെക്കുന്നതിന്നായി തോൽപെട്ടിയിൽനിന്നും 'പാഷാണം' പുറത്തെടുത്തു് കുഴലിൽ നിറച്ചു. രവിയുടെ ഹൃദയം കല്ലായിത്തീൎന്നിരുന്നു.

സർവ്വോത്തമൻെറ കയ്യ് ശരിക്കു പിടിച്ചുകൊടുക്കുവാൻ ഡോക്ടർ വേലക്കാരനോടു വിളിച്ചുപറഞ്ഞു.

"അവൻ ഇവിടെ ഇല്ല. ഞാൻ പിടിക്കാം," ചുമർ ചാരിനിന്നിരുന്ന സർവ്വോത്തമൻെറ ഭാര്യ പറഞ്ഞു.

"ഇങ്ങിനെ മുറുക്കിപ്പിടിക്കണം." ഞരമ്പുകൾ എഴുന്നനില്ക്കത്തക്കവണ്ണം മുറുക്കിപ്പിടിച്ചുകൊണ്ട് ഡോക്ടർ പറഞ്ഞു. പിന്നെ രവി തൻെറ ജോലി ആരംഭിച്ചു.

"ജീവന്ന് ആപത്തു വല്ലതും സംഭവിയ്ക്കുമോ ഡാക്ടർ?"

വ്യസനത്തോടെ ഉച്ചരിച്ച ആ വാക്കുകൾ കേട്ടപ്പോൾ ഡോക്ടർ അവളുടെ മുഖത്തുനോക്കി, അദ്ദേഹം മിഴിച്ചുനോക്കി. "പ്രേമാവതി." അദ്ദേഹം തന്നത്താൻ പറഞ്ഞുപോയി.

പ്രേമാവതിയ്ക്ക് പെട്ടെന്ന് ആളെ മനസ്സിലായില്ല. അവൾ സൂക്ഷിച്ചുനോക്കി. മനസ്സിലായി. അവളുടെ കണ്ണുനീർ അദ്ദേഹത്തിൻെറ കാൽകഴുകി. ഡോക്ടർ 'ഇൻജെക്ഷൻ'കുഴൽ നിലത്തിട്ടുടച്ചു. അദ്ദേഹം വീണ്ടും 'മനുഷ്യ'നായി.

"പ്രേമാ, എഴുന്നേൽക്കു. കരയാനുള്ള അവസരമല്ല. ഇതു്. നീ കാരണമായിത്തന്നെ കുഴൽ ഉടഞ്ഞുപോയി, ഞാൻ വേഗത്തിൽ വീട്ടിൽപോയി മരുന്ന കൊടുത്തയക്കാം." എന്നും പറഞ്ഞു് ഡോക്ടർ അവിടെനിന്നും ധൃതഗതിയിൽ സ്വന്തം വീട്ടിലേക്കു പുറപ്പെട്ടു.

അന്നുതന്നെ സർവ്വോത്തമൻ മരിച്ചുപോയി. ആ വാർത്ത ഡോക്ടർ രവിയെ അല്പമെങ്കിലും അത്ഭുതപ്പെടുത്തിയില്ല.

# 'സ്നേഹോപഹാരം.'

സമയം വളരെ വൈകി. രാത്രി വളരെ സമയത്തോളം എനിക്ക് എഴുതണം. അങ്ങകലെ തിരമാലകൾ ഉണ്ടാക്കുന്ന ശബ്ദം, എന്റെ മുമ്പിൽ തുറന്നിട്ടിട്ടുള്ള ഈ ജനാലയിൽക്കൂടെ എനിയ്ക്ക് വ്യക്തമായി കേൾക്കാം. സ്മരണകളുടെ ആഞ്ഞടികൊണ്ട് ഹൃദയം തരളിതമായിരിക്കയാണ്.

ഈ ജയിൽമുറിയുടെ ജനാലകൾ തുറന്നിട്ടതുകാരണം അതിലൂടെ വരുന്ന മന്ദമാരുതൻ എനിയ്ക്കു വളരെ ആശ്വാസം തരുന്നുണ്ട്. ഇവിടെ വളരെ നേരത്തെതന്നെ ഇരുട്ടു വ്യാപിക്കും. ഒരു മെഴുകുതിരിയുടെ സഹായത്തോടു കൂടിയാണ് ഞാനിതെഴുതുന്നത് എഴുതുവാനുള്ള ഉപകരണങ്ങളും, മെഴുകുതിരിയും അനുവദിക്കപ്പെട്ടിട്ടുണ്ട്. സമയം വളരെ വേഗത്തിൽ നീങ്ങുകയാണ്. അതുകൊണ്ടു പ്രഭാതത്തിന്നുമുമ്പായി എല്ലാം കടലാസ്സിൽ പകർത്തണം. വേദനകളും കഷ്ടപ്പാടുകളും നിറഞ്ഞ, കഴിഞ്ഞുപോയ ആ ഓരോ നിമിഷങ്ങളേയും എനിക്കു പകർത്തണം.

ഞങ്ങളുടെ ദാമ്പത്യജീവിതത്തെ മധുരതരമാക്കിയ അദ്ദേഹത്തിന്റെ പൊട്ടിച്ചിരികൾ—അവ ഞാനിപ്പോഴും വ്യക്തമായി കേൾക്കുന്നു. എന്റെ ഹൃദയത്തിൽ പ്രേമത്തിന്റെ വിത്ത് പാകിയതു് ആ പൊട്ടിച്ചിരിയാണ്.

എനിക്കന്നു മധുരപ്പതിനേഴ് മാത്രമേ ആയിരുന്നുള്ളു. അതേ, എപ്പോഴും തന്റെ ഭാവിയെപ്പററി തീരുമാനിക്കാൻ വെമ്പുന്ന ഒരു പതിനേഴുകാരിയുടെ ഹൃദയം പ്രഭാ

താപോലെ പരിശുദ്ധമായിരിക്കും. വേദനകൾ നിറഞ്ഞ ഈ നിമിഷങ്ങളിൽക്കൂടി, ഒരു പ്രഭാതത്തിൽ ആദ്യമായി ദിലീപ് എൻെറ സഹോദരനായ കിശോറിൻെറ ഒപ്പം വീട്ടിൽവന്നതു് ഞാൻ വ്യക്തമായി ഓക്കുന്നു.

വീട്ടിൻെറ മുൻവശത്തു് വിശാലമായ ഒരു തോട്ടമുണ്ടായിരുന്നു. തോട്ടത്തിൻെറ നടുക്കൂടിയാണു് വഴി. എൻെറ ചെറിയ കിടപ്പുമുറിയിലിരുന്നുകൊണ്ടു എനിയ്ക്കു തോട്ടത്തിലുള്ള ചെടികളുടേയും പുഷ്പങ്ങളുടേയും ഭംഗി ശരിക്കു് ആസ്വദിക്കുവാൻ സാധിയ്ക്കുമായിരുന്നു. ഒരു ചെറുകാററു ചെടികൾ ഇലകൾ അനക്കി ഒരു ശബ്ദമുണ്ടാക്കി. തൻെറ കാമുകൻെറ ചുംബനത്തിൽനിന്നും ഒഴിഞ്ഞുമാറിയ ഒരു കാമുകി നിശ്വസിക്കുംപോലെ ദൂരത്തുനിന്നുമുള്ള ഒരു നേരിയ ഗാനത്തിൻെറ ധ്വനിയെന്നവിധമാണു് തേനീച്ചയുടെ ശബ്ദം അനുഭവപ്പെട്ടതു്. ഞാൻ ഉമ്മരപ്പടിമേൽ, പ്രകൃതിസൌന്ദൎയ്യവും നുകൎന്നുകൊണ്ടു് അങ്ങിനെ നില്ക്കുമ്പോൾ ദിലീപും കിശോരും തോളോടുതോളുരുമ്മികൊണ്ടു് തോട്ടത്തിൽക്കൂടി നടക്കുന്നതുകണ്ടു. ദിലീപിൻെറ മുഖം പ്രസന്നമായിരുന്നു. അവർ സംസാരിച്ചുകൊണ്ടിരിക്കെ ദിലീപ് പെട്ടെന്നു പൊട്ടിച്ചിരിക്കുന്നതു കേട്ടു. തന്നത്താനറിയാതെ ഞാനും അദ്ദേഹത്തിൻെറ ഒപ്പം ചേൎന്നു ചിരിക്കുന്നുണ്ടെന്നു എനിയ്ക്കു തോന്നി. അപ്രതീക്ഷിതമായി എന്തോ ഒന്നു കണ്ടതുപോലെ അദ്ദേഹം എൻെറ കണ്ണിലേക്കുതന്നെ സൂക്ഷിച്ചു നോക്കി. എന്നിൽ പ്രേമത്തിൻെറ വിത്തുപാകിയ ആ ആദ്യവീക്ഷണം യാന്ത്രികമായ ഒന്നാണെന്നു എനിയ്ക്കു

തോന്നുന്നു. കുറെ കഴിഞ്ഞു ഞാൻ ദിലീപിൻെറ അടുത്തു ചെന്നു. അദ്ദേഹം എന്നോടു പെരുമാറിയതു് എങ്ങിനെയാണെന്നു് ഞാൻ ഓക്കുന്നു. അതിന്നുമുമ്പു് ഒരിക്കലും എന്നെക്കണ്ടിട്ടില്ലാത്തതായി അദ്ദേഹം നടിച്ചു. ദിലിപ് ഒരു ഉത്തമപുരുഷനാണെന്നു് എനിയ്ക്കു് എളുപ്പത്തിൽ മനസ്സിലാക്കുവാൻ കഴിഞ്ഞു. അന്നുമുതൽ ദിലീപ് ഞങ്ങളുടെ വീട്ടിൽ ഒരു പതിവുകാരനായിത്തീൎന്നു. അദ്ദേഹം നല്ലനല്ല തമാശകൾ പറഞ്ഞു ഞങ്ങളെയൊക്കെ ചിരിപ്പിച്ചുകൊണ്ടിരിക്കുക പതിവാണു്. ഒരു നല്ല ഗായകൻ കൂടിയായിരുന്നു ദിലീപ്. പലപ്പോഴും ഞാൻ അദ്ദേഹത്തിൻെറ ഒപ്പം ചേൎന്നു പാടുക പതിവായിരുന്നു. അദ്ദേഹത്തിൻെറ ഹൃദയത്തിൽനിന്നും ഉത്ഭവിച്ചൊഴുകുന്ന ആ മോഹനഗാനങ്ങൾ കാററിൽ ലയിച്ചുകൊണ്ടിരിക്കെ എൻെറ ഹൃദയതന്ത്രികൾ സ്വയം മീട്ടിക്കൊണ്ടിരിക്കാറുണ്ടായിരുന്നു.

ആറുമാസങ്ങൾക്കുശേഷം ഞാനും ദിലീപും തമ്മിലുള്ള വിവാഹം നടന്നു.

•

ആ ചുരുങ്ങിയ കാലത്തിന്നുള്ളിൽ, ദിലീപിനെ സ്നേഹിക്കുന്നരണ്ടെന്നു പലപ്പോഴും എൻെറ ഹൃദയം എന്നോടു പറയുന്നതു കേട്ടിട്ടുണ്ടു്. ദിലീപിൻെറ പെരുമാററത്തിൽനിന്നു അദ്ദേഹം എന്നെ സ്നേഹിയ്ക്കുന്നുണ്ടെന്നു എനിയ്ക്കു മനസ്സിലാക്കുവാൻ കഴിഞ്ഞു. അങ്ങിനെ ഒരു രാത്രി അമ്മ എൻെറ മുറിയിൽ വന്നു പറഞ്ഞു; എന്നെ വിവാഹം ചെയ്തു കൊടുക്കുവാൻ ദിലിപ് അപേക്ഷിച്ചി

ട്ടുണ്ടെന്നും അമ്മയ്ക്കതിഷ്ടമാണെന്നും എന്റെ അഭിപ്രായം അറിവാൻ വന്നതാണെന്നും അവർ പറഞ്ഞു. പ്രതീക്ഷകളും സന്തോഷവുംകൊണ്ട് ഹൃദയം നിറഞ്ഞിരുന്നതിനാൽ എനിയ്ക്കു സംസാരിയ്ക്കുവാൻ കഴിഞ്ഞില്ല; എന്റെ കണ്ണിൽ നോക്കി എന്റെ തീരുമാനമെന്തെന്നറിവാൻ അമ്മയ്ക്കു സാധിച്ചു. ആ അനുഭൂതികളുടെ കണികകൾ ഇന്നും എന്റെ ഹൃദയത്തിൽ ബാക്കിയുണ്ട്, കണ്ണീരിന്നു കഴുകിക്കളയുവാനും, കഷ്ടപ്പാടുകൾക്ക് കീഴടക്കുവാനും സാധിക്കാതെ വിവാഹത്തിന്റെ തലേദിവസം രാത്രി ഞാൻ എന്റെ ഉടുപ്പുകളും മററും അടുക്കിവെച്ചു പുതിയ വീട്ടിലേക്കുപോകുവാൻ തയാറാവുകയായിരുന്നു. സ്ത്രീസഹജമായ ദിവാസ്വപ്നങ്ങൾ കണ്ടുംകൊണ്ട് വളരെക്കാലം കഴിച്ചുകൂട്ടിയ എന്റെ കിടപ്പുമുറയിൽ ഞാൻ എല്ലാടവും ഒന്നു അവസാനമായി കണ്ണോടിച്ചുനോക്കി. ലോകത്തെ കീഴടക്കിയിരുന്ന അന്ധകാരത്തിലേക്കു ഞാൻ നോക്കി. അകലെ രണ്ടുമൂന്നു നക്ഷത്രങ്ങൾ ജ്വലിച്ചുകൊണ്ടിരുന്നു. എന്റെ ജീവിതത്തിലും അത്തരം അന്ധകാരം വ്യാപിക്കുമെന്നു ഞാൻ അന്നു വിചാരിച്ചിരുന്നില്ല.

ഞാൻ ദീർഘമായി ഒന്നു നിശ്വസിച്ചു. വിങ്ങിവിങ്ങിക്കൊണ്ടിരുന്ന എന്റെ ഹൃദയത്തെ നിയന്ത്രിക്കുവാൻ എനിയ്ക്ക് കഴിഞ്ഞു. എന്റെ മുറിയിൽ കാലെടുത്തുവെച്ച അമ്മയുടെ മുഖത്ത് നോക്കിയപ്പോൾ എന്റെ കണ്ണുകൾ നിറഞ്ഞു. 'തൊട്ടതിനും എടുത്തതിനുമൊക്കെ' അമ്മയുടെ അടുക്കൽ ചെന്നിരുന്ന എനിയ്ക്ക് മേലിൽ അങ്ങിനെ സാധിക്കയില്ലെന്നു ഓമ്മവന്നു. ദുഃഖംകൊണ്ട്

എൻെറ ഹൃദയം പിങ്ങുന്നുണ്ടായിരുന്നു. ജീവിതയാത്ര യിൽ എനിയ്ക്കു് നേർവഴി കാട്ടിത്തന്ന സ്നേഹവത്സല യായ അമ്മ എന്നെ വാരിയെടുത്തു് ആശ്വസിപ്പിച്ചു.

അനിശ്ചിതമായ 'നാളെ'യെപ്പററിയുള്ള ചിന്ത എന്നെ അലട്ടിക്കൊണ്ടിരുന്നു. ഞാൻ ഒരു പുതിയ ലോക ത്തേയ്ക്കു കാലെടുത്തുവെക്കുകയാണെന്നും എൻെറ സർവ്വ സ്വവും മറെറാന്നുമായി ബന്ധപ്പെട്ടിരിക്കുകയാണെന്നും, എൻെറ ഭർത്താവിൻെറ സർവ്വസുഖദുഃഖങ്ങളിലും ഞാനും പങ്കാളിയായിരിക്കണമെന്നും അവർ സ്നേഹപൂർവ്വം എന്നെ ഉപദേശിച്ചു; കഴിഞ്ഞ സംഭവങ്ങളെ ഓർത്തു ഖേദിക്കരു തെന്നും, എന്നെ പ്രത്യേകം ഓർമ്മിപ്പിച്ചു. അവർ തുടന്നു: ഒരു പെൺകുട്ടിയായ നീ നാളെ ഒരു സ്ത്രീ ആയി മാറുകയാണു്. ആ പദവി നഷ്ടമായാൽ പിന്നീടതു് ലഭി ക്കുക സാദ്ധ്യമല്ല. നിനക്കു് ആവശ്യമുള്ളപ്പോഴൊക്കെ ഉപദേശങ്ങൾ തരുവാൻ ഞാൻ തയ്യാറാണു്; എന്നാൽ നിന്നെ ഇവിടെ കൊണ്ടുവന്നു താമസിപ്പിക്കുക സാദ്ധ്യ മല്ല. നിനക്കു നേരിടേണ്ടിവരുന്ന ഏതു പ്രതിബന്ധങ്ങ ളേയും നീതന്നെ തരണംചെയ്യണം. യാതൊരു സ്വാർത്ഥ വും മുഴച്ചുനില്ക്കാതിരിക്കത്തക്കവണ്ണം നിൻേറയും നിൻെറ ഭർത്താവിൻേറയും ആത്മാക്കൾ താദാത്മ്യം പ്രാപിച്ചിരി ക്കണം. നല്ലതായാലും ചീത്തയായാലും നീ എപ്പോഴും നിൻെറ ഭർത്താവിനോടു് യോജിക്കണം. അദ്ദേഹത്തെ അനുസരിച്ചു് അദ്ദേഹത്തിൻെറ ഒപ്പം പൊരുതി ജീവി തവിജയം വരിക്കുക. അതാണു് ഏതൊരു സ്ത്രീയുടേയും ഉത്തമമായ കടമ."

ഈ നിമിഷംവരേയും ഞാൻ അമ്മയുടെ ആ വാക്കുകളെ തെററിനടന്നിട്ടില്ല. ദിലീപിനെപ്പററിയല്ലാതെ എന്നെപ്പററി ഞാൻ ചിന്തിക്കാറേയില്ല.

*         *         *         *

സപ്തേമ്പർ 2:—

ഞങ്ങളുടെ വിവാഹത്തിൻെറ മൂന്നാംവാഷിർകമാണ് ഇന്ന്. തികച്ചും ആനന്ദോന്മത്തരായിത്തന്നെ ഈ മൂന്നു കൊല്ലങ്ങൾ ഞങ്ങൾ പിന്നിട്ടു. അദ്ദേഹത്തിന്ന് എന്നിലുള്ള സ്നേഹത്തിന്നു അല്പമെങ്കിലും കുറവു് പററിയിട്ടില്ല. ഞാൻ ദൈവത്തോട്ട് കടപ്പെട്ടവളാണ്. ഞങ്ങളുടെ അനുരാഗം പാകിയ വിത്ത് മുളയ്ക്കുവാൻ തുടങ്ങിയിരിക്കുന്നുവെന്ന് ഇന്നു രാവിലെ ഞാൻ ദിലീപിനോട്ട് പറഞ്ഞപ്പോൾ അദ്ദേഹത്തിൻെറ ആഹ്ലാദത്തിന്നതിരുണ്ടായിരുന്നില്ല. അദ്ദേഹം എന്നെ ഹൃദയത്തോടുചേൎത്തു ആലിംഗനംചെയ്തു. നാളെ കടല്ക്കരക്കുപോയി ഉല്ലസിക്കണമെന്നു അദ്ദേഹം പറഞ്ഞു.

ഇന്നു രാത്രി ദിലീപിന്നു എന്നെപ്പററി മാത്രമെ വിചാരമുള്ളു.

ഞങ്ങൾ വരാന്തയിലിരുന്നു സംസാരിച്ചുകൊണ്ടിരിക്കെ പെട്ടെന്നു അദ്ദേഹം എന്തോ ഒരു വേദന സഹിക്കുന്നതായി എനിക്കു മനസ്സിലാക്കുവാൻ സാധിച്ചു. എന്താണതെന്നു ഞാൻ ചോദിച്ചു.

"ഒന്നുമില്ല സുമിത്രേ; വയററിൽ ഒരു ചെറിയ വേദന. വേഗത്തിൽ സുഖപ്പെടും." എൻെറ അമ്പരപ്പു കണ്ടു അദ്ദേഹം വീണ്ടും പറഞ്ഞു. "സാരമില്ല ഓമനേ;

ഒരു ചെറിയ വയററിൽ വേദന മാത്രമാണ്. പരിഭ്രമിയ്ക്കാതെ സന്തോഷമായിരിക്കൂ."

ഞാൻ ചോദിച്ചു: "എന്നാൽ താങ്കൾ കുറച്ചു ദിവസമായി ശരിക്ക് ആഹാരം കഴിക്കാതിരിക്കുന്നതെന്തുകൊണ്ടാണ്?" "വരു, വരൂ. ഒരു മണൽത്തരിയെ വലിയ പർവ്വതമാക്കി കാട്ടാതിരിക്കൂ."

അദ്ദേഹം ഇത്തരം കാര്യങ്ങളെപ്പററി ചുരുക്കമായേ സംസാരിക്കാറുള്ളൂ. ദിലീപിൻെറ ആരോഗ്യത്തെക്കുറിച്ച് എനിയ്ക്ക് സംശയം തുടങ്ങി. എൻെറ മനസ്സ് വല്ലാതെ അസ്വസ്ഥമായി. അദ്ദേഹം ഉറക്കത്തിൽ വേദനകൊണ്ടു കരയുകയും, തിരിഞ്ഞും മറിഞ്ഞും കിടക്കുകയും ചെയ്തുകൊണ്ടിരുന്നു. ഞാൻ അദ്ദേഹത്തിൻെറ കിടക്കയിൽ ഇരുന്നുകൊണ്ട് ദിലീപിനെ രക്ഷിയ്ക്കുവാൻ ദൈവത്തോട് പ്രാത്ഥിച്ചു.

ഒക്ടോബർ 4.

എൻെറ ദിലീപിന്നു തീരെ സുഖമില്ല. ഭക്ഷണം കഴിഞ്ഞാലുടൻ വേദന തുടങ്ങുകയായി. ഈശ്വരൻ എന്തിനാണിങ്ങിനെ ഞങ്ങളുടെ സുഖജീവിതത്തിൽ കരിനിഴൽ വീശുന്നതു്!

അന്നു കടൽക്കരയ്ക്കുപോയി ഞങ്ങൾ കാററുംകൊണ്ടങ്ങനെയിരുന്നപ്പോൾ, ക്ഷണികമായ ഈ ജീവിതത്തെപ്പററി ചിന്തിച്ചുകൊണ്ടിരുന്ന ഞാൻ, അദ്ദേഹത്തിൻെറ കൈകളിൽ തലയും ചായ്ചുകൊണ്ട് വിശ്രമിച്ചു. എൻെറ ദേഹം വിറക്കുന്നുണ്ടായിരുന്നു; എന്നാൽ അദ്ദേഹം

എന്നെ ആലിംഗനംചെയ്യതോടെ എല്ലാ ദുരാലോചനകളും എന്നെ വിട്ടുമാറി.

വിഷാദാത്മകമായ ഒരു പുഞ്ചിരിയോടുകൂടി അദ്ദേഹം ചോദിച്ചു: "ഓമനേ, ഈ ആനന്ദം ശാശ്വതമാണോ?"

"എന്തിനാണ് ദിലീപ്, സംശയം?"

"നാം ഇത്രയധികം സുഖിക്കുന്നതുകൊണ്ടു എനിക്കു ഭയമാവുകയാണ്. എനിയ്ക്കു ഭയമുണ്ടു്; വല്ലതും........"

വൈകുന്നേരം ഞങ്ങൾ കാറിൽ മടങ്ങുകയായിരുന്നപ്പോൾ നല്ല കാററുണ്ടായിരുന്നു. അതെനിയ്ക്കു വളരെ ആശ്വാസം നൽകി. ഉറങ്ങുന്നതിന്നു മുമ്പായി അദ്ദേഹത്തിൻെറ വേദന വളരെ വൎദ്ധിച്ചു. എനിക്കാവുംവിധം ഞാനദ്ദേഹത്തെ ശുശ്രൂഷിച്ചു. കുറെ കഴിഞ്ഞ് ദിലീപ് ഒരു വിധത്തിൽ ഒന്നുറങ്ങി.

* * * *

നവമ്പർ 27.

ഓരോ ദിവസവും ദിലീപിൻെറ വേദന വൎദ്ധിച്ചുകൊണ്ടുവരികയാണ്. അദ്ദേഹത്തിൻെറ യൌവ്വനവും ആവേശവും നശിച്ചുകൊണ്ടേ വരികയാണ്. ആ ചിരി! അതിൻെറ അഭാവം എനിയ്ക്കു സഹിക്കുവാൻ കഴിയുന്നില്ല. രാവിലെ മുതൽ ഉറങ്ങുന്നതുവരെ ഇവിടുത്തെ അന്തരീക്ഷം അദ്ദേഹത്തിൻെറ ചിരികൊണ്ടു് മുഖരിതമാവാറുണ്ടു്. അവിസ്മരണീയമായ അതിൻെറ ആവശ്യകത! എന്നാൽ ഇപ്പോൾ ഇവിടെ നിതാന്തനിശ്ശബ്ദത വ്യാപിച്ചിരിക്കയാണ്. ജനാലയിൽക്കൂടി വിശാലമായ അന്തരീക്ഷത്തി

ലേക്കു് നോക്കിക്കൊണ്ടു്, ഒരു കസേരയിൽ എത്രനേരമെങ്കിലും അദ്ദേഹം അങ്ങിനെയിരിക്കും. ഏതായാലും ഞാൻ ചതിക്കപ്പെട്ടില്ല. അദ്ദേഹം വിഷമെന്നാപോലെ ആഹാരം കഴിയ്ക്കും. വല്ലതും കഴിക്കാൻ ഞാൻ നിർബ്ബന്ധിച്ചാൽ അതു അദ്ദേഹത്തിന്റെ വേദന അസഹ്യമായ വിധത്തിൽ വർദ്ധിപ്പിക്കാനിടവരുത്തും. ഇന്നാലേയും ഇന്നും അദ്ദേഹം ഛർദിച്ചു; അതിൽ രക്തവും കലന്നിരുന്നു. കരയാതിരിക്കുവാൻവേണ്ടി ഞാൻ വളരെ യത്നിച്ചു. എന്റെ ഹൃദയവേദന അദ്ദേഹം അറിയരുതെന്നു ഞാൻ ആഗ്രഹിക്കുന്നു. അദ്ദേഹത്തെ സന്തോഷിപ്പിക്കാൻ ഞാൻ പലതും പറഞ്ഞുനോക്കി.

"ഓമനേ! സാധു, നീയും എത്രമാത്രം സഹിയ്ക്കുന്നു!" അങ്ങിനെ ഓരോന്നു സംസാരിച്ചുകൊണ്ടു് ഞങ്ങൾ വളരെ നേരം ഇരുന്നു.

* * * *

ജനുവരി 3.

ഹാ! ദൈവമേ, അങ്ങു ഇത്ര ക്രൂരനാണോ? ഒരൊററ ഹൃദയത്തേപ്പോലും അല്പമെങ്കിലും വേദനിപ്പിച്ചിട്ടില്ലാത്ത എന്റെ ദിലീപ് എന്തിനാണു് ഇത്ര കഠിനമായ വേദന സഹിക്കാനിടയാകുന്നതു്? ദിലീപിന്റെ വയററിൽ 'കാൻസർ, ആണെന്നറിഞ്ഞതോടെ ഞാൻ ഏതാണ്ടു് ഒരു ഭ്രാന്തിയായിരിക്കയാണു്. എന്റെ വ്യസനത്തെ കുറക്കുവാനായി ദിലീപും ഡോക്ടരും ഈ രഹസ്യം ഇതുവരെ എന്നിൽനിന്നൊളിച്ചുവെച്ചു. തനിക്കു ചെയ്യാൻ സാധിയ്ക്കുന്നതൊക്കെ താൻ ചെയ്തിട്ടുണ്ടെന്നു ഡോക്ടർ പറഞ്ഞു.

സനിഷ്കൃഷ്മായ പരിചരണമാവശ്യമായതിനാലാണത്രെ ഡോക്ടർ ഇപ്പോഴെങ്കിലും എന്നോട് ഇതു പറഞ്ഞതു്. അദ്ദേഹം അനുഭവിക്കേണ്ടിയിരിക്കുന്ന കഷ്ടതകളേയും, മരണത്തേയും ഓൎത്തു് ഇന്നു മുഴുവൻ ഞാൻ കരഞ്ഞുകൊണ്ടിരുന്നു. ഈശ്വരാ, എനിയ്ക്കുവേണ്ടി, എന്റെ കുഞ്ഞിനുവേണ്ടി, അങ്ങ് അദ്ദേഹത്തിന്റെ ജീവനെ രക്ഷിയ്ക്കേണമേ!

ദിലീപ് ഏഴോ എട്ടോ മാസംവരെ ജീവിച്ചിരുന്നേക്കാനിടയുണ്ടെന്നു ഡോക്ടർ പറഞ്ഞു. എന്നാൽ ആ മാസങ്ങൾ 'കഠോര'ങ്ങളായിരിക്കും. വളരെ നേരം കഴിഞ്ഞതിന്നുശേഷം എനിയ്ക്കെന്റെ വികാരങ്ങളെ നിയന്ത്രിയ്ക്കുവാൻ സാധിച്ചു. തികച്ചും നിരാശനായ ഒരാളെപ്പോലെ അദ്ദേഹം ഒരിടത്തിരിക്കുകയായിരുന്നു. ഞാൻ അദ്ദേഹത്തിന്റെ കാല്ക്കലിരുന്നു പൊട്ടിക്കരഞ്ഞു. അതുകണ്ടു് അദ്ദേഹം പറഞ്ഞു: "സുമിത്രേ, കരയാതിരിക്കൂ. വയററിലുള്ള കുട്ടിയുടെ ആരോഗ്യത്തിന്നു അതു കേടാണു്."

അദ്ദേഹത്തെ ആശ്വസിപ്പിക്കുന്നതിന്നു പകരം, എന്റെ വേദന പ്രകടിപ്പിച്ചു് അദ്ദേഹത്തിന്നു അസ്വാസ്ഥ്യം വരുത്തിയ എന്റെ സ്വാൎത്ഥത്തെക്കുറിച്ചു എനിയ്ക്കു് ബോധമുണ്ടായി. ഇനിയും പുറത്തുവന്നിട്ടില്ലാത്ത എന്റെ കുട്ടിയുടെ നന്മയോൎത്തു്, മേലിൽ കരയുകയില്ലെന്നു, ഞാൻ തീരുമാനിച്ചു.

"ദൈവം ക്രൂരനാണു് ദിലീപ്." ഞാൻ പറഞ്ഞു. "മനുഷ്യൻ സുഖിക്കുന്നതു് എന്തുകൊണ്ടാണു് അവിടുത്തേക്കു് കണ്ടുകൂടാത്തതു്?"

അദ്ദേഹത്തിൻെറ ചുണ്ടിൽ ഒരു പുഞ്ചിരി പ്രത്യക്ഷമായി. "നേരെ മറിച്ചാണ് സുമിത്രേ, ദൈവം ഇഷ്ടപ്പെട്ടുന്നവർ ചെറുപ്പത്തിൽത്തന്നെ മരിക്കുന്നു." ദിലീപ് പറഞ്ഞു "ദൈവം മാത്രമല്ലല്ലോ അങ്ങയെ സ്നേഹിക്കുന്നത്. ഞാൻ അതിരററു സ്നേഹിക്കുന്നുണ്ട്. എനിക്കു ആവശ്യമായിരിക്കെ, ദൈവത്തിന്ന്, അങ്ങയെ ആവശ്യമില്ല." അദ്ദേഹം കസേരയിലേക്കു മലൎന്നുകൊണ്ടു പറഞ്ഞു: "ദൈവം എന്നെ തിരികെ വിളിക്കുകയാണെങ്കിൽ, എനിക്കു പകരം വല്ലവരേയും നിയോഗിക്കാതിരിക്കുകയില്ല. പിറക്കുവാനിരിക്കുന്ന ആ കുഞ്ഞിൽ എൻെറ ചൈതന്യം തികച്ചും കാണപ്പെട്ടും. നിൻെറ ജീവിതം വ്യൎത്ഥമാവുകയില്ല.

അങ്ങിനെ എത്രനേരം ഞാനദ്ദേഹത്തിൻെറ അടുത്തിരുന്നുവെന്നു ഞാനറികയില്ല.

*　　*　　*　　*

ജനുവരി 5.

ഇന്നു പകൽ മുഴുവൻ ഞാൻ അദ്ദേഹത്തിൻെറ അടുത്ത് ഓരോന്നു സംസാരിച്ചുകൊണ്ടിരുന്നു. ഞങ്ങൾക്ക് പിറക്കുവാൻപോകുന്ന കുഞ്ഞിനെപ്പററി സംസാരിക്കുന്നത് അദ്ദേഹത്തിന്നു വളരെ സന്തോഷമാണ്. വേദനയുടേയും വരാനിരിക്കുന്ന മരണത്തിൻേറയും ലക്ഷണങ്ങൾ എനിക്ക് അദ്ദേഹത്തിൻെറ കണ്ണുകളിൽ കാണാൻ കഴിഞ്ഞിരുന്നു. വേദന അസഹ്യമായിത്തീരുമ്പോഴുള്ള അദ്ദേഹത്തിൻെറ ഓരോ നോട്ടവും എൻെറ ഹൃദയത്തെ

ക്ഷണം ക്ഷണമാക്കിക്കൊണ്ടിരുന്നു. ആ രോഗം എനിക്ക് ഏററുവാങ്ങുവാൻ സാധിക്കുമായിരുന്നെങ്കിൽ, ഞാൻ തീച്ചയായും അങ്ങിനെ ചെയ്യുമായിരുന്നു. അദ്ദേഹം എൻെറ കൈകളിൽ അമന്നു; ഒരു റബ്ബർപ്പന്തുപോലെ ഘനമില്ലാതായിത്തീന്നിരുന്നു അരോഗദൃഢമായിരുന്ന ആ ശരീരം. ബലിഷ്ഠങ്ങളായ ആ കൈകളിൽ അമന്നു കൊണ്ട് ചുംബനങ്ങളേററ എൻെറ വിവാഹദിനത്തെ ഞാൻ സ്മരിക്കുന്നു. എന്നാൽ ആ ശരീരത്തിന്നു എൻെറ കൈകഠം ഇന്ന് ആശ്രയമായിത്തീന്നിരിക്കുന്നു! അദ്ദേഹം എന്നെ നോക്കിപ്പറഞ്ഞു: "സുമിത്രേ, എനിക്കു ഭയമാവുന്നു! ഇനിയും അനുഭവിക്കേണ്ടിവരുന്ന കഷ്ടപ്പാടുകളെപ്പററിയും ഇങ്ങിനെ ഇഞ്ചിഞ്ചായി മരിക്കേണ്ടതിനെപ്പററിയും വിചാരിക്കുമ്പോഠം എനിയ്ക്കു ഭയമാവുന്നു."

ഞാൻ അദ്ദേഹത്തെ ഒരു പിഞ്ചുപൈതലിനെപ്പോലെ എൻെറ ഹൃദയത്തോട് ചേത്തുകൊണ്ടു പറഞ്ഞു. "ഇങ്ങിനെയൊന്നും പറയാതിരിക്കു—അങ്ങിനിയും വളരെക്കാലം ജീവിച്ചിരിക്കും."

"സുമിത്രേ," അദ്ദേഹം പറഞ്ഞു: "ഈ കഠോരമായ മരണത്തിൽനിന്നും എന്നെ രക്ഷിക്കുവാൻ ഡോക്ടക്ക് സാധിക്കുകയില്ലേ? എനിക്കു ശാന്തമായി മരിക്കുവാൻ കഴിയുകയില്ലേ! ഓമനേ, ആക്കുമൊന്നും ചെയ്യാൻ സാധിക്കുകയില്ലേ! എനിക്കു മരണത്തിൽ ലേശമെങ്കിലും ഭയമില്ല. പക്ഷെ ഇത്തരം മരണം..........." അദ്ദേഹം ഒരു കുട്ടിയെപ്പോലെ ഏങ്ങിയേങ്ങിക്കരയുവാൻ തുടങ്ങി. ഒരു പുരുഷൻ കരയുന്നതു് ഞാനിതുവരെ കണ്ടിട്ടില്ല. ദിലീപ്

കരയുന്നതു് കണ്ടപ്പോൾ, എനിക്കു വല്ലാത്ത നിരാശ തോന്നി. ഞാൻ ദൈവത്തെ എത്രമാത്രം വെറുക്കുന്നു! അതെ, ഈശ്വരനെ ഞാൻ വെറുക്കുന്നു!! തീൎച്ചയായും വെറുക്കുന്നു!!!

* * * *

ജനവരി 15.

രാത്രി മുഴുവൻ ഞാൻ ഉറക്കമൊഴിഞ്ഞു. അദ്ദേഹത്തേയും താങ്ങിക്കൊണ്ടു് ഞാനങ്ങിനെയിരുന്നപ്പോൾ എനിക്കു് ഒരു വഴിതോന്നി. ആദ്യം ഞാൻ ലജ്ജയോടും ഭയത്തോടുംകൂടിയാണ് അതിനെപ്പററി ചിന്തിച്ചതു്. ഏഴെട്ടുമാസം നരകിച്ചു നരകിച്ചു മരിക്കുന്നതിനേക്കാളും, സമാധാനമായി വേഗത്തിൽ മരിക്കുന്നതല്ലേ നല്ലതു്? എന്തിനദ്ദേഹം 'യാതന'യിൽ ജീവിക്കുന്നു? പക്ഷെ അതു ചെയ്യുവാനുള്ള ധൈൎയ്യവും ശക്തിയും എനിയ്ക്കുണ്ടോ? അതു ശരിയായിരിക്കുകയില്ലേ?

എൻെറ തലച്ചോറു് പുകഞ്ഞുകൊണ്ടിരിക്കുകയാണു്; എനിക്കാലോചിക്കാൻ സാധിക്കുന്നില്ല. എൻെറ ഹൃദയം തന്നെ ഇതിന്നൊക്കെ സമാധാനം കണ്ടെത്തട്ടെ.

* * * *

ജനവരി 16.

പകൽ മുഴുവൻ ഞാനതിനെപ്പററി ഗാഢമായി ചിന്തിച്ചുകൊണ്ടിരുന്നു. വേദന സഹിക്കാൻ കഴിയാതെ അദ്ദേഹം കഷ്ടപ്പെടുന്നതു് ഞാൻ കണ്ടു. ഞാൻ എന്തെങ്കിലും ചെയ്യണം; അതദ്ദേഹത്തിൻെറ നന്മക്കായിരിക്കുകയില്ലേ? ലോകം എന്താണു് പറയുക? എൻെറ ജീവ

നായകനെ ഈ ആപത്തുകളിൽനിന്നൊക്കെ രക്ഷിയ്ക്കു വാൻ സാധിക്കുകയാണെങ്കിൽ,—മററുള്ളവർ പറയുന്നതിനെ ആർ വിലവെക്കുന്നു? അദ്ദേഹം ഇതിനെപ്പററി എന്താണ് വിചാരിക്കുകയെന്നെനിക്കറിയാം. അതെ, അദ്ദേഹം എന്നെപ്പററി അഭിമാനിക്കും; ആഹ്ലാദിക്കും; എന്തുതന്നെ സംഭവിക്കട്ടെ, ഞാനതു് ചെയ്യുവാൻ തീരുമാനിച്ചുകഴിഞ്ഞു. ഇന്ന രാത്രി മുഴവൻ ഞാനദ്ദേഹത്തെ എൻെറ കൈയിൽ എടുത്തുകൊണ്ട് ഒരിടത്തിരിക്കും; പ്രഭാതത്തിൽ ഞാനതുചെയ്യും. ദൈവം എനിക്കു് മാപ്പുതരട്ടെ.

*   *   *   *

ജനവരി 17.

ഞാനതു ചെയ്തു; ദിലീപ് മരിച്ചു. അല്ല, ഞാനദ്ദേഹത്തെ കൊന്നു........ഇന്നു രാവിലെ അദ്ദേഹം ഉണൎന്നപ്പോഠം ഞാനദ്ദേഹത്തിൻെറ അടുത്തുതന്നെയുണ്ടായിരുന്നു. വെറും എല്ലും തോലും മാത്രമായിക്കഴിഞ്ഞിരുന്ന ആ ശരീരം. അദ്ദേഹത്തിൻെറ പരുപരുത്ത ജീവിതത്തെപ്പററി എനിയ്ക്കു ബോധം വന്നപ്പോഠം ഞാനതു് ചെയ്യാനുറച്ചു. ഉറക്കത്തിനുള്ള ഗുളികകഠം വിഷത്തിൽ പൊതിഞ്ഞു് അവയും വെള്ളവും ഞാൻ അദ്ദേഹത്തിന്നു കൊടുത്തു. അതദ്ദേഹം കഴിച്ചു. ശാശ്വതനിദ്രക്ക് ദിലീപിനെ സഹായിക്കാനായി ഞാനദ്ദേഹത്തെ എൻെറ കൈകളിൽ എടുത്തു. മരുന്നുകഴിച്ച ഉടൻ അദ്ദേഹം കണ്ണടച്ചു ഉറങ്ങി. എനിക്കു കരയാതിരിക്കുവാൻ കഴിഞ്ഞില്ല. ഞാനദ്ദേഹത്തിൻെറ അടുത്തുനിന്നു തെററിയില്ല. രണ്ടു്

മണിക്കൂർ കഴിഞ്ഞശേഷം, ദിലീപ് ഉണർന്നു; ഛർദ്ദിച്ചു. അദ്ദേഹത്തിന്റെ അവസാനമടുത്തുവെന്നു എനിക്കു മനസ്സിലായി. എപ്പോഴെങ്കിലും ഒരാൾ വളരെ സമാധാനമായി മരിച്ചിട്ടുണ്ടെങ്കിൽ അതു ദിലീപ് മാത്രമാണ്. അദ്ദേഹത്തിന്റെ മുഖത്ത് എന്തെന്നില്ലാത്ത ഒരു പ്രശാന്തത കളിയാടിയിരുന്നു. ഞാനദ്ദേഹത്തെ അവസാനമായി ഒന്നു ചുംബിച്ചു. എന്റെ കണ്ണിൽനിന്നു ചുടുകണ്ണീർ ദിലീപിന്റെ ദേഹത്തിൽ പതിച്ചു. അദ്ദേഹത്തിന്റെ മുഖത്ത് സഹജമായ ആ പുഞ്ചിരി പ്രത്യക്ഷപ്പെട്ടു. ഒരിഴഞ്ഞ ശബ്ദത്തിൽ അദ്ദേഹം പറഞ്ഞു. "സുമിത്രേ, അത്ഭുതപൂർവ്വമായ ഒരാനന്ദാനുഭൂതി എനിക്ക് അനുഭവപ്പെടുന്നു. നീ കരയുന്നതുകണ്ടു സഹിക്കുവാൻ എനിക്കു ശക്തിയില്ല. എന്റെ എല്ലാ കഷ്ടതകളിൽനിന്നും ദൈവം എന്നെ വിമുക്തനാക്കുകയാണ്........ഓമനേ, വിടതരൂ. അലൌകികമായ ഈ ജീവിതം പ്രദാനം ചെയ്തതിന്ന് നിനക്ക് വന്ദനം .... " അദ്ദേഹത്തിന്റെ തല നിശ്ചേഷ്ടമായി ഒരു വശത്തേക്കു ചാഞ്ഞു. അപ്പോഴും ആ ശരീരം എന്റെ കൈകളിൽത്തന്നെയായിരുന്നു.

•

എന്റെ ഒന്നിച്ചുതന്നെ താമസിക്കുകയായിരുന്ന അമ്മ ഉടൻതന്നെ ഡോക്ടരെ ഫോണിൽ വിളിച്ചു. താമസിയാതെ ഡോക്ടർ എത്തി. ദിലീപിനെ കൊന്നതിൽ ഞാൻ ലജ്ജിക്കുകയോ നിരാശപ്പെടുകയോ ചെയ്തില്ല. നിർദ്ദയവും നിന്ദാജനകവുമായ പ്രകൃതിയോടുകൂടിയ മരണത്തെ ഞാൻ ചതിച്ചു. നാളെ അദ്ദേഹത്തിന്റെ ഭൌതികാവശിഷ്ടങ്ങൾ ദഹിപ്പിക്കപ്പെടും; അങ്ങിനെ ഇവിടം

ഏകാന്തതയുടെ ആവാസസ്ഥാനമായി മാറും. എന്നാൽ തൽക്കാലത്തേക്കുമാത്രം. ദിലീപിന്ന് എന്നിലുള്ള സ്നേഹത്തിൽനിന്നും ഉടലെടുത്ത ആ ഉപഹാരത്തെ ഇവിടെ ഇട്ടുംവെച്ചാണദ്ദേഹം പോയതു്. അദ്ദേഹത്തിൻെറ ജീവൻ മറെറാരു രൂപം കൈക്കൊള്ളുവാൻ പോകയാണു്. അങ്ങിനെ ആ ചിരി ഇനിയും എനിക്കു കേൾക്കാം! എനിക്ക് എൻെറ കൈകളിൽ ആ ശരീരത്തെ എടുക്കാം; ഹാ! അദ്ദേഹം മരിച്ചിട്ടില്ല!!

*        *        *        *

ഞാൻ എൻെറ ഡയറിയിൽനിന്നും ഈ ഏടുകൾ ഇതിനോടു് ചേർക്കുകയാണു്. എൻെറ മകൻ വളൎന്നുവന്നാൽ അവൻ വായിക്കേണ്ടതിലേക്കാണു് ഞാൻ ഇതു് ഇവിടെ ഇട്ടുംവെച്ചു പോകുന്നതു്.

പ്രഭാതത്തിൽ അവർ വരും; ദിലീപിനെ കൊന്ന കാരണത്തിന്നു് അവർ എന്നെ തൂക്കിലിടും. നിയമത്തിൻെറ കണ്ണിൽ ഞാൻ ഒരു കൊലയാളിയാണു്. നിയമം അതിൻെറ വഴിക്കു തുടരട്ടെ. ആറുമാസം മുമ്പു് കോടതിയിൽവെച്ചു ജഡ്ജി പറഞ്ഞു: "ദയയുടെ പേരിൽ ആക്കും നിയമത്തെ എടുത്തു് കളിച്ചുകൂടാ" എന്നു്. "ശാസ്ത്രവും പുരോഗമിച്ചുകൊണ്ടിരിക്കയാണു്; ഇന്നു ചികിത്സിച്ചു മാററുവാൻ സാധിക്കുകയില്ലെന്നു വിശ്വസിക്കുന്ന രോഗം, നാളെ ഭേദപ്പെടുത്തുവാൻ കഴിഞ്ഞേക്കാം." ജൂറിമാരുടെ ശുപാർശിക്കു് മറുപടിയായാണു് ജഡ്ജി ഇങ്ങിനെ പ്രസ്താവിച്ചതു്. ഞാൻ ചെയ്തതുപോലെ ഇനി ഒരാളും ചെയ്യാതിരിക്കുന്നതിന്നായി, എൻെറ ശിക്ഷയിൽ വിട്ടു

വീഴ്ച ചെയ്യുവാൻ ജഡ്ജി ഇഷ്ടപ്പെട്ടില്ല. എനിക്കു മാപ്പു തരുന്നതു്, കൊലക്കുററത്തിന്നു മാപ്പുകൊടുക്കാമെന്നു ലോകത്തിന്നു് അദ്ദേഹം കാണിച്ചുകൊടുക്കലായിരിക്കുമെന്നും ജഡ്ജി പറഞ്ഞു.

വിധി പ്രസ്താവിച്ചുകൊണ്ടിരിക്കെ, ജഡ്ജിയുടെ മുഖത്തു് സഹതാപം പ്രത്യക്ഷപ്പെട്ടതു് എനിക്കു വ്യക്തമായിക്കാണുവാൻ കഴിഞ്ഞിരുന്നു. ദയയും ന്യായവും തമ്മിൽ അദ്ദേഹത്തിൽ പോരാട്ടം നടത്തുന്നുണ്ടായിരുന്നു. മററുള്ളവർക്കു് അതു മനസ്സിലായിട്ടുണ്ടായിരിക്കയില്ല. എൻെറ ഭർത്താവിനെകൊന്ന ഞാൻ അതേസമയത്തുതന്നെ അദ്ദേഹത്തെ സ്നേഹിക്കുകയും ചെയ്തിരുന്നുവെന്നു പറഞ്ഞപ്പോഠം മററുള്ളവർ അത്ഭുതപ്പെട്ടു. വിഡ്ഢികഠം! നിർമ്മലമായ സ്നേഹത്തെക്കുറിച്ചു അവർക്കെന്തറിയാം? ഞാൻ ദിലീപിനെ കൊന്നു; കാരണം ഞാനദ്ദേഹത്തെ അത്യധികം സ്നേഹിച്ചു.

മരിക്കുന്നതിൽ എനിക്കു ലേശവും ഭയമില്ല; പ്രത്യുത, ഞാനതിനെ സ്വാഗതം ചെയ്യുന്നു. നിയമത്തിൻെറ ഹസ്തങ്ങഠം സുശക്തങ്ങളും അചഞ്ചലങ്ങളും ആണു്.

ദിലീപ് മരിച്ച ആ ദിവസം ഡോക്ടർ പറഞ്ഞു. "അദ്ദേഹം ഇനിയും കുറച്ചു മാസങ്ങഠംകൂടി ജീവിച്ചിരിക്കുമെന്നു ഞാൻ വിശ്വസിച്ചിരുന്നു. ഇത്ര പെട്ടെന്നു മരിച്ചതിൽ ഞാൻ അത്ഭുതപ്പെടുന്നു."

ദിലീപ് വിസർജ്ജിച്ചതൊക്കെ ഡോക്ടർ പരിശോധിച്ചു; അതിൽ വിഷം കണ്ടെത്തുകയും ചെയ്തു. അടുത്ത ദിവസം അമ്മ ധൃതഗതിയിൽ എൻെറ മുറിയിൽ വന്നു്

ഞാൻ ചെയ്ത കുററം കണ്ടുപിടിക്കപ്പെട്ടുവെന്ന ഭയസംഭ്രമങ്ങളോടുകൂടി പറഞ്ഞു. അവർ ഇതു പറയുമ്പോഠം ഞാൻ വികാരശൂന്യയായി അവരെത്തന്നെ നോക്കിക്കൊണ്ടിരുന്നു അവസാനം അമ്മയെ കെട്ടിപ്പിടിച്ചുകൊണ്ടു ഞാൻ പൊട്ടിക്കരഞ്ഞു: "അമ്മേ, എനിക്കങ്ങിനെ ചെയ്യേണ്ടതായിവന്നു. അദ്ദേഹം ഇങ്ങിനെ കഷ്ടപ്പെടുന്നതു് എനിക്കു് കണ്ടുസഹിക്കുവാൻ സാധിച്ചില്ല. അതുകൊണ്ടു് എനിക്ക് അങ്ങിനെ ചെയ്യേണ്ടിവന്നു.''

ആറുമാസങ്ങഠക്കു് മുമ്പാണതു്. എനിയ്ക്കു ഏഴുമാസം ഗർഭമായിരുന്നതുകൊണ്ടു് അന്നു എൻെറ ശിക്ഷ ഉടൻ നടത്തുവാൻ കഴിഞ്ഞില്ല. പ്രസവത്തിന്നു ശേഷമേ ശിക്ഷ നടത്തപ്പെടാൻ പാടുള്ളൂ.

രണ്ടു മാസങ്ങഠക്കുശേഷം ജയിലാസ്പത്രിയിൽവെച്ചു ഞാൻ ഒരാൺകുഞ്ഞിനെ പ്രസവിച്ചു അദ്ദേഹത്തിൻെറ പ്രതിരൂപമാണു് ആ കുഞ്ഞു്. അവനെ എൻെറ അമ്മയുടെ പക്കൽ ഏല്പിക്കുമ്പോഠം ഞാൻ പൊട്ടിക്കരഞ്ഞുപോയി. അവന്നുവേണ്ടി എനിക്കു ജീവിക്കണമായിരുന്നു; ഒരു പ്രണിതഹൃദയയുടെ സ്വാഭാവികമായ അഭിലാഷം മാത്രം................

ഞാൻ അവരുടെ കാലൊച്ച കേഠക്കുന്നു. എഴുത്തു് നിത്തുവാനുള്ള സമയമായി. ഇതു സുരക്ഷിതമായി സൂക്ഷിക്കുവാൻവേണ്ടി ഞാൻ അമ്മയെ ഏല്പിക്കുകയാണു്. എൻെറ മകൻ വളൎന്നുവന്നു ഇതു വായിച്ചാൽ, ഞാൻ ചെയ്തതു് ഏററവും ശരിയാണെന്നു അവൻ മനസ്സിലാക്കും.

അങ്ങിനെ എൻെറ പേരിലുള്ള എല്ലാ കളങ്കങ്ങളും എൻെറ മകൻ കാരണം നീങ്ങിക്കൊള്ളും.

ഞങ്ങളുടെ അലൌകികപ്രേമത്തിൻെറ ഏകസന്താനമായ എൻെറ ഓമനമകന്ന് കൊടുക്കുവാനുള്ള എൻെറ സ്നേഹപൂർവ്വമായ ഏക ഉപഹാരം "ഇതു്" മാത്രമാണ്.

*　　*　　*　　*

# സ്വൎഗ്ഗവും ഭൂമിയും.

അദ്ദേഹം ദേവേന്ദ്രൻെറ പ്രത്യേക വാത്സല്യത്തിന്നു പാത്രീഭൂതനായ ഗന്ധൎവ്വനാണ്. വൃക്ഷത്തെ ലതകൾ എന്നപോലെ അദ്ദേഹത്തെ അപ്സരസ്ത്രീകൾ സദാ ചുററിപ്പററിക്കൊണ്ടിരുന്നു. അദ്ദേഹത്തെ ആദരിക്കാത്തവരായി ദേവലോകത്തിൽ ആരുമില്ല.

അദ്ദേഹത്തിൻെറ ഗാനങ്ങൾ സ്വൎഗ്ഗത്തിൻെറ ശോഭയെ പതിന്മടങ്ങു വൎദ്ധിപ്പിച്ചു. വസന്താഗമത്തോടെ നന്ദവനം പൂത്തുതളിൎത്തു ശോഭിച്ചു.

അന്ന് ഗന്ധൎവ്വൻ അപ്സരസ്സുകളൊന്നിച്ചു ഒരു സഞ്ചാരത്തിന്നിറങ്ങി. അവർ ഭൂമിക്കുതൊട്ടു ആകാശമാൎഗ്ഗമായി നീങ്ങിക്കൊണ്ടിരിക്കെ ഒരു കാഴ്ച്ചകണ്ടു. ഒരു യുവതി തനിച്ചു ഒരു പാറമേലിരിക്കുകയായിരുന്നു. അവളുടെ കവിൾത്തടങ്ങളിലൂടെ കണ്ണുനീർ പ്രവഹിച്ചുകൊണ്ടിരുന്നു. ആ കണ്ണുനീർത്തുള്ളികൾക്ക് മുമ്പിൽ ഇന്ദ്രലോകത്തിലെ നവരത്നങ്ങൾ ശോഭയററതായി ഗന്ധൎവ്വന്ന് തോന്നി. അദ്ദേഹം ജീവിതത്തിൽ ഇന്നാദ്യമായിട്ടാണ് കണ്ണുനീർ കാണുന്നതു്. സ്വൎഗ്ഗത്തിൽ കണ്ണുനീരിന്നു സ്ഥാനമെവിടെ?

ആ കണ്ണുനീർ അദ്ദേഹത്തിൻെറ കരൾ അലിയിച്ചു. ആ യുവതിയോട്ട് ഗന്ധൎവ്വന്ന് സഹതാപം തോന്നി. അദ്ദേഹത്തിൻെറ ഹൃദയം അസ്വസ്ഥമായി. ഈ അസ്വസ്ഥതയും അദ്ദേഹത്തിന്നു പുത്തനാണ്.

ഗന്ധർവ്വൻ യുവതിയെ സമീപിച്ചു. അദ്ദേഹം ചോദിച്ചു: "ഹേ, സുന്ദരീ, ഭവതിയുടെ കണ്ണുകളിൽനിന്നു മുത്തുകളെപ്പോലെ കണ്ണുനീർ വീഴാൻ കാരണമെന്തു്?

യുവതി പറഞ്ഞു: "സഹോദരാ, വിരഹതാപം."

"വിരഹതാപം!.......വിരഹതാപമെന്നാലെന്തു്?" ഗന്ധർവ്വൻ ചോദിച്ചു.

"വാചാമഗോചരമായ ഒരു ഹൃദയവേദന, അതു് അനുഭവൈകവേദ്യം മാത്രമാണു്."

ഗന്ധർവ്വന്നു് ഒന്നും മനസ്സിലായില്ല. അദ്ദേഹം യുവതിയെനോക്കി സ്തംഭിച്ചുനിന്നുപോയി. അപ്സരസ്സുകൾ അദ്ദേഹത്തെ കളിയാക്കുവാൻ തുടങ്ങി. അവൾക്കു് അദ്ദേഹത്തിൻെറ പ്രവൃത്തികൾ നിരർത്ഥകങ്ങളായി തോന്നി. ഒടുവിൽ അവരെനോക്കി ഗന്ധർവ്വൻ "നിങ്ങൾ നടന്നുകൊള്ളുവിൻ, ഞാൻ കുറച്ചുകഴിഞ്ഞു വന്നുകൊള്ളാം" എന്നു പറഞ്ഞു. അവർ മെല്ലെ നടന്നകന്നു.

സ്വർഗ്ഗത്തിൽ തിരിച്ചെത്തിയ ഗന്ധർവ്വനിൽ എന്തോ ഒരു മാററം സംഭവിച്ചതായി കാണപ്പെട്ടു. അദ്ദേഹത്തിൽനിന്നും നിർഗ്ഗളിച്ചൊഴുകാറുള്ള ആനന്ദമയങ്ങളായ ഗാനങ്ങൾ എങ്ങോ പോയ്മറിഞ്ഞു. അദ്ദേഹത്തിൻെറ ഗീതങ്ങളിൽ ഒരു ശോകാത്മകത കടന്നുകൂടി. അദ്ദേഹത്തിൻെറ വീണ മീട്ടുമ്പോഴുള്ള ശബ്ദത്തിൽ വിരഹവേദനയുടെ മാറെറാലി ഒട്ടിപ്പിടിച്ചതായി തോന്നപ്പെട്ടു. സ്വർഗ്ഗത്തിലെല്ലാടവും ഒരു വിഷാദാത്മകഗാനം മാറെറാലിക്കൊണ്ടു. ശോകമെന്തെന്നറിഞ്ഞിട്ടില്ലാത്ത സ്വർഗ്ഗവാസികളുടെ ഹൃദയങ്ങൾ, ആ ഗാനശ്രവണമാത്രയിൽ, അസ്വാസ്ഥ്യങ്ങളായി.

ദേവേന്ദ്രൻ കോപിച്ചു. ആനന്ദമയമായ സ്വർഗ്ഗത്തിൽ ശോകത്തിൻെറ വിത്തുപാകിയ ഗന്ധർവ്വന്ന് ശിക്ഷനൽകി: അദ്ദേഹത്തെ സ്വൎഗ്ഗത്തിൽനിന്നും ഭ്രഷ്ടനാക്കി. ഗന്ധൎവ്വൻ നടുങ്ങിപ്പോയി. അദ്ദേഹം ദേവേന്ദ്രൻെറ മുമ്പിൽ കരുണക്കായി ഭിക്ഷാപാത്രം നീട്ടി. "പ്രഭോ, മാപ്പ്, എന്നെ രക്ഷിക്കണം."

ദേവേന്ദ്രൻ പറഞ്ഞു: "ആറുകൊല്ലം ഭൂമിയിൽ താമസിച്ചശേഷം നീ വീണ്ടും സ്വൎഗ്ഗത്തിലേക്കതന്നെ വന്നുകൊള്ളുക."

ഗന്ധൎവ്വൻ ഭൂമിയിലേക്കിറങ്ങി. മനോവേദന കാരണം എല്ലാ അവയവങ്ങളും നിർജ്ജീവങ്ങളായി അദ്ദേഹത്തിന്നനുഭവപ്പെട്ടു. ഭൂമിയിലുള്ള സകലതും അദ്ദേഹത്തിന്നു പുത്തനാണ്. സ്വൎഗ്ഗത്തിലെ സൗഹൃദങ്ങളുമായിടപഴകിയ അദ്ദേഹത്തിന്ന് ഭൂമിയിലെ അനുഭവങ്ങൾ വേദനാജനകങ്ങളായിരുന്നു. ആ ഹാ! സ്വൎഗ്ഗം! അപ്സരസ്സുകളുമായുള്ള സല്ലാപങ്ങൾ! ആഹ്ലാദത്തള്ളലുകൾ! ആ അമരലോകമെവിടെ? ഈ ആരണ്യത്തിൻെറ ഭയങ്കരതയും ഏകാന്തതയും എവിടെ?

കാട്ടിൽ അലഞ്ഞുതിരിഞ്ഞ് അദ്ദേഹം വിവശനായി. വിശപ്പ് അദ്ദേഹത്തെ കുഴക്കി. ക്ഷീണാധിക്യത്താൽ ഒരു വൃക്ഷത്തിൻെറ ചുവട്ടിൽ വിശ്രമിക്കാൻ കിടന്ന അദ്ദേഹം ക്ഷണത്തിൽ ഉറങ്ങിപ്പോയി.

ഗന്ധൎവ്വൻ ഉണൎന്നു കൺമിഴിച്ചു. മരച്ചില്ലകളിലിരുന്ന് പറവകൾ പാട്ടുപാടുന്നുണ്ടായിരുന്നു. സുഗന്ധത്തേയും വഹിച്ചെത്തിയ ഒരു മന്ദമാരുതൻ അദ്ദേഹത്തെ

തഴുകിക്കൊണ്ടു കടന്നുപോയി. അദ്ദേഹത്തിൻെറ ചുററി ലും ധാരാളം മലരുകൾ വീണുകിടക്കുന്നുണ്ടായിരുന്നു.

ഒരു ഭാഗത്തു് ഒരിലയിൽ കുറെ പഴങ്ങളും ഒരു പാത്ര ത്തിൽ പാലും കിടപ്പുണ്ടായിരുന്നു. ആശ്ചൎയ്യപൂൎവ്വം അദ്ദേ ഹം എഴുന്നേററു. തനിയ്ക്കു് ഈ ഉപചാരങ്ങൾ ചെയ്യാൻ ഉദ്യമിച്ചതാരാണു്?

ഗന്ധൎവ്വൻ ചുററുപാടും നോക്കി; അപ്പോഴാണു് യാഥാൎത്ഥ്യം മനസ്സിലായതു്. വിടൎന്നുവരുന്ന മലർപോലെ അഴകേറിയ, പതിനഞ്ചു് പതിനാറു് വയസ്സ് പ്രായമെ ത്തിയ ഒരു യുവതി മരത്തിൻെറ മറവിൽ ഇരിക്കുന്നുണ്ടാ യിരുന്നു.

ഗന്ധൎവ്വൻ ചോദിച്ചു: "ഭദ്രേ, ഭവതി ആരാണു്? എന്താണു് പേരു്?"

അവർ നാണിച്ചുകൊണ്ടു പറഞ്ഞു: "എൻെറ പേര് 'ഛായ', ഇതാ ഇതിന്നടുത്താണു് ഞാനും അമ്മയും താമസിക്കുന്നതു്." ഒരു മാനിനെപ്പോലെ അവൾ ഓടി മറഞ്ഞു.

ഛായയെക്കണ്ടു ഭ്രമിച്ച ഗന്ധൎവ്വൻെറ കണ്ണുകൾ അവളെ പിന്തുടൎന്നു. അദ്ദേഹത്തിന്നു ദേവലോകത്തെ പ്പററി ഓൎമ്മവന്നു. അപ്സരസ്സുകൾ അദ്ദേഹത്തിൻെറ മനോദൃഷ്ടിക്കു മുമ്പിൽ നൎത്തനംചെയ്യാൻ തുടങ്ങി.

ദിവസങ്ങൾ ഒന്നിനുപുറകെ ഒന്നായി പോയിക്കൊ ണ്ടിരുന്നു. ആകാശം നോക്കിക്കൊണ്ടുതന്നെ ഗന്ധൎവ്വൻ ദിനരാത്രങ്ങൾ പിന്നിട്ടു. സ്വൎഗ്ഗത്തെപ്പററി സദാ നിന ച്ചുകൊണ്ടിരുന്നു. വാനത്തിൽ വല്ല ശബ്ദവുമുണ്ടായാൽ

അദ്ദേഹത്തിൻെറ ശ്രദ്ധ മുഴുവൻ അങ്ങോട്ടുതിരിയും. പക്ഷെ അനുഭവം എല്ലായ്പോഴും നിരാശതന്നെ.

ഛായ എല്ലാ ദിവസവും രണ്ടുനേരം അദ്ദേഹത്തിന്നു ആഹാരം കൊണ്ടുകൊടുത്തുകൊണ്ടിരുന്നു. ചിലപ്പോഠം' അദ്ദേഹം ആഹാരം കഴിച്ചുകൊണ്ടിരിക്കെ, ഛായ അദ്ദേഹത്തിൻെറ സൌന്ദൎയ്യത്തെ നുകൎന്നുകൊണ്ട് അവിടെ അങ്ങിനെ ഇരിക്കും. അവഠം നിത്യവും ഗന്ധൎവ്വൻെറ മരവുരികഠം വൃത്തിയാക്കിക്കൊടുക്കും. ഗന്ധൎവ്വൻ വല്ലതും പറയാൻ തുടങ്ങുമ്പോഴേയ്ക്കും അവഠം ലജ്ജയാൽ തല താഴ്ത്തി ഓടിക്കളയും.

ക്രമേണ അതെല്ലാം പഴക്കമായി. ഗന്ധൎവ്വൻെറ പാട്ടുകഠം കേഠംക്കുവാൻ അവഠംക്കാഗ്രഹമായി. രണ്ടു ദിവസത്തെ പരിശ്രമംകൊണ്ട് ഒരു വീണയുണ്ടാക്കുവാൻ അവഠംക്ക് സാധിച്ചു. ആ വീണ അവഠം ഗന്ധർവ്വൻെറ കാൽക്കൽവെച്ചു വണങ്ങി.

തനിക്കു വളരെ പ്രിയമായ വീണ കയ്യിൽ കിട്ടിയതോടെ ഗന്ധൎവ്വൻെറ നയനങ്ങഠം വികസിച്ചു. ഛായയെ തൻെറ അരികിൽ പിടിച്ചിരുത്തിക്കൊണ്ട് അദ്ദേഹം വീണയുടെ തന്ത്രികഠം മീട്ടിത്തുടങ്ങി. തുടൎന്നുകൊണ്ടു നിൎഗ്ഗളിച്ച മധുരഗാനം ഛായയുടെമേൽ രോമാഞ്ചകഞ്ചുകം, ചാൎത്തി. അവളുടെ മുഖത്ത് വിവിധവികാസങ്ങഠം നടമാടി. അതുകണ്ടു ഗന്ധർവ്വൻെറ നെഞ്ചു് കുളിൎത്തു.

ഛായ രാവും പകലും ഗന്ധർവ്വനെ വിട്ടുപിരിയാതായി. അവഠം അദ്ദേഹത്തിൻെറ ഒന്നിച്ചുതന്നെ താമസിച്ചുതുടങ്ങി. അവഠം ഗന്ധൎവ്വൻെറ കൊച്ചുകുടിലിനെ പ്രഭാതത്തിൽ നറുമലരുകഠംകൊണ്ടലങ്കരിക്കും. അദ്ദേഹ

ത്തിന്നുവേണ്ടി എല്ലാ ദിവസവും നല്ല നല്ല വിഭവങ്ങളോടു കൂടിയ ഭക്ഷണം തയ്യാറാക്കും. അവൾ ചെയ്യുന്നതെന്തും അദ്ദേഹത്തിന്നു വേണ്ടതുമാത്രമായിത്തീൎന്നു.

അപ്സരസ്സുകളോളം സൌന്ദൎയ്യവതിയാണു് ഛായ എന്നു പറഞ്ഞുകൂടാ. അതിനാൽ സ്വൎല്ലോകസുന്ദരികളെ പ്പററിയുള്ള ചിന്ത ഗന്ധൎവ്വനെ അടിക്കടി അലട്ടിക്കൊണ്ടിരുന്നു. അപ്സരസ്സുകളുടെ അഴകും ആകൎഷകത്വവും മററും ഛായക്കില്ലെന്നു ഗന്ധൎവ്വന്നു തോന്നി.

പക്ഷെ ഒരു കാൎയ്യം അദ്ദേഹത്തിന്നു വ്യക്തമായിരുന്നു. സ്വൎല്ലോകമങ്കമാരിൽ കാണാത്ത എന്തോ ഒന്നു്, അദ്ദേഹത്തിന്നു ഛായയിൽ കാണാൻ സാധിച്ചു. ഇതു അദ്ദേഹത്തെ ആഹ്ലാദിപ്പിച്ചു.

ക്രമേണ, ഗന്ധൎവ്വൻെറ ഭൂലോകവാസം അവസാനിപ്പിക്കേണ്ട കാലം അടുത്തു. ഒരു ദിവസം അദ്ദേഹം ഇതേപ്പററി ഛായയോടു് പറഞ്ഞു. ഛായ എല്ലാം സാവധാനമായി കേട്ടു. അവളുടെ കണ്ണുകൾ കലങ്ങി, അവയിൽ നിന്നും ചുടുബാഷ്പകണങ്ങൾ അടൎന്നുവീണു. ഗന്ധൎവ്വന്നു് സഹതാപം തോന്നി. അദ്ദേഹം വിചാരിച്ചു: താൻ ഒരു സ്വൎഗ്ഗവാസി. ഛായ ഭൂമിയിൽ പിറന്ന ഒരുവൾ. രണ്ടുപേൎക്കും തമ്മിൽ എന്തൊരന്തരം!........

ആറുകൊല്ലം തികഞ്ഞു. ഇനി ഒരൊററ ദിവസമേ ബാക്കിയുള്ളു. അടുത്ത ദിവസം അദ്ദേഹത്തെ കൂട്ടിക്കൊണ്ടുപോകുവാൻ ദേവലോകത്തുനിന്നും 'പുഷ്പകവിമാനം' വന്നുചേരും. ഛായയോടു് ഈ വിവരം പറയാതിരിക്ക

കയാണ് നല്ലതെന്ന് അദ്ദേഹം വിചാരിച്ചു. പക്ഷെ ആറു കൊല്ലം തൻെറ ഒന്നിച്ചു താമസിച്ച് തന്നെ ശുശ്രൂഷിച്ചു കൊണ്ടിരുന്ന നിഷ്കളങ്കയായ ഛായയോട്ട് യാത്ര ചോദിക്കകൂടി ചെയ്യാതെ പോകുന്നത് അനുചിതമാണെന്ന അദ്ദേഹത്തിന്നു തോന്നി.

അന്നു വൈകുന്നേരം ഛായ അദ്ദേഹത്തിന്നഭിമുഖമായിരിക്കുകയായിരുന്നു. "ഛായേ, നാളെ എന്നെ കൂട്ടിക്കൊണ്ടുപോകുവാൻ പുഷ്പകവിമാനം വരും. സ്വർഗ്ഗത്തിൽ തിരിച്ചെത്തേണ്ടവനാണ് ഞാൻ." അദ്ദേഹം അവളോട്ട പറഞ്ഞു

ഛായക്ക് സംസാരിയ്ക്കുവാനുള്ള ശക്തിയുണ്ടായിരുന്നില്ല. അവളുടെ കണ്ണുകൾ അദ്ദേഹത്തോട്ട പറഞ്ഞു—കണ്ണീരിലൂടെ. ഗന്ധർവ്വൻെറ ഹൃദയം നൊന്തു. പിന്നീടദ്ദേഹം തന്നത്താൻ സമാധാനിച്ചു: രണ്ടു മൂന്നു ദിവസത്തേക്ക് വലിയ കഷ്ടം തന്നെ; പിന്നീട്ട് എല്ലാം മറക്കപ്പെട്ടേക്കും. ആ പഴയ സ്മരണകളിൽനിന്നെല്ലാം രക്ഷ നേടുവാൻ കഴിഞ്ഞേക്കും.

രാത്രി മുഴവൻ ഗന്ധർവ്വൻ സ്വർഗ്ഗത്തെപ്പററിത്തന്നെ സ്വപ്നം കണ്ടുകൊണ്ടിരുന്നു. അപ്സരസ്സുകൾ, കേളീമണ്ഡലം, ഉദ്യാനങ്ങൾ അങ്ങിനെ പലതും അദ്ദേഹത്തിൻെറ മുമ്പിൽ മാറി മാറി പ്രത്യക്ഷപ്പെട്ടുകൊണ്ടിരുന്നു.

ഛായ രാത്രി കണ്ണ് പൂട്ടിയതേയില്ല. അവൾ ഒരിടത്തിരുന്ന് ഗന്ധർവ്വന്നുവേണ്ടി പുതിയ മരവുരി തയ്യാറാക്കിക്കൊണ്ടിരുന്നു. ആ ഉടുപ്പിൽ നറുമലരുകൾ ധാരാളമായി തുന്നിച്ചേർത്തു. പുലരുമ്പോഴേക്കും, അവൾ അതി

മനോഹരമായ മരവുരി തയ്യാറാക്കി, അതിലെ സൂന ങ്ങളിൽനിന്നും, പുറപ്പെട്ടുന്ന ഗന്ധം, അവിടമെങ്ങും വ്യാപിച്ചു.

ഗന്ധർവ്വൻെറ മനസ്സ് ആനന്ദത്തിൽ ആറാടി; ആഹ്ലാദംകൊണ്ടു മതിമയങ്ങി. അദ്ദേഹത്തിന്നു തൻെറ പുതിയ മനോഹരമായ മരവുരിയിൽനിന്നുയന്ന സുഗന്ധം കൂടെ അനുഭവപ്പെട്ടില്ല. അദ്ദേഹം അണിഞ്ഞൊരുങ്ങിയ തിന്നുശേഷം വിടചോദിക്കുവാൻ ഛായയുടെ അടുത്തു ചെന്നു.

“ഛായേ, എനിയ്ക്കിപ്പോൾ പോകണം. അധികം താമസിച്ചുകൂടാ. ശ്വേതഗിരിയിൽ എന്നെക്കാത്തുകൊണ്ടു പുഷ്പകവിമാനം തയ്യാറായി നില്ക്കുന്നുണ്ടായിരിക്കും.”

ഛായ ഒന്നും പറഞ്ഞില്ല. അവൾ അദ്ദേഹത്തി ൻെറ കാൽക്കൽവീണു വണങ്ങി; അദ്ദേഹത്തിൻെറ പാദ ധൂളിയെ അവൾ അവളുടെ മുഖത്തോട് ചേർത്തു. അവ ളുടെ കണ്ണുനീർകൊണ്ട് അവൾ അദ്ദേഹത്തിൻെറ കാൽ കഴുകി; അദ്ദേഹത്തിൻെറ നെററിയിൽ അവൾ തിലകം ചാർത്തി; തലയിൽ പുഷ്പങ്ങൾ അപ്പിച്ചു. ഗന്ധർവ്വനോട് അവൾ ഒന്നും അപേക്ഷിച്ചില്ല. അദ്ദേഹത്തിന്നു പറയു വാനുള്ളതു് കേൾക്കുവാൻകൂടെ താമസിക്കാതെ അവൾ കുടിലിൽനിന്നും ഇറങ്ങി പുറത്തേക്കുപോയി.

ഗന്ധർവ്വൻ ശ്വേതഗിരിനോക്കി നടന്നു. വഴിയിൽ അദ്ദേഹത്തിന്നു് അസാധാരണമായ ഒരു സുഗന്ധം അനു ഭവപ്പെട്ടു. ആ സുഗന്ധം പുറപ്പെടുന്നതെവിടെനിന്നാ ണെന്നറിയുവാൻ അദ്ദേഹം നാലുപാടും നോക്കി. അദ്ദേഹം

തന്നെത്തന്നെ നോക്കി. താൻ ധരിച്ച വല്ക്കലം അദ്ദേഹത്തിൻെറ ദൃഷ്ടിയിൽപെട്ടു അത്ഭുതം! സുഗന്ധസൂനങ്ങൾ തുന്നിപ്പിടിപ്പിച്ചു മനോഹരമാക്കിയ ആ പുതിയ ഉടുപ്പ്, സ്വർഗ്ഗത്തിലേക്കു പോകുമ്പോൾ ധരിക്കാനായി ഛായ, രാത്രി മുഴുവൻ കണ്ണടയ്ക്കാതെ പണിപ്പെട്ടുണ്ടാക്കിയതായിരിക്കുമെന്നദ്ദേഹം തീച്ച്പ്പെടുത്തി.

അതുവരെ ഭുജിച്ച വിഭവങ്ങളുടെ സ്വാദ് അന്നുമാത്രമാണദ്ദേഹത്തിന്നനുഭവപ്പെട്ടതു്. എന്തൊരു സ്നേഹം! എത്ര മഹത്തരമായ ത്യാഗം! തന്നെ ഇത്രയധികം സ്നേഹിച്ച അവളോട് നന്ദിസൂചകമായ ഒരൊററ വാക്കു കൂടി ഇതുവരെ ഉച്ചരിച്ചിട്ടില്ല!

അദ്ദേഹം, താൻ സ്വർഗ്ഗത്തിൽനിന്നും ഭ്രഷ്ടനാക്കപ്പെട്ട്, ഭൂമിയിൽ എത്തിയ ആ ദിവസത്തെ അനുസ്മരിച്ചു: 'ഞാൻ എൻെറ ഗാനങ്ങളാൽ സ്വർഗ്ഗത്തിലുള്ള സകലരേയും പുളകം കൊള്ളിച്ചു. എന്നിട്ട്, അവരിലൊരുത്തനാൽത്തന്നെ ഞാൻ ഭ്രഷ്ടനാക്കപ്പെട്ടപ്പോൾ ഒരാളെങ്കിലും എന്നെ അനുഗമിക്കുകയോ, അല്ലെങ്കിൽ സഹതാപസൂചകമായി ഒരു വാക്കെങ്കിലും പറയുകയോ ചെയ്തില്ല. ആഹാ! ആ അപ്സരസ്സുകൾ! അവർ എൻെറ ഗാനങ്ങളെ അതിരററാദരിച്ചു. പക്ഷെ എന്നെയല്ല!.........'

പിന്നെ, സ്വർഗ്ഗത്തിൽ, തൻെറ സ്വന്തം ആളായി ആരാണുള്ളതു്? അവിടെ സ്നേഹിക്കപ്പെടാനാരുണ്ട്? ത്യാഗമെവിടെ? കണ്ണുനീരെവിടെ?

• ഛായയുടെ സ്നേഹത്തേയും ത്യാഗത്തേയും മൃദുലസ്വഭാവത്തേയുംപററി ഓക്കുംതോറും ഗന്ധർവ്വൻെറ മനമുരുകിത്തുടങ്ങി; വീണ്ടും അവളെച്ചെന്നുകണ്ട് അവളെ ആശ്വ

സിപ്പിച്ച്, അവളോട് സ്നേഹപൂർവ്വം സംസാരിച്ച്, യാത്രാനുവാദംവാങ്ങി തിരിച്ചുവരേണമെന്ന് മനസ്സാക്ഷി അദ്ദേഹത്തെ ശാസിച്ചു. അദ്ദേഹം ഉടൻതന്നെ തിരികെ കുടിലിനെ ലക്ഷ്യമാക്കി നടന്നു.

ആ കുടിൽ പൂർണ്ണനിശ്ശബ്ദതയിൽ നില്ക്കുന്നതായിക്കണ്ടു. അദ്ദേഹം വിളിച്ചു: "ഛായേ."

ആ സംബോധനയ്ക്കു് മറുപടി ലഭിച്ചില്ല. അദ്ദേഹത്തിൻെറ ശബ്ദം തന്നെ അങ്ങകലെ മാററൊലിക്കൊള്ളുക മാത്രം ചെയ്തു. ഹൃദയത്തുടിപ്പോടെ അദ്ദേഹം വാതിൽ തുറന്നു് അകത്തു് കടന്നു. ഹാ! അവിടെകണ്ട കാഴ്ച!! തൻെറ ഹൃദയത്തുടിപ്പ് എന്നെന്നേക്കുമായി നിലച്ചുപോയതായി ഗന്ധർവ്വനു തോന്നി; അതെ, അദ്ദേഹത്തിൻെറ പഴയ ഉടുപ്പുകൾ മാറോടു ചേർത്ത നിലയിൽ ഛായ മരണത്തിൻെറ പിടിയിൽ അകപ്പെട്ടുകഴിഞ്ഞിരുന്നു!

താങ്ങുവാനാകാത്ത ശോകഭാരത്താൽ ഗന്ധർവ്വൻ മൂർച്ഛിച്ചുവീണു. മോഹാലസ്യത്തിൽനിന്നുണർന്ന അദ്ദേഹം ഛായയുടെ ശവശരീരത്തെ മടയിൽ കിടത്തി അതിനെ കണ്ണീരിൽ കുളിപ്പിച്ചു.

* * * *

സ്വർഗ്ഗത്തിൽനിന്നും പുഷ്പകവിമാനം വന്നു. പക്ഷെ ഗന്ധർവ്വനെക്കൂടാതെതന്നെ അതു മടങ്ങിപ്പോയി. ഛായയുടെ ഒപ്പം താമസിച്ച കാലത്തെ സ്മരണകളെ അയവിറക്കിക്കൊണ്ടു് അദ്ദേഹം ഭൂമിയിൽത്തന്നെ താമസിച്ചു —വേദനയിൽ.

# ശാശ്വതമായ ശാന്തി.

വരാനിരിക്കുന്ന കൊടുങ്കാററിൻെറ ലക്ഷണങ്ങൾ കപ്പലിലുള്ള യാത്രക്കാരെ ഭീതരാക്കി. ഒരു ഭയങ്കരനിശ്ശബ്ദത അവിടെയെങ്ങും വ്യാപിച്ചു. ചുവപ്പും നീലയും ചേർത്തുവരച്ച ഒരെണ്ണച്ചായച്ചിത്രംപോലെ ചക്രവാളം കാണപ്പെട്ടു.

ചിന്താശീലനും ദീർഘകായനുമായ കിരൺ കപ്പലിൻെറ ഒരു ഭാഗത്ത്, തൻെറ കറുത്ത ദൃഷ്ടികളെ അങ്ങുമിങ്ങും ചുററിത്തിരിയുവാനനുവദിച്ചുംകൊണ്ട് നില്ക്കുകയായിരുന്നു. സ്നേഹത്തിനും സഹതാപത്തിനുംവേണ്ടി ദാഹിക്കുന്നവയായിരുന്നു ആ കണ്ണുകൾ. ആ സുന്ദരമായ മുഖത്തിൽ, വിഷാദാത്മകത പ്രത്യക്ഷമായിരുന്നു. താൻ നിന്നതിൻെറ നേരെ ചുവട്ടിൽനിന്ന് ഉണ്ടായ ഒരനക്കം കിരൺെറ ദൃഷ്ടികളെ അങ്ങോട്ടാകർഷിച്ചു. അതൊരു സുന്ദരിയായ ബാലികയായിരുന്നു. എന്തോ ഒന്നെടുത്ത് അദ്ദേഹത്തിൻെറനേരെ കാട്ടിക്കൊണ്ടവൾ ചോദിച്ചു:

"ഇതു നിങ്ങളുടേതാണോ?"

അതദ്ദേഹത്തിൻെറ ഫൌണ്ടൻപേനയായിരുന്നു. കിരൺ പറഞ്ഞു: "അതെ, എൻെറതുതന്നെ. എത്ര സൂക്ഷ്മമില്ലാത്തവനാണ് ഞാൻ!"

"നിങ്ങൾക്കു ഭയമില്ലേ?" ഒരു നിമിഷനേരത്തെ നിശ്ശബ്ദതയ്ക്കുശേഷം ആ ബാലിക ചോദിച്ചു.

"ഭയമോ? എന്തിനെ?" ആശ്ചര്യത്തോടെ കിരൺ ചോദിച്ചു.

"കൊട്ടങ്കാററിന്നെ; ഇപ്പോഠം വരാനിരിക്കുന്ന കൊട്ടങ്കാററിന്നെ ഭയമില്ലേ?......" "നിങ്ങഠം ധാരാളം യാത്ര ചെയ്തു് ശീലമുള്ള ഒരാളായിരിക്കാം" അവഠം പറഞ്ഞു.

"ഇതാണെൻെറ ആദ്യത്തെ കപ്പൽയാത്ര." കിരൺ ചിരിച്ചുംകൊണ്ടു പറഞ്ഞു. കുറച്ചുനേരത്തെക്കു നീണ്ടു നിന്ന മൌനത്തെ ഭഞ്ജിച്ചുകൊണ്ടവഠം പറഞ്ഞു: "നിങ്ങഠം വളരെ ദുഃഖിച്ചിരിക്കയാണു്."

"നിങ്ങഠംക്കങ്ങനെ തോന്നുവാനെന്താണു് കാരണം?" ഒരു പതിഞ്ഞ സ്വരത്തിൽ കിരൺ ചോദിച്ചു.

"നിങ്ങളുടെ മുഖത്തുനോക്കുന്നവൎക്കൊക്കെ അതു കാണുവാൻ സാധിക്കും." സഹതാപത്തോടുകൂടി അവഠം പറഞ്ഞു.

കിരൺ അത്ഭുതപ്പെട്ടു. തന്നോടിതാദ്യമായിട്ടാണു് ഒരാഠം ഇത്രയും സ്നേഹപൂർവ്വമായി സംസാരിക്കുന്നതു്!

"ഞാൻ വല്ലാതെ വ്യസനിക്കുന്നു." കിരൺ പറഞ്ഞു.

"കാരണം?" അവർ ചോദിച്ചു.

"കാരണം എനിക്കച്ഛനമ്മമാരില്ല; വീടില്ല."

"അവർ മരിച്ചുപോയോ?"

"മരിച്ചതിന്നു സമം്തന്നെ .... അവരെന്നെ വെറുക്കുന്നു. അവരും വീട്ടിലുള്ള മറെറല്ലാവരും......" കിരൺ തൻെറ മുഖം തിരിച്ചു; അദ്ദേഹത്തിൻെറ കണ്ണുകഠം നിറഞ്ഞു; തൊണ്ടയിടറി.

"ഷീലാ!" ആ ഇരുട്ടിനെ ഭേദിച്ചുംകൊണ്ടു് ഒരു ശബ്ദം കേട്ടു. അവഠം ഉടൻ വിളികേട്ട ദിക്കിലേക്കു പോയി. "ഷീലാ." കിരൺ തന്നത്താനറിയാതെ മന്ത്രിച്ചുപോയി. ആ രണ്ടക്ഷരം—അതദ്ദേഹത്തെ വല്ലാതാകൎഷിച്ചു.

*  *  *  *

കപ്പൽ ബർമ്മാകടലിൽ പ്രവേശിച്ചുകഴിഞ്ഞു. പല വിധത്തിലുള്ള ബോട്ടുകളും തോണികളും ചുററിത്തിരിഞ്ഞുകൊണ്ടിരിക്കുന്നത് കാണാനുണ്ടായിരുന്നു. മിക്കവയും നെല്ലുകയററിയവയായിരുന്നു. പെട്രോളും എണ്ണവിത്തുകളും മററും കയററിയവയും ധാരാളമുണ്ട്. തുറമുഖത്ത് മരത്തടികൾ അട്ടിയായിവെച്ചിട്ടുണ്ട്. ആ പ്രഭാതത്തോടുകൂടി റങ്കൂൺപട്ടണം കിരൺെൻറ ദൃഷ്ടിക്ക് വിഷയമായി.

കിരൺെൻറ അമ്മാമൻ റങ്കൂണിൽ ഒരു മരക്കച്ചവടക്കാരനാണ്; കിരൺ അദ്ദേഹത്തിൻെറ അടുക്കലേക്കു പോവുകയാണ്.

കിരൺ തൻെറ മാതുലൻെറ വീട്ടിൽ കാലെടുത്തുവെച്ച ആ നിമിഷത്തിൽതന്നെ അയാൾക്ക് തോന്നി, താൻ അവിടെ നിരസിക്കപ്പെട്ട ഒരതിഥിയാണെന്ന്. അമ്മായി അദ്ദേഹത്തെ വീട്ടുജോലിക്കായി നിയോഗിച്ചു. ആ വീട്ടുകാർക്ക് അയാളുടെനേരെ അല്പമെങ്കിലും സഹതാപം ഉണ്ടായിരുന്നില്ല.

അന്നൊരു ചന്തദിനമാണ്. കിരൺ തൻെറ രണ്ടു കൈകളിലും നിറയെ സാമാനങ്ങളും വഹിച്ചുകൊണ്ടു് പീടികകൾതോറും നടക്കുകയായിരുന്നു. ആ തിരക്കിൽ തൻെറ കീശയിൽനിന്നു് ഒരു 10ക.നോട്ട് പറന്നുപോകുന്നതു് കിരൺ കണ്ടില്ല. തൻെറ ചുമലിൽ ആരോ തൊട്ടപ്പോൾ കിരൺ അങ്ങോട്ടുനോക്കി. ഷീല അദ്ദേഹത്തിൻെറ അടുത്തു് നിൽക്കുന്നുണ്ടായിരുന്നു.

ഒരു പുഞ്ചിരിയോടുകൂടി, ഷീല ആ പറന്നുപോയ ഉറുപ്പികനോട്ട് അദ്ദേഹത്തിന്റെ കയ്യിൽ കൊടുത്തു.

"ഞാൻ രണ്ടുപ്രാവശ്യമായി സഹായിക്കുന്നു, അല്ലേ?" ഷീല ചോദിച്ചു.

കിരൺ ചിരിച്ചുകൊണ്ടു പറഞ്ഞു: "ഭവതിക്ക് വന്ദനംമാത്രം പറഞ്ഞാൽപോരാ; വരൂ! നമുക്ക് കുറച്ചു ചായ കുടിക്കാം."

അവർ രണ്ടാളും അടുത്തുള്ള ഒരു ചായക്കടയിൽ കയറി. ഒരു കുരുടനായ തെണ്ടി ഒരു മൂലയിലിരുന്ന് 'ഗീതാർ' മീട്ടുന്നുണ്ടായിരുന്നു.

ചായ കുടിച്ചുകൊണ്ടിരിക്കെ ഷീല ചോദിച്ചു: "നിങ്ങൾ എന്തിനാണ് വ്യസനിക്കുന്നത്?"

"ഭവതിക്കറിയണമോ?"

"വേണം."

"നിങ്ങൾക്ക മടുപ്പുതോന്നുമോ?"

"വെറുതെ വിഡ്ഢിത്തം പറയാതിരിക്കൂ. കിരൺ."

കിരൺ തന്റെ കഥ പറയുവാൻ തുടങ്ങി. "എന്റെ ജനനം തന്നെ എന്റെ നിർഭാഗ്യമായിരുന്നു. ഞാൻ ജനിച്ച് ഒരു മാസം തികയുന്നതിന്നു മുമ്പായി, എന്റെ രണ്ട് സഹോദരന്മാരും കോളറപിടിച്ചു മരിച്ചു. വീട്ടിലുള്ളവർക്കൊക്കെ താനൊരു ദുശ്ശകുനമായിത്തീർന്നു. ജ്യോതിഷക്കാരും മററും മററും വീട്ടുകാരുടെ വിദ്വേഷത്തിന്നു വളമിട്ടു. "കുട്ടി ശനിദശക്കാരനാണ്......" അങ്ങിനെ തുടർന്നു, അഭിപ്രായഗതികൾ.

“മററുള്ളവരുടെ ലാളനകൾക്ക് ഞാൻ പാത്രമായില്ല. എൻെറ ഇളയസഹോദരന്മാർ സുഖിച്ചുവളൎന്നു. എന്നെ പലപ്പോഴും അടിച്ചുകൊണ്ടിരിക്കുക പതിവാണ്. എനിക്ക് ഒരു വിധത്തിൽ ആഹാരം ലഭിച്ചുപോന്നുവെന്നു മാത്രം; പ്രവൃത്തിക്കാർകൂടെ എന്നെ നിന്ദിച്ചുകൊണ്ടിരിക്കാറുണ്ടായിരുന്നു. അതൊന്നും ആരും ഗൌനിച്ചില്ല.” കിരൺ നിൎത്തി.—

ഷീലയുടെ ചുരുളമുടിയിൽനിന്നും ചില അട്ടികൾ സ്ഥാനംതെററി അവളുടെ മുഖത്തുവീണു. അതു നോക്കിക്കൊണ്ടിരുന്ന കിരൺ പറഞ്ഞു: “ഷീലെ, ഭവതി ഒരു സുന്ദരിയാണ്.”

“എന്തു്?” ആശ്ചര്യപൂർവ്വം ഷീല പറഞ്ഞു. “അതു് താങ്കളുടെ ചരിത്രത്തിൻെറ ഒരു ഭാഗമാണെന്നു ഞാൻ കരുതുന്നില്ല.”

”ശരി.” കിരൺ പറഞ്ഞു. “ഇപ്പോൾ അതെൻെറ കഥയുടെ ഒരു ഭാഗമായിത്തീൎന്നിരിക്കയാണ്.”

“ദയവുചെയ്തു ‘കഥ’ തുടരു.” ഷീല പറഞ്ഞു.

അങ്ങിനെ വൈരുദ്ധ്യങ്ങളുടെ നടുവിൽ ഞാൻ വളൎന്നു; ഞാൻ മരിച്ചില്ല! അങ്ങിനെ യുവാവായിത്തീൎന്ന എന്നെ എന്തുചെയ്യേണമെന്നാലോചിച്ചു് അച്ഛൻ വളരെ ബുദ്ധിമുട്ടി. ഒടുവിൽ, വിധിയാൽ ശപിക്കപ്പെട്ട എന്നിൽനിന്നും ‘തറവാടി’നെ രക്ഷിക്കുന്നതിന്നായി അദ്ദേഹം എന്നെ റങ്കൂണിലേക്കു കപ്പൽ കയററിവിട്ടു.”

“റങ്കൂണണിലെത്തിയിട്ടോ?” ഷീല ചോദിച്ചു.

"ഇവിടെ ഞാൻ അമ്മാമൻെറ വീട്ടിൽ താമസി ക്കുകയാണ്. എൻെറ സ്വന്താ വീട് 'തീ' ആയിരുന്നവെ ങ്കിൽ ഇത് 'നരകം'തന്നെയാണ്; സംശയമില്ല. ഇവിടെ ഞാൻ ഒരു ക്ലാക്കും, അരിവെപ്പുകാരനും, വേലക്കാരനും ആണ്." ആ ചുമരിന്മേൽ തൂക്കിയിട്ടിരുന്ന പഴയ ക്ലോ ക്കിൽ നോക്കിക്കൊണ്ടു ഷീല പറഞ്ഞു: "സമയം വളരെ വൈകി. ഒരു മണിക്കൂറിലധികമായി നാമിങ്ങിനെ സംസാരിച്ചുകൊണ്ടിരിക്കുന്നു.

"ഷീലെ, ഭവതിയുടെ താമസം എവിടെയാണ്?"

"അവിടെ .. .. .."മാക്കററിൽനിന്നും കുറച്ചകലെ യായി സ്ഥിതിചെയ്യുന്ന ഒരു ചെറിയ ബംഗ്ലാവിൻെറ നേരെ ചൂണ്ടിക്കൊണ്ട് ഷീല പറഞ്ഞു. "എൻെറ അച്ഛ ന് 'ദാസ്' എന്നാണ് പേര്. മരക്കച്ചവടമാണ്."

"ഷീലെ, നിങ്ങളൊക്കെ പരമസുഖമായി കഴിയുക യായിരിക്കും."

"നിങ്ങൾക്കെൻെറ അച്ഛനമ്മമാരെ അറിഞ്ഞുകൂടാ, അല്ലേ?" ഷീല ചിരിച്ചുകൊണ്ടു പറഞ്ഞു. "പണത്തേ ക്കാൾ വലുതല്ല, അവക്കു ജീവനുംകൂടെ."

"ഇനി എന്നാണ് കാണുക?" കിരൺ ചോദിച്ചു. "ഇനി കാണുവാൻ തരപ്പെടുകയില്ല." സ്വാഭാവികമായ കുസൃതിച്ചിരിയോടെ ഷീല പറഞ്ഞു. കിരൺൻെറ മുഖ ത്ത് സ്ഫുരിച്ചിരുന്ന നിരാശയെ മനസ്സിലാക്കി അവൾ ചോദിച്ചു. "നിങ്ങൾ എന്നെ കാണുവാൻ യഥാൎത്ഥമായും ആഗ്രഹിക്കുന്നുണ്ടോ?"

കിരൺ ഷീലയുടെ കൈകൾ ഗ്രഹിച്ചു. അവയെ മന്ദമായി ഞെരുക്കിക്കൊണ്ടദ്ദേഹം പറഞ്ഞു. "നാളെ .. ...ഇതേ സമയത്ത് .... ഇവിടെവെച്ച്... .."

"ശരി, അങ്ങിനെതന്നെ" എന്നു പറഞ്ഞുകൊണ്ട് ഷീല പോയി.

*　　　*　　　*　　　*

കിരൺ പതിവുപ്രകാരം തൻെറ സ്ഥാനത്ത്— ചായക്കടയിൽ—ഇരിപ്പുറപ്പിച്ചു. അദ്ദേഹത്തിൻെറ അന്ധകാരാവൃതമായ ജീവിതത്തിൽ ഒരു ദീപം കൊളുത്തപ്പെട്ടിട്ട് ഒരു വൎഷമായി. ഒരാഴ്ചയായി ഷീലയെ കാണാതിരുന്നതിനാൽ അദ്ദേഹം അമ്പരന്നു. ഇതിന്നുമുമ്പിങ്ങിനെ കാത്തു നില്ക്കേണ്ടിവന്നിട്ടില്ല!

കുറച്ചുകലെ ആ വൃദ്ധനായ അന്ധനുണ്ട് തൻെറ 'ഗീതാറും' മടിയിൽവെച്ചങ്ങനെ ഇരിക്കുന്നു. അവൻ കിരൺൻെറ അടുത്തുചെന്നിരുന്ന് യുദ്ധത്തെപ്പററിയും മററും ഓരോന്നു ചോദിച്ചു. അവസാനം ഒരു കടലാസ്സുകഷണം അദ്ദേഹത്തിൻെറ കയ്യിൽ കൊടുത്തുകൊണ്ടു പറഞ്ഞു: "ബാപ്പുജി, ഒരു ചെറിയ ആൺകുട്ടി ഇത് താങ്കൾക്ക് തരണമെന്ന്, പറഞ്ഞിട്ട് എന്നെ ഏല്പിച്ചതാണ്."

"ഷീലയുടെ അനുജനായിരിക്കും" കിരൺ ഊഹിച്ചു. അദ്ദേഹം ആ മങ്ങിയ വെളിച്ചത്തിൽ അതിൽ എഴുതിയതെന്താണെന്നു നോക്കി:—"എൻെറ അച്ഛൻ എല്ലാം അറിഞ്ഞു.....ഞാൻ നിസ്സഹായയാണ്."

തങ്ങളുടെ പ്രേമത്തിൻെറ പരിണാമം ഇങ്ങിനെ ആയിരിക്കുമെന്ന് ആ കാമിനീകാമുകന്മാർ വിചാരിച്ചിരുന്നില്ല. ഒരു ധനികനെ ഷീലയുടെ വരനായി ലഭിക്കുവാൻ ആവുന്നതും ശ്രമിച്ചുകൊണ്ടിരിക്കുകയായിരുന്നു മി. ദാസ്. കാശിന്ന് വിലമതിക്കാത്തവനാണ് കിരൺ എന്നു പരക്കെ ബോദ്ധ്യമായിരുന്നു.

തകൎന്ന ഹൃദയത്തോടെ കിരൺ പീടികയിൽനിന്നും ഇറങ്ങി നടന്നു. ഈ ജീവിതപരാജയത്തെക്കുറിച്ചു ചിന്തിക്കുവാൻപോലും അദ്ദേഹം അശക്തനായിരുന്നു. കുറച്ചു ദിവസങ്ങൾക്കുശേഷം അദ്ദേഹത്തിന്നൊരു ക്ഷണനക്കത്ത് കിട്ടി; ഷീലയുടെ വിവാഹാഘോഷത്തിൽ പങ്കെടുക്കുവാൻ. അതെ, ആ 'ആഘോഷ'ത്തിൽ പങ്കെടുക്കുവാൻ തന്നെ കിരൺ തീരുമാനിച്ചു. മാസങ്ങളോളം, ചോര നീരാക്കി പണിചെയ്തു് സമ്പാദിച്ച എഴുന്നൂറുരൂപ കൊടുത്ത് അദ്ദേഹം ഒരു സ്വൎണ്ണമാല വാങ്ങി.

വിവാഹദിവസം വൈകുന്നേരം കിരൺ ഷീലയുടെ വീട്ടിൽചെന്നു; തുടിക്കുന്ന ഹൃദയത്തോടെ. വിവാഹച്ചടങ്ങുകൾ രാവിലെതന്നെ കഴിഞ്ഞിരുന്നു. വധൂവരന്മാർ അപ്പോൾ ഉദ്യാനത്തിലിരിക്കുന്നുണ്ടായിരുന്നു. വധു താഴോട്ടുനോക്കി കരയുന്നുണ്ടെന്നു കിരൺ മനസ്സിലാക്കി. താൻ കൊണ്ടുവന്ന ഉപഹാരത്തെ അവരുടെ കാൽക്കൽവെച്ചിട്ട് അദ്ദേഹം ഒരു ഭാഗത്തേക്ക് ഒഴിഞ്ഞുനിന്നു. കിരൺ വന്നതു് ആരും ശ്രദ്ധിക്കുകകൂടി ചെയ്തില്ല. അദ്ദേഹത്തെ ആരും ഉപചരിച്ചില്ല. രാത്രിയോടുകൂടെ വധൂവരന്മാരെ

ഒരു മുറിയിലേക്കാനയിച്ചു. അതിന്റെ കവാടങ്ങൾ അടക്കപ്പെട്ടു.........

ഷീലക്കു കിട്ടിയ സമ്മാനങ്ങളെ ഓരോന്നായി പരിശോധിച്ചാനന്ദിക്കുകയായിരുന്നു, മി. ദാസ്. അങ്ങിനെ ആ മാലയും—കിരൺ സമ്മാനിച്ചതു്—അയാളുടെ കണ്ണിനെ മയക്കി. ആ മാലയുംകൊണ്ടു് അദ്ദേഹം കിരൺന്റെ അടുത്തുവന്നു ചോദിച്ചു: "ഇതു നല്ല സ്വർണ്ണംതന്നെയാണോ?" "അതെ. 700 രൂപ വിലവരുന്ന തനി സ്വർണ്ണക്കട്ടി" കിരൺ പറഞ്ഞു. "ഓ .....ഒന്നും കഴിച്ചില്ല. അല്ലേ! ശരി, ഇരിക്കു" എന്നു് താഴ്മയോടെ പറഞ്ഞതിന്നുശേഷം കുറെ ആഹാരസാധനങ്ങൾ കൊണ്ടുവരുന്നതിന്നു ഒരു കുട്ടിയെ അയച്ചു.

തന്റെ മുമ്പിൽ കൊണ്ടുവെച്ച യാതൊരു സാധനങ്ങളും തൊട്ടുനോക്കുകകൂടി ചെയ്യാതെ കിരൺ അങ്ങിനെ ഇരിക്കുകയായിരുന്നു. വധൂവരന്മാരെ ഇട്ടടച്ചിരുന്ന മുറിയിൽനിന്നും ഒരു ദീനരോദനം കേൾക്കപ്പെട്ടു. തുടന്നു്, അടച്ച വാതിൽ തള്ളിത്തുറന്നുകൊണ്ടു് വധു പുറത്തേക്കോടുന്നതു് കാണായി. എല്ലാടവും ബഹളമായി. "അയാൾക്കു് മഹാവ്യാധിയാണു്," എന്നു പറഞ്ഞുംകൊണ്ടു് ഷീല നിലത്തുവീണു. കിരൺ ഓടിച്ചെന്നു് അവളെ തന്റെ കൈയിൽ എടുത്തു. വരന്റെ ബന്ധുക്കൾ കിരൺന്റെനേരെ കയൎത്തു. കിരൺ അവരോടായി പറഞ്ഞു: "നിങ്ങൾ കൊലപാതകം ചെയ്യുകയാണു്; നിങ്ങളുടെ മകന്നു് സ്ഥാനമാനങ്ങൾ ലഭിക്കുവാനല്ല നിങ്ങളുടെ

ദുർമ്മോഹം ഈ സാധുബാലികയുടെ ജീവിതത്തെ നശിപ്പിക്കുവാനിടവരുത്തുമായിരുന്നു."

ദുർവൃത്തനായ ആ 'വര'ന്റെ സുഖക്കേടുകളോ, അയാൾക്ക് സമുദായത്തിൽ സ്ഥാനം കിട്ടേണമെന്നു കരുതി, ഒളിച്ചുവെച്ചതായിരുന്നു.

"വെറും കളവ്." വരന്റെ അമ്മ പറഞ്ഞു. "ആ പെൺകുട്ടി വെറുതെ തെററിദ്ധരിച്ചിരിക്കയാണ്."

"കളവല്ല." ഷീലയുടെ അച്ഛനെ നോക്കിക്കൊണ്ടു കിരൺ പറഞ്ഞു. "നിങ്ങൾ ഈ സാധുക്കുട്ടിയെ ഒരു രോഗിക്കു വിററു. നിങ്ങളുടെ ദുർമ്മോഹം ഇവളുടെ ജീവിതത്തെ നശിപ്പിച്ചു.

ജനങ്ങൾ മുഴുവൻ കിരണിനെനോക്കി കളിയാക്കി, "ആരാണിവൻ?" "അയാൾക്കെന്താണിതിൽ?" "അവനെ അടിച്ചോടിക്കുവിൻ". പലരും പലതും പറഞ്ഞുതുടങ്ങി. ചിലർ അദ്ദേഹത്തെ മുഷ്ടികൊണ്ടും വടികൊണ്ടും മർദ്ദിക്കുവാൻ തുടങ്ങി.

"ആകാശാക്രമണം". ഒരാൾ വിളിച്ചുപറഞ്ഞു. "ഇപ്പോൾ ബോംബുവർഷമുണ്ടാകും!" ഒരാൾ നിലവിളിച്ചു. ഓരോരുത്തരായി എല്ലാവരും ഓടിയൊളിച്ചു; കിരണും ഷീലയുമൊഴികെ.

കിരൺ ഷീലയേയും എടുത്ത് ആ പഴയ ചായക്കടയിൽക്കയറി. ഷീല ശാന്തയായി.

"കിരൺ!" ഷീല ചിരിച്ചുകൊണ്ടു പറഞ്ഞു. "നിങ്ങൾ വരുമെന്നെനിക്കറിയാമായിരുന്നു."

കിരൺ അവളെ ഗാഢമായി പുണൎന്നു: "നമുക്ക് രക്ഷനേടാം ഷീലെ!" അദ്ദേഹം പറഞ്ഞു.

"വേണ്ട," അവൾ നിഷേധിച്ചു. "നമുക്കിവിടെ ത്തന്നെ നില്ക്കാം." "ബോമ്പുകൾ വൎഷിക്കപ്പെട്ടുകയാണ്." "മരണം അനുഗ്രഹമാണ്." അവൾ പിറുപിറുത്തു. കുറച്ചുനേരം ഭയങ്കരമായ നിശ്ശബ്ദത അവിടെ നടമാടി. ചുററുപാടും അഗ്നിക്കിരയായിരിക്കയാണ്.

"ഷീലേ!"

"കിരൺ!" "ഞാൻ സ്വൎഗ്ഗീയസുഖം അനുഭവിക്കുന്നു." അവളും 'അതിൽ' പങ്കുകൊണ്ടു.

ചായക്കടയുടെ മുകളിൽ പറന്നുകൊണ്ടിരുന്ന വിമാനത്തിൽനിന്നും ഒരു ബോമ്പ് താഴോട്ടുവീണു. ചായക്കട വീണമൎന്നു ആ സാമാനങ്ങൾ നീക്കംചെയ്യപ്പെട്ടപ്പോൾ രണ്ടു ശവശരീരങ്ങൾ കാണപ്പെട്ടു—കൈകൾ ചേൎത്ത്, ദേഹങ്ങൾ ഉരുമ്മിക്കൊണ്ട്. അവരുടെ ചുണ്ടുകളിൽ ഒരു മന്ദഹാസം കളിയാടിയിരുന്നു. ആ രണ്ട് ആത്മാക്കളും 'ശാശ്വതമായ ശാന്തി'യെ പ്രാപിച്ചുകഴിഞ്ഞു.

*     *     *     *

# ക്യാമറയും പ്രതീക്ഷയും.

അടുപ്പിലെ തീ കെട്ടടങ്ങി. അതിൽനിന്നുമുള്ള അവസാനത്തെ ജ്വാലയെന്നോണം അജിത് ജനാലയുടെ സമീപത്തേക്കുനീങ്ങി. മൂടൽമഞ്ഞിന്റെ കരവലയത്തിൽ നിന്നും ലോകത്തിന്നു പൂർണ്ണസ്വാതന്ത്ര്യം കിട്ടിക്കഴി ഞ്ഞിരുന്നില്ല. വസന്തത്തിന്റെ മാദകമായ വിദ്യയാൽ ലോകം ഒരു സൌന്ദര്യദേവതയായി മാറിക്കഴിഞ്ഞിരുന്നു. എന്നാൽ അജിത്തിനെ ആകർഷിക്കുവാൻ അവയ്ക്കൊന്നി നും സാധിച്ചില്ല. ആ അടുപ്പിലെ കരിക്കട്ടകൾപോലെ തന്നെ അദ്ദേഹത്തിന്റെ അച്ഛനും അമ്മയും സഹോദ രീസഹോദരന്മാരുമൊക്കെ, എത്രയോ മുമ്പുതന്നെ മരി ച്ചുകഴിഞ്ഞതാണ്. അദ്ദേഹം ഏകനായിത്തന്നെ ജീവി തത്തിന്റെ ഇരുണ്ടവശങ്ങളെ അതിജീവിക്കണം.

അജിത് സ്വദേശം വിടുകയാണ്. സിംലയിൽ നിന്നും ബോമ്പായിലേക്ക് തന്റെ സാമാനങ്ങളൊക്കെ— തന്റെ ക്യാമറയും ഏതാനും ചില സാധനങ്ങളുമുള്ള ഒരു ചെറിയ പെട്ടി—തയ്യാറാക്കി നിലത്തുവെച്ചിട്ടുണ്ട്. തന്റെ സ്വത്തെല്ലാം വിററുകിട്ടിയതിൽ മിക്കവാറും കടം വീട്ടുവാനായിത്തന്നെ ചിലവഴിക്കേണ്ടിവന്നു. ഈ വിലപിടിച്ച ലോകത്തിൽ അദ്ദേഹത്തിന്റെ കയ്യിൽ അവശേഷിച്ചതു് 10 പത്തുറുപ്പിക നോട്ടുകളും ഏതാനും ചില്ലറ നാണയങ്ങളും മാത്രമായിരുന്നു.

തന്റെ പതിനാലാം പിറന്നാൾ ദിവസം അജി ത്തിന്നു് വലിയച്ഛനിൽനിന്നും ഒരു സമ്മാനം കിട്ടി—

ഒരു ബോക്സ്ക്യാമറ. ആ ക്യാമറയും കയ്യിലെടുത്ത് ഫോട്ടോ പിടിക്കുവാനായി എത്രയെങ്കിലും മണിക്കൂറുകൾ ചുററിത്തിരിയുക അദ്ദേഹത്തിൻെറ ഒരു പതിവുമാത്രമായിരുന്നു. അജിത്തിന്നു ക്യാമറയോടുള്ള പ്രതിപത്തി വർദ്ധിച്ചുകൊണ്ടിരുന്നു. അതോടെ വിദ്യാഭ്യാസം അനാകർഷകമായിത്തോന്നിത്തുടങ്ങി. അതിനാൽ അജിത്തിനെ അയാളുടെ അച്ഛൻ 'ഫോട്ടോഗ്രാഫി'യിൽ സാങ്കേതിക പരിശീലനം സമ്പാദിക്കുവാനയച്ചു. കുടുംബത്തിൻെറ കടം വർദ്ധിച്ചുകൊണ്ടുതന്നെ ഇരിക്കുവാനുള്ള ഒരുപാധി മാത്രമായിത്തീൎന്നു അജിത്തിൻെറ സാങ്കേതികവിദ്യാഭ്യാസം.

വാതിൽ തുറക്കുന്ന ശബ്ദംകേട്ട് അജിത്ത് ചിന്തയിൽ നിന്നുണൎന്നു. വേലക്കാരനായിരിക്കുമെന്നു വിചാരിച്ച് അജിത് ചെന്നുനോക്കിയപ്പോൾ കണ്ടതു് ആ പ്രദേശത്തെ ഡോക്ടരെയാണ്. 'ഫോട്ടോഗ്രാഫി' കഴിച്ചാൽ പിന്നെ ആ ഡോക്ടരും അദ്ദേഹത്തിൻെറ മകൾ ഗീതയുമാണ് അജിത്തിൻെറ ഏററവും വലിയ സുഹൃത്തുക്കൾ. ഗീത ആ യുവാവിനെ വേണ്ടപോലെ മനസ്സിലാക്കിയിട്ടുണ്ട്. അവർ തമ്മിൽ വിവാഹബന്ധത്തിലേപ്പെടണമെന്ന് മുമ്പുതന്നെ തീൎച്ചപ്പെടുത്തിക്കഴിഞ്ഞു. പക്ഷെ അജിത്തിൻെറ നില അതിന്നനുകൂലമായ വിധത്തിലായിത്തീരുവാൻവേണ്ടി അവർ കാത്തുനില്ക്കുകയാണ്.

"എല്ലാം തയാറായിക്കഴിഞ്ഞുവോ?" ഡോക്ടർ ചോദിച്ചു.

"തയാറായി." അജിത് പറഞ്ഞു.

"അജിത്, നീ നിൻെറ അമ്മാവനോട് വല്ല സഹായവും ആവശ്യപ്പെട്ടിരുന്നുവോ?"

"അമ്മാവനോടോ?" അജിത്ത് അത്ഭുതപ്പെട്ടുപോയി കുറച്ചുനേരത്തെ നിശ്ശബ്ദതയ്ക്കുശേഷം അജിത, തുടൻ്:– "ദാദാ, അതാ ആ മരത്തിന്മേലുള്ള തെഴുത്തുവരുന്ന ഇലകൾ കണ്ടില്ലേ?"

"കണ്ടു. അതുകൊണ്ടെന്താ?"

"ആ മരത്തിന്മേലുള്ള ഇലകളൊക്കെ മഞ്ഞുകാലത്ത്, ആ മരത്തടിയെ തനിയെ വിട്ടുംകൊണ്ടു കൊഴിഞ്ഞുപോയി. ആ കൊഴിഞ്ഞ ഇലകൾപോലെ തന്നെയാണ്, എന്നെ സംബന്ധിച്ചിടത്തോളം എൻെറ ബന്ധുക്കൾ."

"നീ ഗീതയ്ക്ക് എഴുതിയിരുന്നുവോ?" ആ വൃദ്ധൻ വിഷയം മാററി. ഗീത ബോമ്പെയിൽ അവളുടെ വലിയമ്മയുടെകൂടെ താമസിച്ചുകൊണ്ട് കോളേജിൽ പഠിക്കുകയായിരുന്നു. "എനിക്ക് ബോമ്പെയിൽ താമസത്തിന്നുള്ള ഏൎപ്പാടുകൾ ചെയ്യാൻവേണ്ടി ഗീതക്ക് 100ക. അയച്ചുകൊടുത്തിട്ടുണ്ട്. സുഹൃത്തുക്കളുടെ സഹായത്തോടെ അവൾ എനിക്കായി ഒരു ചെറിയ മുറി, ശരിപ്പെടുത്തിയിട്ടുണ്ട്. ഒരു കട്ടിൽ, ഒരു കസേര, ഒരു മേശ. ഇത്രയും സ്സാധനങ്ങൾ ശരിപ്പെടുത്തുവാൻ ഗീതക്ക് സാധിച്ചു."

"അവൾ നിനക്കുവേണ്ടി എന്തും ചെയ്യും. അവൾ നല്ല ..."

"ഉം....."അജിത് ഒരു കുസൃതിച്ചിരി ചിരിച്ചു.

അപ്പോഴേക്കും കൂലിക്കാരൻ മടങ്ങിയെത്തി. അജിത് ഡോക്ടരോട് യാത്രചോദിച്ചു സ്റ്റേഷനിലേക്കു പുറപ്പെട്ടു.

വണ്ടി ദാദർസ്റ്റേഷനിലെത്തിയപ്പോൾ അജിത് തല പുറത്തിട്ട് പ്ലാററുഫോറത്തിലങ്ങോളമിങ്ങോളം കണ്ണോടിച്ചു. അയാളെ കാത്തുനില്ക്കുന്ന ഗീതയെ കണ്ടുപിടിക്കുവാൻ അജിതിന്ന് അധികസമയം വേണ്ടിവന്നില്ല. അവളറിയാതെതന്നെ അയാൾ വണ്ടിയിൽനിന്നിറങ്ങി ഗീതയുടെ പിന്നിൽക്കൂടെചെന്ന് അവളുടെ കണ്ണുകൾ പൊത്തി.

"അജിത്" ഗീത അത്ഭുതത്തോടെ പറഞ്ഞുപോയി. അജിത് ഗീതയുടെ കൈപിടിച്ച് അവളെ കേശാദിപാദം ഒന്നു നോക്കി. അവരെത്തന്നെ നോക്കിക്കൊണ്ടിരുന്ന ജനക്കൂട്ടത്തെപ്പററി അയാളൊപ്പവും ഓർത്തില്ല. അയാൾ ഗീതയുടെ അടുത്താണ്; അവളെപ്പററി മാത്രമെ അയാൾക്ക് ചിന്തിക്കേണ്ടതുണ്ടായിരുന്നുള്ളു.

"അച്ഛനെങ്ങിനെയിരിക്കുന്നു?" ഗീത അന്വേഷിച്ചു. "പരമസുഖംതന്നെ. ആ വൃദ്ധൻ എപ്പോഴും തൻെറ ഓമനമകളെപ്പററി സ്തുതിഗീതങ്ങൾ പാടിക്കൊണ്ടിരിക്കയാണ്."

"ശരി, ഗീതാ, ....."അജിത് തുടന്നു.

"എന്താ?"

"തപാൽചാർജ്ജ് ലഭിക്കാനായി അച്ഛൻ ഒരെഴുത്തുണ്ട് നിനക്കു തരാനായി എന്നെ ഏല്പിച്ചിട്ട്. അതു് പെട്ടിയിലുണ്ട്."

"ശരി. നമുക്കു വേഗം പോവുക. നിങ്ങൾക്കുവേണ്ടി ഞാൻ ഒന്നാന്തരം ഊണു തയ്യാറാക്കിയിട്ടുണ്ട്.

* * * *

ബോമ്പെയിലെ സ്റ്റുഡിയോകൾ കയറിയിറങ്ങി അജിതിന്റെ ചെരിപ്പുകൾ തേഞ്ഞു. പക്ഷെ കാര്യമൊന്നും ഉണ്ടായില്ല. പല ദിക്കിലും അയാൾക്ക് പ്രവേശനം കൂടെ നിഷേധിക്കപ്പെട്ടു. അയാളുടെ കയ്യിൽ കുറച്ച് അണകൾമാത്രം ബാക്കിയായി. പണമെന്നതുപോലെ അയാളിലുള്ള പ്രസന്നതയും അപ്രത്യക്ഷമായ് ക്കൊണ്ടു തന്നെയിരുന്നു. വളരെ ബുദ്ധിമുട്ടിയതിന്നുശേഷം ഒരു ഡയരക്ടർ അയാളെ 'അസിസ്റ്റണ്ട് ക്യാമറമേൻ' ആയി നിശ്ചയിച്ചു.

ചൂടുള്ള ചായയുടെ സഹായത്തോടെ രാത്രിയും പകലും വിശ്രമമില്ലാതെ അയാൾ സ്റ്റുഡിയോവിൽ ജോലി ചെയ്തുകൊണ്ടിരുന്നു. അയാൾ കണക്കില്ലാതെ സിഗററ്റ് വലിക്കാനും തുടങ്ങി. അങ്ങിനെ നരകതുല്യമായ രണ്ട് മാസങ്ങൾ കടന്നുപോയി. പക്ഷെ അജിത്തിന്ന് ശമ്പളമൊന്നും കിട്ടിയില്ല. ആ കലാകാരനെ ചൂഷണം ചെയ്യുക മാത്രമായിരുന്നു സ്റ്റുഡിയോക്കാരുടെ ഉദ്ദേശം.

അജിത്തിന്റെ വസ്ത്രങ്ങളൊക്കെ കീറിത്തുടങ്ങി. തലമുടി വെട്ടിക്കുവാൻകൂടെ അയാൾക്കു സാധിച്ചില്ല. നിരാശയോടെ അയാൾ തന്റെ ശമ്പളത്തിന്നാവശ്യപ്പെട്ടു. അവർ ഒരു ചെറിയ സംഖ്യ—പിച്ചക്കാർക്കെന്നപോലെ—കൊടുത്ത് അയാളെ പറഞ്ഞയച്ചു. ഒരു സന്ധ്യക്കാണ് അയാൾ സ്റ്റുഡിയോവിനോടു യാത്ര പറഞ്ഞത്.

തൻെറ ഏററവും വിലപിടിച്ച സുഹൃത്തായ 'സിഗരറേറാ'ട്ടുകൂടെ അയാൾ നടന്നു. കഴിഞ്ഞ ചില ആഴ്ചകളായി അയാളെ വിടാതെ പിൻതുടന്ന 'കുര'യുടെ പിടി മുറുകി; അയാൾ വിശ്രമമന്വേഷിച്ചു നടന്നു; വേദനിക്കുന്ന ഹൃദയത്തോടെ.

ഒരു വഴിത്തിരിവിലുള്ള പീടികയുടെ മുമ്പിലെത്തിയപ്പോൾ, ആ പീടികയിൽ തൂങ്ങിക്കിടക്കുന്ന ഒരു നല്ല ക്യാമറ അജിത്തിൻെറ കണ്ണുകളെ അങ്ങോട്ടാകഷിച്ചു. അതൊരു സഹായവില്പനയാണെന്ന് അയാൾ ഒരു ചെറിയ കുറിപ്പിൽനിന്നു മനസ്സിലാക്കി. ആ ക്യാമറയാൽ അജിത് വല്ലാതെ ആകഷിക്കപ്പെട്ടു. എങ്ങിനെയും, അതു വാങ്ങണമെന്ന് ആയാൾ ആഗ്രഹിച്ചു.

"വളരെ സഹായം" അയാൾ തന്നത്താൻ പറഞ്ഞുപോയി. അവിചാരിതമായി അയാളുടെ കണ്ണുകൾ തൻെറ ഇടത്തെ കയ്യിലെ മോതിരത്തിന്മേൽ വീണു. പക്ഷെ അയാൾ ഉടൻ തല തിരിച്ചുകളഞ്ഞു. അതു ഗീതയുടെ സമ്മാനമാണ്. അവൾക്കയാളോടുള്ള സ്നേഹത്തിൻേറയും വിശ്വാസത്തിൻേറയും ലക്ഷ്യണം.

അജിത്ത് നടന്നു. പക്ഷെ കുറച്ചുദൂരം നടന്നശേഷം അയാൾ മടങ്ങി. ആ ക്യാമറയെ വിട്ടുപോവുക അയാൾക്ക് സാദ്ധ്യമായിരുന്നില്ല. ഈ മോതിരം പണയം വെക്കുക! പക്ഷെ ഗീത എന്തുവിചാരിക്കും? ഇല്ല, പണം കിട്ടുമ്പോൾ മോതിരം തിരിച്ചെടുക്കാം. അവളെ എങ്ങിനെയും സമാധാനിപ്പിക്കാം. അങ്ങിനെ ചിന്തിച്ചുകൊണ്ടു

അജിത് മോതിരം പണയംവച്ച് ക്യാമറ വാങ്ങി. അയാളിലുള്ള 'ഫോട്ടോഗ്രാഫർ' അയാളിലുള്ള 'കാമുക'നെ ജയിച്ചു!

രാവിലെ ഗീത അജിത്തിൻെറ മുറിയിൽ വന്നു. അവൾ ഇടയ്ക്കിടെ അവിടെ വന്നുകൊണ്ടിരിക്കാറുണ്ട്, അയാളുടെ ഇരുണ്ട ജീവിതത്തിൽ വെളിച്ചം വീശാൻ. അദ്ദേഹത്തിൻെറ എല്ലാ കാര്യങ്ങളിലും അവൾ ശ്രദ്ധിക്കാറുണ്ട്. ഒഴിവുള്ളപ്പോഴൊക്കെ അയാളെ ഹോട്ടലിൽ കൂട്ടിക്കൊണ്ടുപോവുകകൂടെ പതിവാണ്.

"ഇന്ന് ഒഴിവാണോ?" ഗീത ചോദിച്ചു.

"അല്ല; ഞാനാപ്രവൃത്തി ഉപേക്ഷിച്ചു."

"വളരെ നല്ലത്." ഗീത അത്ഭുതത്തോടെ പറഞ്ഞു. "നിങ്ങൾക്ക് ഒരു ക്ലാക്കായി ജോലിചെയ്തുകൂടെ? അമ്മാമൻ വിചാരിച്ചാൽ ഒരു ക്ലാക്കിൻെറ ജോലി വാങ്ങിത്തരാൻ കഴിയും."

"വേണ്ട, ഗീതാ, എനിക്ക് ഈ 'ലൈൻ' വിടാൻ സാദ്ധ്യമല്ല." ഇതു ഗീതയെ ശുണ്ഠിപിടിപ്പിച്ചു.

-"പിന്നെ നിങ്ങളെന്തുചെയ്യും? എന്നും ഇങ്ങിനെ വെറുതെ ഇരിക്കുവാൻ പററുകയില്ലല്ലോ."

"ഒരാഴ്ചക്കകം എനിക്കൊരുദ്യോഗം തരാമെന്ന് ഒരു ചിത്രനിർമ്മാതാവ് പറഞ്ഞിട്ടുണ്ട്. അയാൾ എന്നെ 'സയിൻ കേമറാമേൻ' ആയി നിശ്ചയിച്ചുകഴിഞ്ഞു."

"നിങ്ങളൊരു വല്ലാത്ത 'കുട്ടി'തന്നെ." മേശയുടെ അടുത്തേക്കു നീങ്ങിക്കൊണ്ടു അവൾ പറഞ്ഞു. "അവർ നിങ്ങളെ ചതിക്കും."

"എല്ലാവരും ചതിയന്മാരല്ല" അജിത് പറഞ്ഞു. "ഗീതാ നീ ഒന്നാലോചിച്ചുനോക്കു്. ഒരു 'പക്കാ'ക്യാമറയുമായി ഞാനങ്ങിനെ പടം പിടിക്കുക!" അയാൾ തുടൻ്നു: "ഞാനാപ്രവൃത്തി വളരെ ഇഷ്ടപ്പെടുന്നു. ഞാനതിൽ വിജയിക്കുകയും ചെയ്യും."

മേശമേൽ ഒളിച്ചുവെച്ചിരുന്ന ക്യാമറ ഗീതയുടെ കണ്ണിൽപ്പെട്ടു. അവളതു് കയ്യിലെടുത്തു.

"നിങ്ങൾക്കു് ശമ്പളം കിട്ടിയോ?" ഗീത ചോദിച്ചു.

"ഇല്ല." അയാൾ മറുപടി പറഞ്ഞു.

"ഇതെവിടന്നു് കിട്ടി?"

"ഞാനതു് വാങ്ങിയതാണു്" സങ്കോചത്തോടെ അജിത് പറഞ്ഞു.

"അതിന്നുള്ള പണം എവിടെനിന്നു കിട്ടി?"

അജിത് തലകുനിച്ചു മിണ്ടാതിരുന്നു. പെട്ടെന്നു് ഒരു ഭയംകൊണ്ടു ഗീത സ്തംഭിച്ചുപോയി അവൾ അജിത്തിൻെറ കൈ പിടിച്ചുനോക്കി. ആ മോതിരം തിരോധാനം ചെയ്തതായിക്കണ്ടു. അവൾ കൊടുത്തതായ ആ 'സൌഹൃദമുദ്ര' ഒരു വെറും ക്യാമറക്കുവേണ്ടി കൈമാറിക്കഴിഞ്ഞിരുന്നു. ഗീത പൊട്ടിക്കരഞ്ഞുപോയി.

"ഗീതേ, ആശ്വസിക്കൂ. ഞാനതു് തിരിച്ചുവാങ്ങാതിരിക്കുകയില്ല." അജിത് പറഞ്ഞു.

"വേണ്ട! വേണ്ട!" അടക്കാനാവാത്ത വ്യസനത്തോടെ തേങ്ങിത്തേങ്ങിക്കരഞ്ഞുകൊണ്ടവൾ പറഞ്ഞു.

"നിങ്ങളെന്തിനതു് ചെയ്തു? ഞാൻ മരിക്കുന്നതായിരുന്നു അതിലും ഭേദം."

അജിത് അവളെ ആശ്വസിപ്പിക്കുവാൻ ശ്രമിച്ചു. പക്ഷെ ഫലമുണ്ടായില്ല. നീരസത്തോടെ ഗീത അവിടെ നിന്നും പോയ്ക്കളഞ്ഞു.

അജിത്തിന്നു ദുഃഖം സഹിക്കാൻ കഴിഞ്ഞില്ല. അയാം അയാളുടെ ഗീതയെ ദുഃഖിപ്പിച്ചു. തുടർന്ന് മൂന്നു ദിവസത്തേക്ക് ഗീത അവിടെ വന്നതേയില്ല; അയാം അവളെ കാണുവാൻ തീരുമാനിച്ചു ഗീതയുടെ അമ്മാമൻെറ വീട്ടിൻെറ മുമ്പിലുള്ള വിളക്കുകാലിന്നടുത്ത് അജിത്ത്, കോളേജിൽനിന്നും ഗീത മടങ്ങുന്നതും കാത്തുനിന്നു. ശക്തിയായ മഴ പെയ്യുന്നുണ്ടായിരുന്നുവെങ്കിലും, അയാളതു വകവെച്ചില്ല. അവസാനം ആ മഴയത്ത് ഒരു സ്ത്രീരൂപം തനിയ്ക്കഭിമുഖമായി നീങ്ങുന്നത് അയാം കണ്ടു. അത് ഗീതതന്നെയായിരുന്നു. അയാം അവളെ വിളിച്ചു. "ഗീതാ."

"നിങ്ങളാണോ?" ഗീത അത്ഭുതത്തോടെ ചോദിച്ചു.

"അതെ." അജിത്തിൻെറ കണ്ണിൽനിന്നും രണ്ടിററു കണ്ണീർ അയാളുടെ നനഞ്ഞ മുഖത്തുവീണു. പക്ഷെ അതു തിരിച്ചറിയുവാൻ ഗീതയ്ക്ക് കഴിഞ്ഞു. അവളുടെ അജിത്തിൻെറ കണ്ണിൽനിന്ന് വീഴുന്നതു് കടലിലായാൽ കൂടിയും അവൾക്കത് തിരിച്ചറിയാൻ സാധിക്കും.

ഒരു കാറ് വാടകക്കെടുത്ത് ഗീത അജിത്തിനോടൊപ്പം അയാളുടെ താമസസ്ഥലത്തേക്കുചെന്നു.

"വിഡ്ഢിത്തം തന്നെ." അജിത്തിൻെറ മുറിയിലെത്തിയ ഗീത പറഞ്ഞു. "നിങ്ങളെ ഒരു ഡോക്ടരുടെ അടുത്തേക്കു കൂട്ടിക്കൊണ്ടുപോകാമെന്നുവെച്ചാൽ നിങ്ങളതിന്നു

സമ്മതിക്കുകയില്ല. തടിയെപ്പററി അല്പം ശ്രദ്ധിക്കുകയെങ്കിലും വേണ്ടേ?" തുടൎന്നുകൊണ്ടവൾ പറഞ്ഞു: ഞാനെവിടെയാണ് പോയ്ക്കളഞ്ഞതെന്ന് അമ്മായി ഭയപ്പെട്ടുണ്ടായിരിക്കും. നിങ്ങൾ വ്യസനിക്കേണ്ട. വേഗം ഉടുപ്പൊക്കെ മാററി ആശ്വാസത്തോടെ ഇരിക്കൂ. എനിക്കു വൈകുന്നു." ഗീത അവളുടെ വീട്ടിലേക്കുപോയി.

അടുത്ത ദിവസം അജിത് ചിത്രനിൎമ്മാതാവിനെ (Producer) കണ്ടു് കരാറിൽ ഒപ്പിട്ടു. അയാൾ ആനന്ദത്തിൽ മതിമറന്നുപോയി. സന്തോഷാശ്രുക്കളോടുകൂടെയാണ് അജിത് ആദ്യമായി ആ സൈൻക്യാമറയുടെ മുമ്പിൽ നിന്നതു്. അന്നു തുടങ്ങി അയാൾ വിശ്രമത്തിനാഗ്രഹിക്കുകകൂടി ചെയ്യാതെ അദ്ധ്വാനിക്കാൻ തുടങ്ങി. ലോകത്തെ മറന്ന് അയാളുടെ ശ്രദ്ധ മുഴുവൻ ക്യാമറയിൽത്തന്നെ കേന്ദ്രീകരിക്കപ്പെട്ടു. അജിത്തിൻെറ സ്വഭാവഗുണം അയാളുടെ കീഴുദ്യോഗസ്ഥന്മാരെ തൃപ്തിപ്പെടുത്തി. അവർ അദ്ദേഹത്തെ അതിർകവിഞ്ഞു സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്തു.

പെട്ടെന്നാണ് ഒരു ദിവസം വൈകുന്നേരം ചിത്രത്തിൻെറ പണി പൂൎത്തിയായെന്ന് അജിത് അറിഞ്ഞതു്. അന്നേക്ക് ചിത്രം ശരിയായി. നിൎമ്മാതാവ് അജിത്തിനെ അഭിനന്ദിച്ചു. അയാളോട് നന്ദികാണിക്കാൻ ഒരു വിരുന്നേൎപ്പെടുത്തുകയും ചെയ്തു.

"ഈ ഫോട്ടോഗ്രാഫർ അതുല്യനായ കലാകാരനാണ്." സംവിധായകൻ അഭിപ്രായപ്പെട്ടു. മറെറല്ലാവരും അവരുടെ അഭിനന്ദനങ്ങൾ അയാളെ അറിയിച്ചു. ഒരു

പുഞ്ചിരി മാത്രമായിരുന്നു, എല്ലാററിന്നും അജിത് നൽകിയ മറുപടി. അയാളുടെ ഹൃദയം വികാരംകൊണ്ടു വിജ്റുംഭിച്ചിരുന്നു; അതിനാൽ വാക്കുകൾ പുറത്തുവന്നില്ല. നിർമ്മാതാവു് അയാൾക്കു് ആയിരം രൂപകൊടുത്തു. ബാക്കിസംഖ്യ അടുത്തദിവസം കൊടുക്കാമെന്നു ഉറപ്പു കൊടുത്തു. ഇന്നലത്തെ തെണ്ടി ഇന്നത്തെ ധനവാൻ!

* * * *

അടുത്ത പ്രഭാതത്തിൽ അജിത്തിൻെറ മുറി സന്ദർശിച്ച ഗീത നിലവിളിച്ചുപോയി. ആ ചെറിയ കട്ടിലിൽ ഒരു കൈ നിലത്തേക്കു തൂക്കിയിട്ടുകൊണ്ടു് അജിത് ചലനമില്ലാതെ കിടക്കുന്നുണ്ടായിരുന്നു. വായിൽനിന്നും രക്തം ഒലിക്കുന്നുണ്ടായിരുന്നു. മാറിൽ വിശ്രമിക്കുകയായിരുന്ന മറെറകൈയിൽ 'ഗീതയുടെ മോതിരം' മിന്നിത്തിളങ്ങുന്നുണ്ടായിരുന്നു.

'കല'യുടെ കാൽക്കൽ മറെറാരു ജീവൻകൂടെ അർപ്പിക്കപ്പെട്ടുകഴിഞ്ഞിരുന്നു.

* * * *

# "കിസ്മത്ത്"

പരിഷ്ക്കാരത്തിൻെറ വെളിച്ചം തട്ടിയിട്ടില്ലാത്ത, സ്വേച്ഛാധിപത്യത്തിന്നൊരു മകുടോദാഹരണമായ നേപ്പാളിലെ പാവപ്പെട്ട ഒരു കൃഷകകുടുംബത്തിലാണ് സീത ജനിച്ചത്. വൃദ്ധരായ മാതാപിതാക്കളുടെ പ്രതീക്ഷയെ അവഗണിച്ചുകൊണ്ടാണ് അവളുടെ ജനനം. ആ വൃദ്ധ ദമ്പതികളുടെ ഏഴാമത്തെ പെൺകുട്ടിയായ സീതയാണ് ഏററവും ഇളയവൾ.

താൻ ഒരു കുട്ടിയെക്കൂടി പ്രസവിച്ചുവെന്നറിഞ്ഞപ്പോൾ ആ വൃദ്ധമാതാവു വിചാരിച്ചു, അതൊരു ജീവനില്ലാത്ത മാംസപിണ്ഡമായിരിക്കുമെന്ന്. ആ ദരിദ്രകുടുംബം എങ്ങിനെ ഇത്രയധികം പേരെ തീററിപ്പോററും!

ജീവനുള്ള ഒരു കുട്ടിയെത്തന്നെയാണ് പ്രസവിച്ചതെന്ന് ആ വൃദ്ധ അറിഞ്ഞപ്പോൾ അവളാഗ്രഹിച്ചു അതൊരാൺകുഞ്ഞായിരിക്കട്ടെയെന്ന്. അതെ, ഒരാൺകുട്ടിക്ക് പലവിധത്തിലും അവൻെറ മാതാപിതാക്കളെ സഹായിക്കാൻ കഴിയും. പക്ഷെ അപ്പോഴേക്കും ഓടി എത്തിയ അവളുടെ മൂത്തമകൾ പറഞ്ഞു:

"അമ്മേ, നോക്കു, എൻെറ കൊച്ചനുജത്തിയെ ഒന്നു നോക്കൂ അമ്മേ."

മൺചുമരിന്നുനേരെ തിരിഞ്ഞുകിടന്നുകൊണ്ട് നിരാശയോടെ ആ വൃദ്ധ പറഞ്ഞു. "അതും എൻെറ 'ഭാഗ്യം' തന്നെ!"

കേവലം ഒരു സാധാരണ പെൺകുട്ടിയായിരുന്നില്ല, സീത. യഥാൎത്ഥമായും അവൾ സുന്ദരിയായിരുന്നു. വിടൎന്നു വരുന്ന പനിനീർപ്പുഷ്പത്തിന്റെ ആകൎഷകതയുണ്ട് അവളുടെ മുഖത്തിന്നു്.

വൃത്തികെട്ട ആ കൊച്ചുകുടിലിൽ ഒരു വനകുസുമമെന്നോണം, സീത വളൎന്നുവന്നു. ചിലപ്പോൾ വൃദ്ധമാതാവിന്റെ പിന്നാലെ നടന്നുപോകുന്ന ആ കൊച്ചുസീതയെ കാണുമ്പോൾ ചിലർ ആ വൃദ്ധയോടു ചോദിക്കും, "നിങ്ങൾ മകൾക്ക് എന്താണ് ആഹാരം കൊടുക്കാറ്" എന്നു്. ആ വൃദ്ധ പറയും "പാലും തേനും മാത്രമേ കൊടുക്കാറുള്ളൂ" എന്നു്. യഥാൎത്ഥത്തിൽ സീതയ്ക്കു് പാലിൻേറയോ തേനിൻേറയോ രുചി നോക്കുവാൻകൂടി അന്നുവരേയ്ക്കും സാധിച്ചിരിയ്ക്കുയില്ല!

അങ്ങിനെ എട്ടുകൊല്ലം കഴിഞ്ഞു. ഒരുദിവസം കുട്ടികളുടെ ഒന്നിച്ചു കളിച്ചുകൊണ്ടിരിക്കെ, സീത നടന്നു നടന്നു രാജകീയകൊട്ടാരത്തിന്റെ അടുത്തെത്തി അംബരചുംബിയായ ആ കൊട്ടാരത്തെ നോക്കി, സീത അത്ഭുതംകൊണ്ടു് പകച്ചു നിന്നുപോയി. അകത്തു കളിച്ചുകൊണ്ടിരിക്കുന്ന കുട്ടികളുടെ ശബ്ദം സീതയെ അങ്ങോട്ടാകൎഷിച്ചു. അവൾ പ്രവേശനദ്വാരം എവിടെയെന്നു തിരക്കി. അവൾ ആ ഉയൎന്ന വൻമതിലുകൾക്ക് ചുറ്റും നടന്നു. ഒടുവിൽ വഴികണ്ടു. പക്ഷെ അവിടെ പാറാവുകാരൻ നില്ക്കുന്നുണ്ടായിരുന്നു. അവൻ ആ കൊച്ചുകുട്ടിയുടെനേരെ കണ്ണുരുട്ടി. സീത പേടിച്ചോടി. അവൾ ഒരു വിധത്തിൽ വീട്ടിലെത്തി.

അന്നു വൈകുന്നേരം, പാടത്തിൽനിന്നും തിരിച്ചെത്തിയ അമ്മയോട്ട് അവാംക്ക് ഒരു നൂറ് ചോദ്യങ്ങൾ ചോദിക്കാനുണ്ടായിരുന്നു, അവൾകണ്ട രാജധാനിയെപ്പററി. "അമ്മേ, ആ വലിയ വീട്ടിൽ താമസിക്കുന്നതാരാണമ്മേ, പറയൂ" അവൾ തിരക്കി.

"മകളെ, അവരൊക്കെ ഭാഗ്യമുള്ളവരാണ്." അന്നവധി വീട്ടുജോലികൾ ചെയ്തുതീക്കുവാനുണ്ടായിരുന്ന ആ വൃദ്ധമാതാവ് ഒഴിഞ്ഞുമാറി.

വൈകുന്നേരം വൃദ്ധൻ വന്നു. പതിവിലധികം അയാൾ അന്ന് കുടിച്ചിരുന്നതിനാൽ, പ്രജ്ഞ കുറവായിരുന്നു. അയാൾ വായിൽ തോന്നിയതൊക്കെ വിളിച്ചുപറയാൻ തുടങ്ങി. ഇത്രയേറെ ആളെ തനിക്കു തീററിപ്പോററാൻ സാദ്ധ്യമല്ലെന്നും, അതിന്നെന്തെങ്കിലും ഒരു വഴി കണ്ടുപിടിക്കണമെന്നും അയാൾ ആവശ്യപ്പെട്ടു. അന്ന് അതു പറയുവാൻ വേറൊരു കാരണവുംകൂടെയുണ്ട്. ആ പ്രാവശ്യത്തെ വിള മഹാമോശമായിരുന്നു. വളരെ കുറച്ചേ ധാന്യങ്ങളുണ്ടായിരുന്നുള്ളു എന്നാലും ജന്മിക്കു കൊടുക്കേണ്ടതു് കൊടുക്കാതിരിക്കാനും നിവൃത്തിയില്ലല്ലോ.

"എന്താണ് ചെയ്യേണ്ടതെന്നു നാളെ ആലോചിച്ചു തീരുമാനിക്കാം." ആ വൃദ്ധ അയാളെ ആശ്വസിപ്പിച്ചു.

"നമ്മുടെ നില ദിവസംതോറും മോശമായിവരികയാണ്. ഒരു നല്ല ദിവസത്തെപ്പററി പ്രതീക്ഷിക്കാൻകൂടെ നമുക്കവകാശമില്ല" ആ വൃദ്ധൻ പറഞ്ഞു.

രാത്രി. സമയം വളരെ വൈകിക്കാണും. വൃദ്ധൻ ഒരു മൂലയ്ക്ക് ഉറങ്ങുവാൻ കിടന്നു. അയാളുടെ ഭാര്യ അയാളുടെ

കാൽക്കൽതന്നെ ഇരിക്കുകയായിരുന്നു. വാതിലിൽ ആരോ മുട്ടുന്നതുകേട്ടു. വൃദ്ധന്ന് ദ്വേഷ്യംവന്നു. അയാളുടെ ഭാൎയ്യ വാതിലിന്നടുത്തേക്കുചെന്നു. "ആരാണതു്? പോക്കു അലോസരപ്പെടുത്താതെ" അദ്ദേഹം അലറി.

എന്നാൽ പുറത്തുനിന്നും ആ പുരുഷസ്വരം അയാളുടെ കാതുകളിൽ വന്നലച്ചു.

"രാജധാനിയിൽനിന്നു- വന്ന 'ഹവീൽദാരാ'ണ് ഞാൻ. വേഗം വാതിൽ തുറക്കൂ."

ആ അപരിചിതൻ അകത്തേക്കു കടന്നു. മണ്ണെണ്ണ വിളക്കിൻെറ മങ്ങിയ വെളിച്ചത്തിൽ അവരിരുവരും കുറച്ചുനേരം സംസാരിച്ചുകൊണ്ടിരുന്നു. അപരിചിതൻ ഒരു കെട്ടു നോട്ടുകളെടുത്തു് ആ വൃദ്ധൻെറ കയ്യിൽ കൊടുത്തു. അഞ്ചുമിനിട്ടു വേണ്ടിവന്നില്ല. സീത വില്ക്കപ്പെട്ടു! അവളെ രാജധാനിയിലേക്കു കൂട്ടിക്കൊണ്ടുപോയി.

സീതക്ക് അധികകാലം വേണ്ടിവന്നില്ല, അവളുടെ ഭൂതകാലചരിത്രത്തെ മറക്കുവാൻ അല്ലെങ്കിൽ, അവളുടെ മാതാപിതാക്കളുടെ കൊച്ചുകുടിലിൽ അവിസ്മരണീയമായ എന്തുണ്ടു്? അവളുടെ ജീവിതത്തെ ആഡംബരപൂൎണ്ണവും സുഖപ്രദവുമാക്കുവാൻ ആ കൊട്ടാരത്തിന്നു കഴിഞ്ഞു. അവൾക്ക് അന്നുവരെ കണ്ടിട്ടില്ലാത്ത പല നല്ല സാധനങ്ങളും ഇഷ്ടംപോലെ കിട്ടിത്തുടങ്ങി. ഒരു പൂമ്പാററയെപോലെ അവൾ പകൽ മുഴുവൻ തോട്ടത്തിൽ ഓടി നടന്നുകളിക്കും. രാജധാനിയിലുള്ള പെൺകുട്ടികളിൽ ഏററവുമധികം സൌന്ദൎയ്യം സീതയ്ക്കാണ്. അതുകൊണ്ടു് എപ്പോഴും നല്ല സാധനങ്ങളൊക്കെ അവൾ

ക്കാണ് കിട്ടാറ്. അവൾ എല്ലാവരുടേയും പ്രത്യേക സ്നേഹത്തിന്നു പാത്രമായി.

കൊട്ടാരത്തിൽ സീതയുടെ ഏററവും വലിയ സ്നേഹിതയായിരുന്നു വീണ. വീണയുടെ രക്ഷിതാക്കൾ ദരിദ്രരല്ല. അവർ, സുന്ദരിയായ വീണ ഒരു കാലത്തു് റാണിയായിത്തീരുമെന്ന പ്രതീക്ഷയോടെ അവളെ രാജധാനിയിലാക്കിയതാണ്. യഥാർത്ഥത്തിൽ വീണ സുന്ദരിതന്നെയായിരുന്നു. അവൾക്ക് സീതയേക്കാൾ അല്പം പ്രായം കൂടുകയും ചെയ്യും. സീതയും വീണയും എപ്പോഴും പിരിയാതെതന്നെയിരിക്കും. അവരുടെ ബന്ധം അതുല്യവും അഭേദ്യവുമായിരുന്നു. അവരിലാർക്കെങ്കിലും എന്തെങ്കിലും കിട്ടിയാൽ അവരതു പങ്കുവെക്കും. അവർ സകല രഹസ്യങ്ങളും അന്യോന്യം കൈമാറിക്കൊണ്ടിരുന്നു.

വീണയുടെ മാതാപിതാക്കന്മാർ പലപ്പോഴും അവളെ കാണാൻ വന്നുകൊണ്ടിരുന്നു. ചിലപ്പോഴൊക്കെ അവളെ കൊണ്ടുപോയി രണ്ടുദിവസം വീട്ടിൽ താമസിപ്പിക്കുകയും ചെയ്യാറുണ്ട്. വീണയുടെ അഭാവത്തിൽ സീതയ്ക്കു് വല്ലാത്ത ഒരേകാന്തത അനുഭവപ്പെട്ടു. അവളെ കാണുവാൻ ആരും വരാറില്ല. അവൾ അവിടെ വന്നതിൽ പിന്നെ അച്ഛനമ്മമാരെ കാണുകയോ പിറന്ന വീട്ടിൽ പോവുകയോ ചെയ്തില്ല. ഒരിക്കൽ വീണ, നാട്ടിലേക്കു പുറപ്പെട്ടപ്പോൾ തന്നേയും കൂട്ടണമെന്നു സീത അപേക്ഷിച്ചു. വീണ സീതയെ ഒപ്പം കൊണ്ടുപോവുകയും ചെയ്തു. വീട്ടിലുള്ളവർ സീതയെ കണ്ടപ്പോൾ അത്ഭുതപ്പെട്ടുപോയി. ഒരു പാവപ്പെട്ട പെണ്ണിന്ന് ഇത്രമേൽ

ആകർഷകത്വം! ആ കറുത്ത കരിമിഴികൾ, ചുരുണ്ടതും നിബിഡവുമായ തലമുടി, തിളങ്ങുന്ന മുഖം, ചുവന്ന ചുണ്ട് അതൊക്കെ നിറഞ്ഞ സൌന്ദര്യത്തിൻെറ ലക്ഷണങ്ങളായിരുന്നു. തങ്ങളുടെ പ്രതീക്ഷകൾ തകന്നപോലെ അവക്ക് തോന്നി. അതെ, വീണ റാണിയായിത്തീരുമെന്നു വിചാരിക്കാൻ വഴിയില്ല.

കൊല്ലങ്ങൾ പോയ്ക്കൊണ്ടിരുന്നു. സീതയും വീണയും തമ്മിലുള്ള സ്നേഹവും വദ്ധിച്ചുകൊണ്ടേയിരുന്നു. അങ്ങിനെ ആ ദിവസം വന്നുചേന്നു. രാജാവിനെ വിവാഹം ചെയ്യുന്നതിന്നുമുമ്പ് വധു താമസിക്കുന്ന പ്രത്യേകവിഭാഗത്തിലേക്ക് സീതയെ മാററിത്താമസിപ്പിച്ചു. അവൾ അപേക്ഷിച്ചു, വീണയേയും തൻെറ ഒപ്പം കൊണ്ടുവരാനനുവദിക്കേണമെന്ന്. അവളുടെ അപേക്ഷ അനുവദിക്കപ്പെട്ടു. സീതയുടെ പരിചാരികയെന്ന നിലയിൽ വീണയേയും സീതയുടെ അടുത്താക്കി. എന്നാൽ അവർ സ്നേഹിതകളായിത്തന്നെ വത്തിച്ചു ഒരു നിമിഷനേരത്തേക്കെങ്കിലും വീണയേക്കാൾ മേന്മ തനിക്കുണ്ടെന്നു വിചാരിക്കുവാൻ സീതയ്ക്കു കഴിഞ്ഞില്ല. സീതയുടെ ഭാഗ്യത്തിൽ വീണയ്ക്കു് അസൂയയുണ്ടായതുമില്ല. സീത പോകുന്നിടത്തൊക്കെ വീണയും അവളെ അനുഗമിക്കും.

വിധിവൈപരീത്യമെന്നു പറയട്ടെ, സീത രോഗത്തിൽ കിടപ്പായി അവൾ വസൂരിരോഗത്താൽ ആക്രമിക്കപ്പെട്ടു. രാത്രിയും പകലും അവളെ ശുശ്രൂഷിക്കുക മാത്രമായി വീണയുടെ ജോലി. സ്നേഹിതയുടെ ജീവനെ രക്ഷിക്കാൻ വീണ, അവളാൽ കഴിയുന്നതും ചെയ്തു. ഒട്ടു

വിൽ സീതയുടെ രോഗം മാറി. എന്നാൽ സൌന്ദയ്യത്തിൻെറ വാസസ്ഥലമായിരുന്ന അവളുടെ മുഖത്ത് കറുത്ത പുള്ളികൾ സ്ഥാനം പിടിച്ചു. മൃദുലകോമളമായിരുന്ന ദേഹവും പരുപരുത്തതായി മാറി. അവളുടെ കേശഭാരത്തിന്നുകൂടി ആകഷ്കതയില്ലാതായി. ഈ അവസരത്തിൽ അവളെ കാണുന്ന ആരും അവളൊരു സുന്ദരിയാണെന്നു സമ്മതിക്കുകയില്ല.

അങ്ങിനെ സീതയുടെ ഭാഗ്യം അസ്തമിച്ചപ്പോൾ, ഭാവിയിലെ മഹാറാണിയായി വീണ അംഗീകരിക്കപ്പെട്ടു. കുറച്ചുദിവസങ്ങൾക്കുള്ളിൽ വീണ റാണിയായി. വീണയുടെ പഴയ സ്ഥാനം സീതയ്ക്കു ലഭിക്കുകയും ചെയ്തു. എന്നാൽ അതൊന്നും അവരുടെ സ്നേഹബന്ധത്തെ ബാധിച്ചില്ല. സീത അവളുടെ നിർഭാഗ്യത്തെപ്പററി വ്യസനിച്ചില്ല. ഒരു മഹാറാണിയുടെ പ്രഭാവത്തെപ്പററിയും ആജ്ഞാശക്തിയെപ്പററിയും മററും മനസ്സിലാക്കുവാൻ മാത്രം അവൾക്കു പ്രായമായിരുന്നില്ല. അസൂയാർഹമായ തൻെറ ഭാഗ്യത്തെപ്പററി വീണ അഭിമാനിച്ചതുമില്ല. ആ രണ്ടു വ്യക്തികളുടെയും മദ്ധ്യത്തിൽ, മറെറാന്നിന്നും സ്ഥാനമുണ്ടായിരുന്നില്ല.

രാജകീയപരിണയത്തിന്നുശേഷം കുറെ ദിവസങ്ങൾ മധുവിധു ആഘോഷത്തിന്നായി ചിലവഴിക്കാൻ ആ നവദമ്പതികൾ തീരുമാനിച്ചു. അവരുടെ യാത്രയിൽ വീണയുടെ ഒരു ഭൃത്യയെന്ന നിലയിൽ സീതയും അവരെ അനുഗമിച്ചു.

നാട്ടിൻപുറങ്ങളിൽ സ്വതന്ത്രരായിക്കഴിയുന്ന സ്ത്രീപുരുഷന്മാരെക്കണ്ട് സീത അത്ഭുതപ്പെട്ടുപോയി അവരുടെ സ്വാതന്ത്ര്യം അവരെ അഭിമാനികളാക്കി. അവരുടെ സ്വാതന്ത്ര്യത്തിൻെറ രഹസ്യം എന്തെന്ന് അവൾ മനസ്സിലാക്കി. അവർ ജീവിതത്തിന്നുവേണ്ടി പൊരുതി. പഠിപ്പ് അവൎക്കതിന്നു ആഹ്വാനം നൽകി.

സീത പഠിക്കുവാൻതന്നെ തീരുമാനിച്ചു. സമ്മേളനങ്ങളിലും സല്ക്കാരങ്ങളിലും പങ്കെടുക്കുന്നതിന്നായി വീണ പുറത്തേക്കു പോകുന്ന അവസരങ്ങളിലൊക്കെ സീത പുസ്തകങ്ങളുമെടുത്തിരിക്കും. അവൾ എഴുതുവാനും വായിക്കുവാനും പഠിച്ചു. യക്ഷികഥകളാണ് അവളെ അധികമായി അത്ഭുതപ്പെടുത്തിയത്. ഒരു ദിവസം വീണ കണ്ണാടിക്കുമുമ്പിൽനിന്ന് യൂറോപ്യൻരീതിയിൽ വസ്ത്രധാരണം ചെയ്കയായിരുന്നു. സീത പറഞ്ഞു; "നൃത്തം കാണാൻ പോകുന്ന സിൻഡ്രെലയെയാണ് എനിക്ക് നിന്നെക്കാണുമ്പോൾ ഓൎമ്മവരുന്നത്".

"നിന്നെ പിന്തുടരുവാൻ നിനക്കും ഒരു രാജകുമാരനുണ്ട്. പക്ഷെ, തീൎച്ചയായും നിന്നെ സംബന്ധിച്ചേടത്തോളം നിനക്ക് ദുഷ്ടയായ ഒരു 'ചെറിയമ്മ'യോ 'ഏട്ടത്തിഅമ്മ'യോ ഇല്ല."

ഇതുകേട്ട രാജകുമാരൻകൂടെ ഒക്കാതെ ചിരിച്ചുപോയി. "ഒരുദിവസം നിനക്കും ഒരു രാജകുമാരനെ കിട്ടും." സഹതാപത്തോടെ വീണ പറഞ്ഞു.

വീണ പോയതോടെ സീത കണ്ണാടിയുടെ മുമ്പിൽ ച്ചെന്നു, തൻെറ പ്രതിരൂപം എങ്ങിനെയിരിക്കുന്നുവെന്നു

നോക്കി. അവളുടെ കണ്ണിൽനിന്നും ഇടമുറിയാതെ വെള്ളമൊഴുകി. അവൾ തന്നെത്താൻ പറഞ്ഞു. "സുമുഖനായ ഒരു രാജകുമാരനെ ഒരു വിധത്തിലും എനിക്കു കിട്ടുകയില്ല."

അന്നു രാത്രി അവൾ വായിച്ചില്ല. അതിന്നു മുൻപ് അവൾക്ക് അവാച്യമായ ആനന്ദം പ്രദാനം ചെയ്തുപോന്ന കഥകളുടെ മാന്ത്രികശക്തി നശിച്ചുപോയതായി അവൾക്കുതോന്നി. അതുവരെ അനുഭവപ്പെട്ടിട്ടില്ലാത്ത ഒരു ഹൃദയവേദന അവൾക്കു അനുഭവമായി.

വളരെനേരം അവൾ പായയിൽ തിരിഞ്ഞും മറിഞ്ഞും കിടന്നുകൊണ്ടിരുന്നു. കണ്ണുനീർ കവിൾത്തടങ്ങളിലൂടെ ഒഴുകിക്കൊണ്ടിരുന്നു. ഭയങ്കരമായ ഒരേകാന്തത അവൾക്കനുഭവപ്പെട്ടു വീണയുടേയും അവളുടെ ഭർത്താവിൻെറയും പൊട്ടിച്ചിരികൾ അവർ അടുത്ത മുറിയിൽ ഉണ്ടെന്നുള്ള വാസ്തവത്തെ സീതയെ ഓർമ്മിപ്പിച്ചു. അവൾ കണ്ണടച്ചുറങ്ങുകയാണെന്നു നടിച്ചു. വാതിൽ തുറന്നു വീണ അകത്തു പ്രവേശിച്ചു മേശമേൽനിന്നും ചില സാധനങ്ങളെടുത്തു മടങ്ങുമ്പോൾ സീത കിടന്നതിന്നരികെചെന്നു ചോദിച്ചു: "സീതെ, ഉറങ്ങുകയാണോ?"

സീത മറുപടിപറയുന്നതിന്നു മുമ്പായിത്തന്നെ വീണ അന്നുവൈകുന്നേരത്തെ അവളുടെ അനുഭവങ്ങളെക്കുറിച്ചു പറയാൻ തുടങ്ങി: "ഇന്നെന്തൊരു ദിവസമാണെന്നോ? എൻെറ ഉടുപ്പുകണ്ടു എല്ലാവരും അത്ഭുതപ്പെട്ടുപോയി. എൻെറ ആഭരണങ്ങളോടൊക്കെ മററുള്ളവക്ക് വല്ലാത്ത പ്രതിപത്തി തോന്നിപ്പോയി. ഈ ലോകത്തിൽവെച്ചേററവും വലിയ ധനിക ഞാനായിരിക്കുമെന്ന് അവരൊക്കെ

വിചാരിച്ചുപോയിട്ടുണ്ടായിരിക്കും; 'വാട്ടറി'ലെ രാജകുമാരൻ എൻെറ ഒന്നിച്ചാണ് ആദ്യമായി നൃത്തംചെയ്തത്. സീതേ, അതൊന്നോർത്തുനോക്കൂ!" അങ്ങിനെ അവൾ പറഞ്ഞുകൊണ്ടിരുന്നു. ആ ഇരുട്ടിൽ സീതയുടെ വിഷാദം നിറഞ്ഞ മുഖം കാണുവാൻ വീണക്കു കഴിഞ്ഞില്ല. അവസാനം, സഹിക്കാൻ സാധിക്കാതായപ്പോൾ ഇടറിയ സ്വരത്തിൽ സീത പറഞ്ഞു:

"ഇതൊക്കെ എൻെറതായിരിക്കുമായിരുന്നു, നിർഭാഗ്യം എൻെറ ജീവിതത്തെ നശിപ്പിച്ചിരുന്നില്ലെങ്കിൽ."

ആ വാക്കുകൾ അവരുടെ ഇടയിൽ ഒരു 'മിന്നൽപ്പിണർ' തന്നെയായിരുന്നു. രണ്ടുകൂട്ടരും പിന്നെ സംസാരിച്ചില്ല. വീണ ഒരടി പിന്നോട്ടുവെച്ചു. അന്നാദ്യമായി നിരപരാധിയും സാധുവുമായ സീത അസൂയാലുവാണെന്ന് വീണ തെററിദ്ധരിച്ചു. ഒരൊററ വാക്കുപോലും പറയാതെ വീണ മുറിവിട്ടുപോയി.

പിന്നാലെ ഓടിച്ചെന്ന് അവളുടെ കൈക്കു പിടിക്കുവാൻ സീത ആഗ്രഹിച്ചു. പക്ഷെ എന്തോ ഒന്ന് അവളെ തടുത്തു. സീത വല്ലാതെ തളർന്നിരുന്നു. കദനഭാരംകൊണ്ടു കനത്ത ഹൃദയത്തോടെ അവൾ നിദ്രക്കധീനയായി.

അടുത്ത പ്രഭാതം 'മറെറാരു ദിവസ'മാണ്. അവൾ കഴിഞ്ഞ രാത്രിയിലെ സംഭവത്തെപ്പററിത്തന്നെ ഓർത്തുകൊണ്ടിരിക്കയായിരുന്നു. അതെ സമയത്ത് ഒരു പോർട്ടർ വന്ന് ഒരു കുറിപ്പു സീതയുടെ കൈയിൽ കൊടുത്തു.

"നിന്നെ ഉദ്യോഗത്തിൽനിന്നു പിരിച്ചിരിക്കുന്നു.

വീണാകുമാരി,

നീപ്പാളിലെ റാണി."

കരയാതിരിക്കാൻ സീത വളരെ പണിപ്പെട്ടു. "ഇത്ര നാളും ഞാൻ ഇവിടത്തെ ഒരു ദാസിയായിരുന്നു—ഒരു വെറും ദാസി! വീണയുടെ സ്നേഹിതയായിരുന്നില്ല!" അവൾ വേഗത്തിൽ ഒരു തീരുമാനത്തിലെത്തി. തനിക്കുള്ള സാമാനങ്ങളൊക്കെക്കൂടി ഒരു കെട്ടാക്കി അവൾ നടന്നു. മരം കോച്ചുന്ന തണുപ്പിനെ വകവെക്കാതെ, നിർദ്ദയമായ, അപരിചിതമായ ലോകത്തിലേക്ക് അവൾ നടന്നു. അവൾ നീപ്പാളിലേക്ക് മടങ്ങി തൻെറ പഴയ കുടിലിൽ ചെന്നുനോക്കി. അവളുടെ ബന്ധുക്കളിൽ ആരുംതന്നെ ബാക്കിയുണ്ടായിരുന്നില്ല. അവൾ രാജധാനിയിലേക്കു മടങ്ങുവാനാഗ്രഹിച്ചില്ല!

ത്യാഗത്തിൻേറയും സേവനത്തിൻേറയും മൂർത്തിമത്ഭാവമായ ഒരു യതിവര്യൻെറ പാവനമായ ആശ്രമത്തിൽ സീത സമാധാനം കണ്ടെത്തി.